# വികടകേസരി

S. K. U.
21- 7-52



തിരു-കൊച്ചിയിലെ കാൺഗ്രസ്സ് ഗണപതി

ഒററപ്രതി 4 അണ

കനക ചിലങ്ക കിലുങ്ങിക്കിലുങ്ങി
കാഞ്ചനകാഞ്ചി കുലുങ്ങിക്കുലുങ്ങി
കടമിഴിക്കോണുകളിൽ സ്വപ്നം മയങ്ങി
കതിരുതീർപ്പൂപ്പുഞ്ചിരി ചെഞ്ചുണ്ടിൽതങ്ങി,,

മലയാളക്കരയിലെ കലാമണ്ഡപങ്ങളിൽ പൊന്നും ചിങ്ങമാസത്തിലെ
തിരുവോണം നക്ഷത്രത്തിൽ തിലകം ചാർത്തിക്കൊണ്ടിതാ
ലളിതകലാദേവത എഴുന്നെള്ളുകയായി!

ചലച്ചിത്രലോകത്തിൽ ചരിത്രം സൃഷ്ടിച്ച
**കെ. & കെ. യുടെ അത്ഭുതകലാശില്പം!**

# വിശപ്പിൻെറ വിളി

(മലയാളം)

★

നടീനടന്മാർ:—

* തിക്കുറിശ്ശി
* പ്രേംനസീർ
* കുമാരി തങ്കം
* പങ്കജവല്ലി
* S. P. പിള്ള
* നാണുക്കുട്ടൻ
* മാത്തപ്പൻ
* കാലായ്ക്കൽ കുമാരൻ
* പി.കെ. രാമൻ പിള്ള

മുതലായവർ.

★



*

കഥ
കെ. & കെ.
പ്രൊഡക്‌ഷൻസ്

*

ഡയറക്‌ഷൻ
മോഹൻറാവു

*

ക്യാമറാ
E. R. കൂപ്പർ

*

സ്റ്റുഡിയോ
**ഉദയാ**

*

DISTRIBUTORS:—
## FILM DISTRIBUTING COMPANY
ERNAKULAM—THIRUVALLA.

പത്രാധിപർ:- ഉള്ളൂർ ആർ. കൃഷ്ണൻനായർ

# വികടകേസരി

(രാഷ്ട്രീയവിനോദമാസിക)

വാല്യം 3 } തിരുവനന്തപുരം. 1952 ജൂലായ് കർക്കടകം { ലക്കം 8

കേസരിവീക്ഷണം

## ഹൈക്കോടതികാര്യം

തിരുവനന്തപുരത്തു് ഹൈക്കോടതിയുടെ ഒരു ഭാഗമെങ്കിലും മാററണമെന്നുള്ള മി. പി. എസ്. നടരാജപിള്ളയുടെ ബിൽ ഇവിടത്തെ എം. എൽ. ഏ. മാരുടെ ഊഷ്മളോജ്ജ്വലമായ ദേശാഭിമാനത്തള്ളൽ കൊണ്ടു് അവതാളത്തിലായി. കാൺഗ്രസ്സിനോടു് പൊതുജനങ്ങൾക്കെന്തെങ്കിലും സ്നേഹം അവശേഷിച്ചിട്ടുണ്ടെങ്കിൽ അതുകൂടി ഇതോടെ പൊയ്പ്പോയിട്ടുണ്ടു്. ബുദ്ധിരാക്ഷസനായ പനമ്പള്ളി മന്ത്രിയുടെ മാന്ത്രികവിദ്യയിൽ തമിഴ് കാൺഗ്രസ്സ്കാർ അടിപെട്ടുപോയതിലത്ഭുതപ്പെടാനില്ല. പനമ്പള്ളിയുടെ മുട്ടാപ്പോക്കും തമിഴ് മന്ത്രിയുടെ മുക്കറിഞ്ഞി വിദ്യയുമായുള്ള മാരടിയിൽ പനമ്പള്ളി ജയിച്ചു. തെക്കൻ ദിക്കിന്റെ പ്രതിനിധികൾ നമ്മുടെ രാഷ്ട്രത്തെ ആഹുതി ചെയ്തു. മന്ത്രിമാർ തങ്ങളുടെ സ്ഥാനം സുരക്ഷിതമാക്കി. എല്ലാപേരും ചേന്നു് അവരുടെ അലവൻസുകൾ കൂട്ടി. ആക്ക് ചേതം. കാൺഗ്രസ്സുകാരുടെ അഹങ്കാരസാഗരം വററിവരണ്ടുപോകുമെന്നു് കരുതിയിരുന്നവർ ഇളിഭ്യരായി. അഞ്ചുകൊല്ലത്തേക്കിനിയിതൊക്കെ സഹിക്കയേ തരമുള്ളവല്ലോ. ഗവമ്മെൻറിൽ നിന്നു് ഇനിയൊരു ബിൽ ഹാജരാക്കി ഹൈക്കോടതിയെ തിരികെ ഇവിടെ കൊണ്ടുവരുമെന്ന വാഗ്ദാനമനുസരിച്ചാണു് തങ്ങൾ ഗവമ്മെൻറു് ഭാഗത്തേക്കു് വോട്ടു ചെയ്തതെന്നു് പറഞ്ഞതിനെ ആരു വിശ്വസിക്കാനാണു്. ഈ വാഗ്ദാനത്തിനനുസരണമായി പണ്ടൊരിക്കൽ നടന്ന ഒരു കഥയാണു് ഞങ്ങളുടെ ഓമ്മയിൽ വരുന്നതു്. പണ്ടു് ഒരു പണിക്കക്കു് ഒരു നൊണ്ടിക്കിടാ കളഞ്ഞുപോയി. പണിക്കർ മണ്ണടി ഭഗവതി ക്ഷേത്രത്തിൽ ചെന്നു നിന്നു്, "ദേവീ! ഭഗവതി! എന്റെ നൊണ്ടിക്കിടാ തിരികെ കിട്ടിയാൽ ഞാൻ നിന്റെ നടയിൽ ഇരട്ടക്കിടാ കൊണ്ടുതരാം!" എന്നു് പ്രാത്ഥിച്ചു. കേട്ടുകൊണ്ടുനിന്ന പണിക്കരുടെ ഒരിഷ്ടൻ, "എന്താ ഒരു നൊണ്ടിക്കിടായ്ക്കു് പകരം ഇരട്ട കിടായോ?" എന്നു ചോദിച്ചുവത്രേ. "തിരികെ കിടാ കിട്ടിയാട്ടേ; പിന്നെ എരട്ടക്കിടാ മണ്ണാങ്കട്ടയാ" എന്നു മറുപടി കൊടുത്തു. ഇതുപോലെയുള്ള ഒരു വൈദഗ്ദ്ധ്യ വാഗ്ദാനമാണു് നമ്മുടെ മന്ത്രിമാരും നൽകിയിരിക്കുന്നതു്. തല്ക്കാലം കാര്യം നടക്കട്ടെ! പിന്നീടു് നോക്കിക്കൊള്ളാം എന്ന വിചാരമേ ഈ മന്ത്രി പുംഗവന്മാക്കുള്ളു. ഇക്കൂട്ടരുടെ ഉരുളൻ മറുപടികളിലും വാഗ്ദാനവിജൃംഭണത്തിലും ഉൾക്കമ്പം കൊണ്ടു് വിഭ്രാന്തരായിത്തീന്ന എം. എൽ. ഏ. മാക്കു് കീജെ വിളിക്കേണ്ടതുതന്നെ. തമിഴ് നാട്ടുകാരെ പ്രീണിപ്പിച്ചു് പാട്ടിലാക്കിയതിന്റെയൊക്കെ ആന്തരോദ്ദേശങ്ങൾ ഇപ്പോൾ വെളിപ്പെട്ടല്ലോ. തമിഴ്നാട്ടുകാർ പറയുന്നതിനെയൊക്കെ പനമ്പള്ളി-ജാൺപ്രഭൃതികളും ഇനി വകവെച്ചുകൊടുക്കും. ഇതാണിവിടത്തെ ദേശീയ ഗവമ്മെൻറ്. ചില പത്രങ്ങളും ഇപ്പോൾ സ്വരം കുറച്ചിട്ടുണ്ടു്. അതിന്റെ രഹസ്യം പലതാണു്. അധികാരത്തിന്റെ ഉത്തുംഗശൃംഗത്തിലെത്തുപ്പോൾ, സ്വേച്ഛാപ്രഭുത്വകൈലാസത്തിൽ വിഹരിക്കുമ്പോൾ ചിലക്കു് തല തിരിഞ്ഞുപോകാറുണ്ടു്. അവരുടെ അഭിപ്രായവികൃതികളേയും നിർദ്ദേശവികലതകളേയും Sermon on the mount ആയിട്ടും, ഗീതാസദൃശമായിട്ടും കരുതി വാലാട്ടാൻ നാണവും മാനവുമില്ലാത്ത പൊതുജനപ്രതിനിധികളും കാണാം. തിരുവിതാംകൂർകാരെ മ്ലാനമുഖരാക്കാൻ ഈ ഹൈക്കോടതിബില്ലിന്റെ പര്യവസാനം പര്യാപ്തമാക്കി. മിസ്സ് ഫിൻലണ്ടിനെ ഭൂലോകസുന്ദരിയായി തിരഞ്ഞെടുത്തപ്പോഴുണ്ടായ സന്തോഷത്തേക്കാൾ കൂടുതൽ സന്തോഷമാണിപ്പോൾ മി. പനമ്പള്ളിക്കും മി. ചിതംബരനാടാക്കുമുളവായിരിക്കുന്നതു്. ഈ സന്തോഷവും ഭൈരവിയുമൊക്കെ അധികനാൾ നിലനില്ക്കാൻ പോകുന്നില്ല എന്നാണു് ഞങ്ങൾക്കു തോന്നുന്നതു്. ശബരിമലക്ഷേത്രം തീവെച്ചു് നശിപ്പിച്ചപ്പോൾ ഹിന്ദുക്കൾ പൊതുവേ മഥിതരും വ്യഥിതരുമായപോലെയാണു് ഹൈക്കോടതിബില്ലിന്റെ ഗതിയിൽ-ഫലത്തിൽ തിരുവിതാംകൂർകാരും സന്താപഭരിതരായിരിക്കുന്നതു്.

# "ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം"

നമ്മുടെ നാട്ടിൽ എവിടെ നോക്കിയാലും പ്രക്ഷോഭണക്കാരും പ്രതിപക്ഷകക്ഷികളുമുണ്ട്. തുണിലും തുരുമ്പിലും പ്രതിപക്ഷ കക്ഷികളുണ്ട്. വിശ്രമസ്ഥലങ്ങളിലും വാഹനങ്ങളിലും പ്രതിപക്ഷമുണ്ട്. രായും പകലും പ്രതിപക്ഷമുണ്ട്. കച്ചേരികളിലും ഫാക്ടറികളിലും പ്രതിപക്ഷമുണ്ട്. വക്കീലന്മാരിലും ഗുമസ്തന്മാരിലും പ്രതിപക്ഷക്കാരുണ്ട്. തൊഴിലാളികളിലും മുതലാളിമാരിലും പ്രതിപക്ഷക്കാരുണ്ട്. പത്രങ്ങളിലും മാസികകളിലും പ്രതിപക്ഷങ്ങളുണ്ട്. "നമ്മുടെ റേഡിയോസ്റ്റേഷനിലും വമ്പിച്ച പ്രതിപക്ഷക്കാരുണ്ട്." പനമ്പിള്ളിമന്ത്രി "അഞ്ചര" നാഴിക വെളുപ്പിനു "വെളിച്ചെണ്ണ" മയത്തോടു പ്രസംഗിക്കുന്ന സദസ്സുകളിലും പ്രതിപക്ഷമുണ്ട്. കക്ഷിരഹിതൻ ടി. എം. വർഗ്ഗീസ്മന്ത്രി അമുങ്ങിയിരുന്നാലും പ്രതിപക്ഷമുണ്ട്. രാഷ്ട്രീയ ധൂമകേതു ടി. കെ. നാരായണപിള്ള വീണ്ടും പ്രാക്ടീസ് തുടങ്ങിയതിൽ പ്രതിപക്ഷമുണ്ട്. ഹൈക്കോടതി എറണാകുളത്തുതന്നെ വേണമെന്നു നിർബന്ധംപിടിയ്ക്കുന്ന എം. എൽ എ. മാരിലും മന്ത്രിമാരിലും പ്രതിപക്ഷങ്ങളുണ്ട്. ആർ. എസ്. പി. നേതാവ് സഖാവ് ശ്രീകണ്ഠനോടു പ്രതിപക്ഷമുണ്ട്. ടി. വി. തോമസിനും എം. എൻ. ഗോവിന്ദൻനായർക്കും പ്രതിപക്ഷകക്ഷികളുണ്ട്. ഉള്ളൂർ ഗോപിക്കും, സഖാവ് സദാനന്ദൻ എം. എൽ. എ. യ്ക്കും പ്രതിപക്ഷക്കാരുണ്ട്. ശ്രീ. പട്ടംതാണുപിള്ളസാർ അധികാരസ്വരത്തിൽ പ്രസംഗിച്ചാലും അവിടെയും പ്രതിപക്ഷകക്ഷികളുണ്ട്. പിന്നെ എവിടെയാണ് ഈ പ്രതിപക്ഷമെന്നു പറയുന്ന കുന്തം ഇല്ലാത്തതു്.

പ്രിയപ്പെട്ട വായനക്കാരോടു ഞങ്ങൾക്കു് ഒന്നു പറയുവാനുണ്ട്. ഈ പ്രതിപക്ഷമില്ലാത്ത ഒരു കക്ഷിയെ ഈ അടുത്തകാലത്തു തിരു-കൊച്ചിയിലെ അസംബ്ലിമന്ദിരമാകുന്ന മുൻസിപ്പാലിററി ചന്തയിൽവെച്ചു ഞങ്ങൾക്കു പരസ്യമായി പിടികിട്ടിയിരിക്കുന്നു. അതെന്താണെന്നോ, നിങ്ങൾക്കു് അറിയണോ! നിങ്ങളുടെ ഓട്ടുതെണ്ടി മേടിച്ചുകൊണ്ടു ജനപ്രതിനിധിയായവർ—നാട്ടാർക്കുംനാട്ടിനുംവേണ്ടി സേവനമനുഷ്ഠിക്കാമെന്നു നിങ്ങളോടു സത്യപ്രതിജ്ഞചെയ്ത മെമ്പറന്മാർ—നാട്ടിനും അദ്ധ്വാനിക്കുന്ന കഷ്ടതയനുഭവിക്കുന്ന കർഷകതൊഴിലാളി വിഭാഗത്തിനുംവേണ്ടി ഇതുവരെ എന്തുചെയ്തു. ഒന്നും ചെയ്തില്ല-ചെയ്യുകയുമില്ല. പക്ഷെ അവർ ഒരുകാര്യം ചുളുവിൽ തട്ടിയെടുത്തു. അതെന്താണ്, ഒരു നിയമസഭാമെമ്പറിനു 120 രൂപാ പ്രതിമാസം ശമ്പളവും അസംബ്ലി നടക്കുമ്പോൾ ദിവസപ്പടി 15 രൂപാ അലവൻസും. ഈ അലവൻസിനുവേണ്ടി ബഹളംകൂട്ടിയപ്പോൾ എതിർ ശബ്ദവും പ്രതിപക്ഷങ്ങളുമുണ്ടായില്ല. എം. എൽ. എ. മാരും ഒററചരടിൽതൂങ്ങിനിന്ന് ഈ പതിനഞ്ചുരൂപാകാര്യത്തിനു ശക്തിയായി വാദിച്ചപ്പോൾ ഞങ്ങളുടെ ഓർമ്മയിൽ പണ്ടു "നമ്പൻ കുഞ്ചിയാർ" പറഞ്ഞ ആ പഴയ വാചകമാണ് ഓർമ്മയിൽ വരുന്നതു്. "ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം" ഇതാണു നമ്മുടെ ഓരോ ജനനേതാക്കന്മാരുടെയും അടവു്-മനസ്സിലായോ?

—o—

## അറിയിപ്പ്

തെക്കൻതിരുവിതാംകൂറിലെ വികടകേസരിയുടെ മാന്യവരിക്കാരിൽനിന്നും വരിസംഖ്യ പിരിക്കുന്നതിനും പുതിയ വരിക്കാരെ ചേർക്കുന്നതിനുമായി വികടകേസരി മാനേജർ മി: കെ. അപ്പുക്കുട്ടൻനായർ ഒരാഴ്ചക്കാലം തെക്കൻതിരുവിതാംകൂറിൽ സഞ്ചരിക്കുന്നതാണ്. മാന്യപത്രബന്ധുക്കൾ കുടിശിഖതീർത്തുകൊടുക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

പത്രാധിപർ


**കൈലാസ് തേയില ഡിപ്പോ**

പേട്ട — — തിരുവനന്തപുരം.

ഉന്മേഷം, മണം, രുചി ഇവക്കു് കൈലാസ് തേയില ഉപയോഗിച്ചു് സംതൃപ്തിയടയുവിൻ.

പ്രൊ. വി. മാധവൻപിള്ള.

ഉത്തരവാദിത്വമുള്ള സകലയിനം സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥന്റെ ജ്യൂവലറി സന്ദർശിക്കുവിൻ!

എക്സ്റേ പരിശോധന.

# കൈനിക്കര കുമാരുപിള്ള

എപ്പോഴും പാവപ്പെട്ട മന്ത്രിമാരെ മാത്രം എക്സ്റേ പരിശോധനയ്ക്കു വിഷയമാക്കുന്നതു് ഒരു മഹാകഷ്ടം പിടിച്ച ഏർപ്പാടാണു്. വയററു പിഴപ്പിനുവേണ്ടി അതുങ്ങളനുഭവിയ്ക്കുന്ന കഷ്ടപ്പാടുകൾ കണ്ടാൽ "ച്ഛീപോ" എന്നു പറയാൻ തോന്നുകയില്ല. ഒന്നാലോചിച്ചാൽ ഈ മന്ത്രിമാർ വെറും പാവത്താന്മാരാണു്. ഈ മണ്ഡൂസന്മാരുടെ കീഴിൽ കിടപ്പുണ്ടു് ചില താപ്പാനകൾ... വിഷം മൂത്ത ചില അണലിപ്പാമ്പുകൾ... തണ്ടുകൊണ്ടു് കണ്ണുതുറക്കാൻപോലും മടിയ്ക്കുന്ന ചില കൊലകൊമ്പന്മാരായ ഉദ്ദ്യോഗസ്ഥന്മാർ! അവന്മാരുടെ നേക്കു് ഞങ്ങളുടെ എക്സ്റേ ഇനി ഒന്നു തിരിച്ചു വെയ്ക്കാൻ പോകയാണു്. ഇതിന്റെ രശ്മികൾ അവരുടെ അടിവയററിലെ ചെറുകുടൽ വരെയെത്തും. ദഹിയ്ക്കാതെ കിടക്കുന്ന എല്ലാം ഞങ്ങൾ കണ്ടെത്തും. ഒളിച്ചു വെച്ചിരിയ്ക്കുന്ന ദംഷ്ട്രകളെ കണ്ടുപിടിച്ചു് ഞങ്ങൾ ചവണയിട്ടു പിഴുതെറിയും. ഒന്നിനെയും വെറുതെ വിടാൻ നിശ്ചയിച്ചിട്ടില്ല.

ഓ, ഡയറക്ടരാഫീസിൽ ഈയിടെ ഒരു ഒററയാനേ കെട്ടിയെടുത്തിട്ടുണ്ടു്. ലോകം മുഴുവൻ തന്റെ കയ്യിൽ കൂടാനു് ഓടുന്നതെന്നാണു് ആ അല്പന്റെ വിചാരം! ലോകൈക തണ്ടനായ കൈനിക്കര കുമാരുപിള്ളയേപ്പററിയാണു് പറയാൻ പോകുന്നതു്. പാവങ്ങളുടെ പള്ളയ്ക്കടിച്ചു ഞെളിയുന്ന ആ വങ്കത്താന്റെ പുങ്കത്തരങ്ങളേപ്പററി പറയാൻ തുടങ്ങിയാൽ ഇവിടെയെങ്ങും നില്ക്കയില്ല.

ചില പൊസ്തകങ്ങളെഴുതി ഒരു 'പൊട്ട സാഹിത്യകാരനെന്ന പേരു വാങ്ങിച്ച കുമാരുപിള്ള മന്നന്റെ തണലിലാണു് ജനിച്ചു വളന്നതു്. എൻ. എസ്സ്. എസ്സെന്നമുതുകിഴവിയുടെഉണക്ക മുലകടിച്ചുപ്പിയാണു് ആ യോഗ്യൻ തടിച്ചു കൊഴുത്തതു്. കരുവാററാ ഹൈസ്കൂൾ ഹെഡ്മാസ്റ്റരായതു മുതലാണു് കുമാരുപിള്ളയുടെ ഉജ്ജ്വലജീവിതം ആരംഭിയ്ക്കുന്നതു്. പിന്നെ ട്രയിനിങ്ങു കാളേജിൽ ഒരു ലക്ചററായി. വി. ജെ. ടൗൺഹാളിലെ നാടകങ്ങളിൽ എല്ലാം കിടന്നുരുണ്ടു പിരണ്ടിട്ടുണ്ടു്. വേഷങ്ങളെന്നു കാശിനു കൊള്ളരുതാത്ത നാടകമെഴുതിയിട്ടുണ്ടു്. റേഡിയോയ്ക്കുവേണ്ടി ഇന്നും ചില ഏടാകൂടങ്ങളെല്ലാം എഴുതിക്കൊടുക്കുന്നുണ്ടു്. ഇതൊക്കെയാണു് അദ്ദേഹത്തെ ഒരു ഭയങ്കരസാഹിത്യകാരനാക്കിയതു്. പക്ഷെ ആ മനുഷ്യനു് 'കലാഹൃദയ'ത്തിന്റെ ഒരു കഷണം പോലുമില്ല. ആ മുരടിച്ച മാംസപിണ്ഡം ഒരു കറുത്ത മീശയും കടിച്ചുപിടിച്ചുകൊണ്ടു് ഗൗരവത്തിൽ ശ്വാസം പിടിച്ചു് ട്രയിൻ വേഗത്തിൽ നടക്കുന്നതു കണ്ടാൽ കമ്പിത്തൂണുകൾ പോലും പൊട്ടിച്ചിരിച്ചുപോകും.

ഡയറക്ടരാഫീസിൽ കേറുന്നതുവരെ കൈനിക്കര ഒരു "മനുഷ്യ" നായിരുന്നെന്നു കേട്ടിട്ടുണ്ടു്. പക്ഷെ ഇപ്പോൾ ആ'മനുഷ്യ'നാണോ എന്നുസംശയം. കുറെ പട്ടിണി വാദ്ധ്യാന്മാർ മുമ്പിൽ വന്നു് നടുവുവളച്ചു് തൊഴുതപ്പോഴേക്കു് ഈ യോഗ്യൻ വിചാരിച്ചു താൻ സ്വർഗ്ഗത്തോളം ഉയന്നുപോയെന്നു്. ഈ തണ്ടശിരോമണി അവരുടെ കുനിഞ്ഞ തലകളിൽ കേറി ചവിട്ടുകയായി.

ഈയിടെ ഒരു വയസ്സൻ മകൾക്കൊരു സ്ഥലം മാററം വാങ്ങിയ്ക്കാൻ കൈനിക്കരയുടെ തെക്കാട്ടുള്ള വസതിയിൽ അതിരാവിലെ എത്തി. എട്ടരവരെ ആ കാട്ടുമൃഗം കിടന്നുറക്കമാണു്. പിന്നെ എണീററു് കുളികുറിഭേഷവെല്ലാംകഴിഞ്ഞുപത്തരമണിയാവുമ്പോൾ ആഫീസിൽ പോകാനൊരുങ്ങി വെളിയിലേക്കു

ഫോൺ നമ്പർ 2583.

— പി. മാധവൻതമ്പി —

വെങ്കലപാത്രവ്യാപാരം, ചാല-തിരുവനന്തപുരം.

ഉറപ്പ്, ഭംഗി, ഒരേവില.

ഞങ്ങളുടെ മുദ്രയുള്ള പാത്രങ്ങൾക്കു് പരിപൂർണ്ണ ഉത്തരവാദിത്വം.

N. B. ഞായറാഴ്ച കട തുറക്കുന്നതല്ല.

ഉത്തരവാദിത്വമുള്ള സകലയിനം റഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പറവൂർ A. ഗോപിനാഥന്റെ ജ്യൂവലറി സന്ദർശിക്കുവിൻ!

ഷൂസിന്റെ കറ കറ ശബ്ദത്തോടെ ഇറങ്ങിവന്നു. വയസ്സൻ ഉൾപ്പെടെ അഞ്ചാറുപേർ വെളിയിലുണ്ടു്. ഗൗരവത്തിൽ ഒരു നോട്ടം. വയസ്സൻ മുക്കിമൂളി എന്താണ്ടു പറയാൻ ഭാവിച്ചു.

"ച്ഛീ! എനിയ്ക്കു കേൾക്കണ്ടാ. എന്തൊരുപദ്രവം! എനിയ്ക്കാരെയും കാണാൻ നേരമില്ല. ഞാനിതാ പോകുന്നു." അദ്ദേഹം പോക്കിനേപ്പോലെ ഇറങ്ങിയൊരു നടത്തം. പാവം വയസ്സൻ വിയർത്തുകുളിച്ചു് പിറകേ ചെന്നു.

"ഒന്നു കാണാനാ വന്നതു്"

"എന്നെ ആരും കാണണ്ടാ. താൻ തന്റെ പാട്ടിനു പോ." ഒരാട്ടം! വൃദ്ധൻ ആ തണ്ടശിരോമണിയെ മനംചുട്ടു പിരാകിക്കൊണ്ടു് 100 മൈലകലെയുള്ള വീട്ടിലേക്കു തിരിച്ചു. ഇതു വള്ളിപുള്ളിതെററാതെ നടന്നതാണു്. സംശയമുള്ളവരുണ്ടെങ്കിൽ തെളിയിച്ചു തരാം. ഇതുപോലെയും ഇതിനേക്കാൾ കഠിനമായും ആണു് ഈ യോഗ്യൻ സന്ദർശകന്മാരെ സ്വീകരിയ്ക്കുന്നതു്. ഈയാൾ മനുഷ്യനാണോ എന്നു് വായനക്കാർ തന്നെ തീർച്ചപ്പെടുത്തുക! കൈനിക്കരയിൽനിന്നു് കയ്യേറിയ അനുഭവമുണ്ടായ മറെറാരു പട്ടിണിവാദ്ധ്യാർ സുന്ദരരാജ നായിഡുവിനെപ്പററി ഈ ലേഖകനോടിങ്ങനെ പറഞ്ഞു. "അദ്ദേഹം എന്തൊരു മാന്യൻ. രാവിലെ മുപ്പതുപേരോളം വീട്ടിലുണ്ടായിരുന്നു. എല്ലാവരോടും കാരുണ്യത്തോടെ വിവരങ്ങൾ ചോദിച്ചു് ചിലരുടെ അപേക്ഷകളിൽ ഓർഡർപോലുമിട്ടു് അദ്ദേഹം അവരോടെല്ലാം ഏററവും മര്യാദയോടെ പെരുമാറി. ഈ അർദ്ധരാത്രിയ്ക്കു കുടപിടിയ്ക്കുന്ന അല്പൻ അദ്ദേഹത്തിന്റെ വിശാലമനസ്കത കണ്ടുപഠിച്ചെങ്കിൽ" എന്നു്.

ഇതൊന്നും അതിശയോക്തിയല്ല. പട്ടിണിക്കാരായ അദ്ധ്യാപകരുടെമേൽ കുതിരകേറുന്ന ഈ ധിക്കാരിയായ ഉദ്യോഗസ്ഥൻ ജനകീയഭരണത്തിനൊരു ശാപമാണു്. ഈ തണ്ടശിരോമണിയുടെ കന്നത്തംനിറഞ്ഞ മര്യാദകെട്ടപെരുമാററങ്ങൾ കണ്ടുകൊണ്ടു് ജനങ്ങൾ അടങ്ങിയിരിയ്ക്കുന്നതിലേ ഞങ്ങൾക്കത്ഭുതമുള്ളു.

വികടകേസരി

## പരസ്യനിരക്ക്

| | രൂ. ണ. സ. |
|---|---|
| കവർ നാലാം പേജ് | 75—0—0 |
| ,, 2 ,, | 50—0—0 |
| ,, 3 ,, | 50—0—0 |
| കവറിനുള്ളിൽ | 45—0—0 |
| ഒരിഞ്ചുകാളം | 3—8—0 |

പരസ്യചാർജ്ജ് മുൻകൂർ

# വികടകേസരി
# ഓണം സ്പെഷ്യൽ

എന്നു പുറപ്പെടുന്നു?

## സെപ്റ്റംബർ 1-ാംനു-തന്നെ.

ആരെല്ലാം എഴുതുന്നു.

## നിങ്ങൾക്കു അറിയണോ?

എൻ. പി. ചെല്ലപ്പൻനായർ, തകഴി, തിക്കുറിശ്ശി സുകുമാരൻനായർ, പി. കെ. വാസുദേവൻനായർ, മീശാൻ, കെ. കാർത്തികേയൻ, പി. മാധവൻ, മാവേലിക്കര അച്ചുതൻ, ആലപ്പുഴ ഖാദർ, കെ. കെ. വാദ്ധ്യാർ, മുതുകുളം രാഘവൻപിള്ള, മടവൂർ ഭാസ്കരൻനായർ, സി. എൻ. ശ്രീകണ്ഠൻനായർ, ജോസ് ചാലങ്ങാടി, കെ. ബാലകൃഷ്ണൻ, മുരളീമോഹൻനായർ, വാമനൻ, ബി. നാരായണപിള്ള, ശൂരനാട്ടു കുഞ്ഞൻപിള്ള, പാലാ, ഗോപി കോട്ടമുറിക്കൽ(?)

കോട്ടൂരേത്തു്. പിന്നെ പലരും.

അകംനിറയെ ചിരിപ്പിച്ചു മണ്ണുകപ്പുന്ന കാർട്ടൂണുകൾ!

## ത്രിവർണ്ണമുഖചിത്രം.

## ഒററപ്രതി 8 ണ.

നിങ്ങളുടെ കോപ്പികൾ നേരത്തെ ബുക്കുചെയ്യുവിൻ.

മാനേജർ—വികടകേസരി
തിരുവനന്തപുരം.

തിരുത്തു്

34-ാംപേജിൽ ചേർത്തിരിക്കുന്ന പരിപൂർണ്ണ ഉത്തരവാദിത്വം എന്ന പരസ്യത്തിൽ ജനാബ് പി. എം. ഉമ്മർലബ്ബാ ഓച്ചിറ, എന്നു തിരുത്തിവായിക്കണം.

ഉത്തരവാദിത്വമുള്ള സകലയിനം സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥന്റെ ജൂവലറി സന്ദർശിക്കുവിൻ!

ഏകാങ്കം

# രാജാജി റിക്ഷായിൽ

(സൈറൺ)

('കേന്ദ്രമന്ത്രിസഭ' എന്ന കാറിൽനിന്നു് അതിന്റെ ഡ്രൈവറായ നെഹ്റു ഇറക്കിവിട്ടതോടുകൂടി ഒരു വാഹനംകിട്ടാതെ രാജാജി വിഷമിയ്ക്കുകയായിരുന്നു. അപ്പോഴാണു് 'പൊതുജനം' എന്ന തൊഴിലാളിയെ മയക്കി 'മദ്രാസ് മന്ത്രിസഭ' എന്ന റിക്ഷായിൽ അദ്ദേഹം ചാടിക്കയറിയതു്. ഇപ്പോൾ പൊതുജനത്തിന്റെ നട്ടെല്ലു പൊട്ടുകയാണു്. വിയർപ്പുപെയ്തുകൊണ്ടു് സാധു 'രാജാജി'യേയും വലിച്ചുകൊണ്ടു് മുന്നോട്ടു ചാടുകയാണു്. രാജാജിയുടെ നിരോധന മർദ്ദനച്ചാട്ടയടികളേറവു് അയാൾ പുളയുന്നുണ്ടു്. രാജാജി ഇറങ്ങാൻ കൂട്ടാക്കുന്നില്ലെങ്കിൽ തീർച്ചയായും അദ്ദേഹത്തെ നടുറോഡിൽ മറിച്ചിടാൻ തൊഴിലാളി തയ്യാറാകും. ഇല്ലെങ്കിൽ 'അവിശ്വാസം' 'രാജി' എന്നീപേരുകളുള്ള ഏതെങ്കിലും സ്റ്റേഷനിൽകൊണ്ടുചെന്നു് ബലാൽക്കാരമായി ഇറക്കിവിടും.)

രാജാജി നടുവെയിലത്തു് കഷണ്ടിത്തലപൊട്ടി കഷ്ടണിച്ചു നിൽക്കുന്നു. പൊതുജനം എന്ന തൊഴിലാളി ഒരു റിക്ഷായുമായി അടുക്കുന്നു.

രാജാജി:—വാരുങ്കോ വാരുങ്കോ അന്ത റിക്ഷായിൽ ഈ പയൽകൂടി കേറിപ്പോകട്ടും.

റിക്ഷാക്കാരൻ:—ആകാതെ. ഉങ്കളുക്കു് ഇരിക്കാൻ ഈ പന്നറിക്ഷാ പററിയതല്ലെ.

രാജാജി:—അടേ പൈത്യക്കാരൻ. അതു സാരമില്ലെ. നാൻ ഉങ്കളുക്കു റൊമ്പ കുലിതരുവൻ.

റിക്ഷാ:—ഉങ്കൾ പെരിയമഹാൻ. ഇന്ത വാഹനം ഉങ്കളുക്കു പററിയതല്ലെ. കാറുതാൻ ഉങ്കളുക്കു വേണ്ടിയിരുക്കു്.

രാജാ:—ഡ്രൈവർ നെഹറുവിനെ തെരിയുമാ. അവാളുക്കു് എന്നെ കാറിൽകേററാൻ മനസ്സില്ലെ അവാളുടെ 'കേന്ദ്രമന്ത്രിസഭ' യെന്ന കാറിൽനിന്റ് എന്നെ ഇറക്കിവിട്ടാൻ. നാൻ വെയിൽ കൊള്ളറതു കണ്ടിട്ടും ഉങ്കളുക്കു ദയവില്ലിയാ.

റിക്ഷാ:—ഉങ്കൾ നടക്കതാൻവേണം. ഇന്ത റിക്ഷായ്ക്കു് 'പ്രകാശം' എന്നൊരാൾ ആളയച്ചിരുതാക്കും.



കുഞ്ഞുങ്ങളെ നിങ്ങളെന്താണിങ്ങിനെ സൊള്ളിയിരിക്കുന്നതു്. നേരം എത്രയായി! അച്ഛൻ കണ്ടാൽ തല്ലുകൊള്ളുകയില്ലെ!

കുമാരിതങ്കവും ബർലിയും മെരിലാൻണ്ടിൽ നിർമ്മിച്ചുവരുന്ന കലാസാഗറിന്റെ "തിരമാല" എന്ന ചിത്രത്തിൽ

സന്ദർശിക്കുവിൻ

ശ്രീ രാമകൃഷ്ണാ ലഞ്ചുഹോം

ബസ്സ്സ്റ്റാൻഡ്—കായംകുളം

ഊണും കാപ്പിയും ഒന്നിനൊന്നു മെച്ചം എന്നാണു് അനുഭവസ്ഥർ പറയുന്നതു്.

താമസത്തിനു സൗകര്യപ്രദമായ മുറികൾ വാടകയ്ക്കു കൊടുക്കപ്പെടും.

ഉത്തരവാദിത്വമുള്ള സകലയിനം റഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പറവൂർ A. ഗോപിനാഥന്റെ ജ്യൂവലറി സന്ദർശിക്കുവിൻ!

നാൻ പോകുറേൻ.

രാജാ:—എടേ കള്ളപ്പയലേ. നില്ലെടാ. നാൻ ബലമായി കേറുവൻ.

(രാജാജി ബലമായി റിക്ഷായിൽ ചാടിക്കേറുന്നു.)

രാജാ:—ഉം നടക്കെടാ പയലേ. ഇന്ത 'മദ്രാസ്‌മന്ത്രിസഭ' യെൻറ റിക്ഷായ്ക്കു് നാൻ താൻ അവകാശി. നീ വെറും കൂലിക്കാരൻ. ഉം നടയെടാപയലേ. (ചാട്ടകൊണ്ടു് അടിയ്ക്കുന്നു)

റിക്ഷാ:—അയ്യോ! കടവുളേ! ഈ കാലൻ എന്നെ കൊല്ലാൻ താൻ വന്തതു്. (അടിയേററു പുളഞ്ഞു കൊണ്ടു് റിക്ഷാവലിച്ചുകൊണ്ടോടുന്നു. രണ്ടു വശത്തും കരിഞ്ചന്തക്കാർജന്മികൾ എന്നിവർ ആ യാത്ര കണ്ടു രസിച്ചു് 'രാജാജി കീജേ' എന്നുവിളിയ്ക്കുന്നു

രാജാ:—എടാ പയലേ! വേഗം നടയെടാ. (വീണ്ടും ചാട്ടകൊണ്ടടിയ്ക്കുന്നു)

ഒരു ജന്മി:—അന്ത പയൽ കമ്യൂണിസ്ററാക്കും. അടിച്ചു് അവൻ പുറംപൊട്ടിയ്ക്കതാൻ വേണ്ടിയിരുക്കു്.

കരിഞ്ചന്തക്കാരൻ:—റൊമ്പ ഭേഷ്! അപ്പടി താൻ.

കാൺഗ്രസ്സുകാരൻ:—രാജാജി മഹാരാജ്! ഉങ്കൾ ദൈവത്തിൻെറ അവതാരം താൻ.

രാജാജി:—ആമ, ആമ, നാൻ ദൈവത്തിൻെറ മൂത്ത മകൻ താൻ. കമ്യൂണിസ്റ്റിൻെറ അസുരന്മാരെ കൊല്ലാനും കാൺഗ്രസ്സിൻെറ ദേവന്മാരെ കാപ്പാററുവതുക്കും നാൻ അവതാരമെടുത്തതു്.

പ്രകാശം:—അയ്യോ! അന്ത സാധു റിക്ഷാക്കാരനെ കൊല്ലാതെ. നാൻ താൻ അവനെ ആളയച്ചു വരുത്തിനതു്. നീങ്കൾ കാറിൽനിന്നു് റിക്ഷായിലേക്കു കയറിയതു് റൊമ്പ കുറച്ചിൽ താൻ.

(റൊമ്പ കുറച്ചിൽ എന്നെല്ലാവരും ഏററുപറയുന്നു.)

# J.P. യുടെ പട്ടിണി

—*—

[കാൺഗ്രസ്സുകാർ പണ്ടെങ്ങാണ്ടു ചെയ്ത വാഗ്ദാനം പാലിച്ചില്ലെന്നും, അതിന്നു് ഉടൻ സത്യാഗ്രഹം ചെയ്തു പരിഹാരമുണ്ടാക്കുമെന്നും പറഞ്ഞു് ജയപ്രകാശനാരായണൻ എന്ന ബുദ്ധി ദരിദ്രൻ തുടങ്ങിയിരിയ്ക്കുന്ന "പബ്ളിസിററി സ്റ്റണ്ടു്" അനുസരിച്ചു് കൊണ്ടു് അദ്ദേഹത്തിനു ചൊല്ലാനായി ഒരു പ്രാർത്ഥന ഇതാ ഫ്രീയായി നല്കിക്കൊള്ളുന്നു.]

രാമരാമരാമരാമ പാർട്ടിചത്തു ഞങ്ങടെ
നെഹ്രുനീ മുടിഞ്ഞുപോട്ടെ രാമരാമ പാഹിമാം.
ഞങ്ങൾ തോററുതൊപ്പിയിട്ടു മേത്തപൊട്ടിബോംബെ
നിങ്ങളൊക്കെയിന്നുമന്ത്രിയായി രാമപാഹിമാം (യിൽ
പാർട്ടി പട്ടിണിയായി ഞാനുമിന്നു പട്ടിണിയാം വ്രതം
കേട്ടുകൊൾകതുടങ്ങി! രാമരാമരാമ പാഹിമാം.
മന്ത്രിതന്ന വാക്കുതെററിയായതാണുകാരണം
തന്ത്രമല്ല നിത്തുകില്ല പട്ടിണി രാമപാഹിമാം.
"കമ്മിയൂണിയിസ്സം." പൊട്ടിപോകുവാനിതാ മൃദാ
പട്ടിണിയായ്കിടപ്പു ഞാൻ മുകുന്ദരാമ പാഹിമാം.
വേണ്ട വേണ്ട ക്ഷോഭമൊന്നുമുണ്ടാക്കല്ലെ നിങ്ങൾ,
നീണ്ടമൗനമാണു രാമരാമരാമ പാഹിമാം. (ഞാൻ
നാറി നീറിച്ചീഞ്ഞൊരെൻെറയുള്ള ശുദ്ധമാകുവാ-
നാറുമേഴുമെട്ടും നാളു പട്ടിണിരാമപാഹിമാം.
ദൈവമിന്നു നമ്മളുക്കു നന്മ ചെയ്യുവാനിതാ
പട്ടിണിയായി ഞാനിതാ മുകുന്ദരാമ പാഹിമാം.
രാമരാമരാമരാമ പാർട്ടിചത്തു ഞങ്ങടെ
നെഹ്രുനീ മുടിഞ്ഞുപോട്ടെ രാമരാമപാഹിമാം.

കർട്ടൻ


## അംബികവിലാസം റെസ്റ്റാറൻറ്

മീനാംബികാ തിയേററിനു മുൻവശം, ആററിങ്ങൽ.

പൊതുജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ചിട്ടുള്ള ഏകസ്ഥാപനം. ഏററവും രുചികരമായ പദാർത്ഥങ്ങൾ ഏവർക്കും തൃപ്തികരമായ രീതിയിൽ, എപ്പോഴും തയ്യാർ.

പ്രൊ: പി. ശങ്കരൻനായർ.

## Radhakrishna Motor Works

Vadayattukotta, Quilon.

**വെൽഡിംഗ്** അലൂമിനിയം, കാസ്റ്റയേൺ, ബ്രാസ്, കാപ്പർ, അയേൺസ്റ്റീൽ മുതലായ എല്ലാ ലോഹങ്ങളും മിതമായ ചാർജ്ജിൽ വെൽഡു് ചെയ്തു കൊടുക്കപ്പെടും.

# A. GOPINATHAN

**JEWELLER & DIAMOND MERCHANT**

S PARAVUR :: T. C. S

പരിപൂർണ്ണ ഉത്തരവാദിത്വം! മിതമായ വില. സ്വർണ്ണം, വെള്ളി, കല്ലുകൾ ഇവകൊണ്ടുള്ള ആഭരണങ്ങൾ പരിഷ്കൃതമായ രീതിയിൽ കൃത്യനിഷ്ഠയോടുകൂടി ഇവിടെ ചെയ്തു കൊടുക്കപ്പെടുന്നതാണ്.

P. S. കൂടാതെ റെഡിമേഡായും ഇവിടെ ലഭിക്കുന്നതാണ്.

---

## S. K. V. ഹോട്ടൽ & റ്റീഷാപ്പ്, നെടുമങ്ങാട്.

പരിഷ്കൃതരീതിയിൽ ഏററവും രുചികരമായ ആഹാരസാധനങ്ങളും, പാനീയാദികളും ശുചിയായി കഴിക്കണമെന്നു ആഗ്രഹമുള്ളവർ S. K. V. യെ സന്ദർശിക്കുവിൻ! മാനേജർ.

---

## ശ്രീധന്വന്തരിമഠം ആയുർവേദവൈദ്യശാല

പുത്തൻചന്ത, തിരുവനന്തപുരം

ശാസ്ത്രസമ്മതമായ ചികിത്സാ സമ്പ്രദായം, ഉത്തരവാദിത്വമുള്ള ഔഷധങ്ങൾ. മലയാളത്തിലോ തമിഴിലോ ഉള്ള ക്യാററലാഗിനു ആവശ്യപ്പെടുക.

മാനേജർ.

---

# എസ്സ്. കുമാരസ്വാമി ആശാരി

## ജ്യൂവല്ലേഴ്സ്, നെടുമങ്ങാട്.

എല്ലാത്തരം സ്വർണ്ണം, വെള്ളി ഇവയിലുള്ള ഉരുപ്പടികൾ മിതമായ റേററിൽ കൃത്യസമയത്തു ചെയ്തുകൊടുപ്പാനും വില്പനയ്ക്കും തയാർ. വളകൾ, മാലകൾ, ഇവകൾ പരിഷ്കൃതരീതിയിൽ ഇവിടെ കിട്ടുന്നതാണ്. സ്വർണ്ണം, വെള്ളി ഉരുപ്പടികൾ വാങ്ങുകയും കൊടുക്കുകയും ചെയ്യും.

---

# ←«« ഇപ്പോൾ വന്നുചേൻ »»→

## പുകയില ഹോൾസെയിൽ ഷാപ്പ്-B. ക്ലാസ്സ് L. No. 19

കച്ചേരി ജംഗ്ഷൻ—നെടുമങ്ങാട്. P. O.

ഇവിടെ കൂടിയതും കുറഞ്ഞതുമായ പലതരം പുകയിലകൾ, സിഗരററുകൾ, വാസനദ്രവ്യങ്ങൾ, സകലയിനം സ്റ്റേഷനറി സാധനങ്ങളും പല ചരക്കു സാമാനങ്ങളും കിട്ടുന്നതാണ്. പ്രൊപ്രൈററർ.

ഉത്തരവാദിത്വമുള്ള സകലയിനം റെഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥന്റെ ജ്യൂവലറി സന്ദർശിക്കുവിൻ!

# 1952 ജൂലായ് 4-ാനു- മുതൽ

## കേരളത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ പ്രദർശിപ്പിച്ചുവരുന്നു

അഭിനയഗാംഭീര്യത്താൽ ഏവരേയും
അത്ഭുതപരതന്ത്രരാക്കുന്നതും, ഗാന
തല്ലജങ്ങളാൽ ഇമ്പമരുളുന്നതും,
ചിരിച്ചു മണ്ണുകപ്പിക്കുന്ന തമാ
ശകൾ ഉൾക്കൊള്ളുന്നതും,
സ്ത്രീകൾ അവശ്യം കാ
ണേണ്ടതുമായ ഒരു
ആദർശസമ്പൂർണ്ണമായ
ചിത്രമത്രെ

## കല്യാണി

(തമിഴ്)

താരങ്ങൾ:—

**B. S. സരോജ, M. സരോജ,**
**M N. നമ്പ്യാർ,**
ബാലസുബ്രഹ്മണ്യം
മുതലായവർ.




Distributors For Kerala,

**TRIVANDRUM CINE FILM DISTRIBUTORS**

**TRIVANDRUM, ERNAKULAM & KOZHIKODE**

ഉത്തരവാദിത്വമുള്ള സകലയിനം സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥന്റെ
ജ്യൂവലറി സന്ദർശിക്കുവിൻ!

# നമ്മുടെ സപ്തർഷികൾ

നമ്മുടെ മന്ത്രിമാർ ഏഴുപേരായതുകൊണ്ട് അവരെ ഷഡ്ഗവ്യങ്ങളെന്ന് പറയാൻ നിവൃത്തിയില്ല. ആറുപേരായിരുന്നെങ്കിൽ അവരെ ഗവമ്മെൻറാകുന്ന പൌവ്വർഹൌസിലെ ഷൺമുഖാനന്ദന്മാർ എന്ന് നാമകരണം ചെയ്യാമായിരുന്നു. ഏഴുപേരാണ് മന്ത്രിമാർ എന്നുവന്നുപോയതുകൊണ്ട് അവർ ഇന്നു നമ്മുടെ സപ്തർഷികളാണ്. തേജോമഹിമയാൽ അവർ തെളിഞ്ഞു മിന്നുന്നു. അനിതരസാധാരണമായ അവരുടെ ദിവ്യപ്രകാശം സർവ്വദിഗന്തങ്ങളേയും ജാജ്വല്യമാനമാക്കുന്നു. ഉത്തുംഗശൃംഗത്തിൽ തത്തി വിഹരിച്ചുമരുന്ന അവർക്ക് പരാജയത്തിൻെറ പരിരംഭണമേല്ക്കേണ്ടതേയില്ല. പ്രശസ്തിയുടെ പർവ്വതാരോഹണം നിർവ്വഹിച്ച് അവർ സന്തോഷത്തിൻെറ അലതല്ലലിൽ,

"മലയാളം മലരിട്ടു തളമിട്ട മുററത്തിൽ
മലർമങ്ക മങ്ങാത്ത മുത്തുതുത്തു" കഴിയുന്നു.

വാദവിഡംബനങ്ങളാൽ കലുഷിതമായ രാഷ്ട്രീയാന്തരീക്ഷത്തിൽ നമ്മുടെ മന്ത്രിമാർ ആമോദ മുന്തിരിച്ചാറു മോന്തി അധികാര ഊഴിഞ്ഞാലാടുന്നു. വിശാലാകാശവ്യാപ്തിയുള്ള മഹാശയങ്ങളുടെ പ്രസ്രവണത്താൽ ശാശ്വതാരാദ്ധ്യരായിപ്പോയതായി അവർ ഞെളിയുന്നു. പ്ലാററ്ഫാറങ്ങളിൽ കയറി നിന്ന് ഡിമാലഗുണ്ടൻ പ്രസംഗപടക്കങ്ങൾ പൊട്ടിക്കുന്നു. പുരോഗമനത്തിൻെറ പുറം ചട്ടയിട്ട്, അനാഥരായ സാധുക്കളിൽ അധരാനുകമ്പ പൊഴിച്ച്, പടയണി തുള്ളുന്നു. പ്രിയതമയുടെ ഗുണഗണാതിശയങ്ങളെ വാനോളം വാഴ്ത്തുന്ന ആൺകോന്തന്മാരെപ്പോലെ, കാൺഗ്രസ്സിൻെറ നേട്ടങ്ങളെ, കുലുക്കവും കുസലും കൂടാതെ തട്ടിമൂളിക്കുന്നു. വഷളത്തിൻെറ വളക്കുഴിയെന്നോ, കാപട്യത്തിൻെറ കലവറയെന്നോ, ഔദ്ധത്യത്തിൻെറ കുമ്പാരമെന്നോ കാൺഗ്രസ്സ് മന്ത്രിമാരെ പറയുന്നവരോട് അവർ അമർഷം കൊള്ളുന്നു. അന്യരുടെ അഭിപ്രായങ്ങൾക്കു കൂടെ ആതിഥ്യം നൽകുന്നതിന് അവരുടെ ഹൃദയത്തിൻെറ പടിപ്പുരവാതൽ എപ്പോഴും തുറന്നിട്ടിട്ടുണ്ടെന്ന 'ജുബർട്ടി'നെ അനുകരിച്ച് അവർ ഉദ്ഗീരണങ്ങൾ ദോളായമാനമായി നടത്തുന്നു. രാഷ്ട്രീയദ്യോവിലെ ധൂമകേതുക്കളാണീ സപ്തർഷികൾ എന്ന ആരോപണാക്ഷേപങ്ങളെ അവർ പാടേ നിഷേധിക്കുന്നു. നിയമാധിഷ്ഠിതമായ സ്വാതന്ത്ര്യം അടുപ്പിലെ തീയാണെങ്കിൽ നിയമരഹിതമായ സ്വാതന്ത്ര്യം പുരപ്പുറത്തെ തീയാണെന്നവർ പ്രതിപാദിക്കുന്നു. അംബരചുംബികളായ ആദർശങ്ങളാലനുലേപനം ചെയ്യപ്പെട്ടവരുടെ മട്ടിൽ അവർ പ്രസംഗിക്കുന്നതു കേട്ടാൽ, "ഇതു്താനാ പൂലോകം" എന്നു തോന്നിപ്പോകും. മാർത്താണ്ഡവർമ്മയിലെ ഭ്രാന്തൻ ചാന്നാൻ, "അടിയൻ ലച്ചിപ്പോം" എന്ന് പറഞ്ഞപോലെ ഈ മാന്ത്രികന്മാർ ജനങ്ങളോടുൽബോധിപ്പിക്കുന്നു. അമുക്കുരം ഏ. ജെ. ജാൺ, നഞ്ചുരം ടി. എം. വർഗ്ഗീസ്, ബുദ്ധിരാക്ഷസൻ പനമ്പള്ളി, തപ്ലാക്കട്ടകളത്തിൽ, അപ്പമുത്തു വി. മാധവൻ, ചെല്ലമെടുപ്പ് കൊച്ചുകുട്ടൻ, "പുല്ല്, പുല്ല്," ഭേസൻ ചിതംബരനാടാർ എന്നീ സപ്തർഷികൾ ചേർന്ന് തിരു-കൊച്ചി നൌകയെ ഭരിക്കയാണ്. ഇവർക്ക് താങ്ങും തണലുമായി കുറെ തോലൻ തുരുത്തികളും, ഡിമാലഗുണ്ടന്മാരുമുണ്ട്. ഇവരോരുത്തരേയുംപററി വർണ്ണിക്കവിഷമം. ഇവർ ഭരിച്ച് ഭരിച്ച് തിരുവിതാംകൂർ എങ്ങോട്ട് എന്ന് ആരും ചോദിച്ചുപോകരുത്. എക്സ് മന്ത്രിമാർ, ഉറഊരിയ ഉരഗം കണക്കെ, വെടികൊണ്ട പന്നിയെപ്പോലെ, തീപ്പൊരി ഏററ കൊല്ലനെപ്പോലെനിന്ന് കൊഞ്ഞണം കാണിക്കുന്നുവെങ്കിലും, ഞഞ്ഞാമിഞ്ഞാ പറയുന്നുവെങ്കിലും, സപ്തർഷികൾ പറയുന്നതു് അവർ തിരുവിതാംകൂറിലെ പാഴൂഴിയിൽപോലും കനകച്ചാറ് ഒലിപ്പിക്കുമെന്നാണ്; കുടിലുകളെയൊക്കെ കൊട്ടാരങ്ങളായി മാററുമെന്നാണ്; പട്ടിണിക്കാരെയൊക്കെ സമ്പൽസമൃദ്ധിനർത്തനം ചെയ്യുന്ന പൊൻ പന്തലുകളിലേക്കുന്തിത്തള്ളുമെന്നാണ്. ജീവിതത്തെ ഉല്ലാസം വിതുമ്പിനിൽക്കുന്നതാക്കുമെന്നാണ്. ഇവരുടെ പടംകാണിപ്പുവിദ്യകളൊക്കെ ചിലർക്കെങ്കിലുമറിയാം. അധികാരശിവനെ പ്പററിപ്പിടിച്ചിരിക്കുന്ന ഈ മന്ത്രിമാർക്കണ്ഡന്മാരെ

**DAMOO JEWELLERS** (Opposit Mullakkal Temple, Alleppy)

സ്വർണ്ണത്തിലും, വെള്ളിയിലും ആഭരണങ്ങൾ പരിഷ്കൃത രീതിയിൽ പരിപൂർണ്ണഉത്തരവാദിത്വത്തോടുകൂടി ഭംഗിയായി ചെയ്തുകൊടുക്കപ്പെടും. പ്രൊ: കെ. ദാമോദരൻപിള്ള.

ഉത്തരവാദിത്വമുള്ള സകലയിനം സ്വർണ്ണാഭരണങ്ങൾക്കും S. പറവൂർ A. ഗോപിനാഥൻെറ ജ്യൂവലറി സന്ദർശിക്കുവിൻ!

പൊതുജനാഭിപ്രായ കാലൻതന്നെ വന്നാലും കമ്പളത്തു് ശിവൻ സംരക്ഷിച്ചുകൊള്ളുമെന്ന ഉറപ്പു് അവർക്കുണ്ടു്. തന്റെ ഭരണം ഒഴിച്ചുള്ളതിന്റെയൊക്കെ അഖില ഭരണവൈരിയായ മി. പട്ടത്തെ അവക്കു് ഭയമില്ല. തമിഴ് മാഹാണ മോഹിനിയുടെ പരിമൃദുല ലീലയാലോലലീലകളിൽ ആകൃഷ്ടരായ മന്ത്രിമാർ ഇപ്പോൾ നേശമണിസത്തിൽ മുഴുകിയിരിക്കയാണു്. "നാലരമൊള"ങ്ങൾ മാററി ചേലകെട്ടി ചേലാഞ്ചല വിലാസിനിമാരായിരിക്കയാണു്. തമിഴ് കാൺഗ്രസ്സുകാരെ സംശയത്തോടെ വീക്ഷിക്കയും വീറോടെ വിമർശിക്കയും ചെയ്യുന്നതൊക്കെമാറി മാഹാണ മംഗലാംഗിമാരുടെ മഞ്ജുളാഭയിൽ ആമഗ്നരായിരിക്കയാണു്. മാഹാണരാക്ഷസന്റെ രക്തദാഹം മലയാളികളെ സംഹരിച്ചേ അടങ്ങൂ. അതിന്റെ മമ്മര ശബ്ദങ്ങൾ ഇപ്പോഴേ കേട്ടുതുടങ്ങിയിട്ടുണ്ടു്. സപ്തർഷികളുടെ അക്ഷിക്കു് ഇതൊന്നും ലക്ഷ്യീഭവിക്കയില്ല, ശ്രവണപുടങ്ങളിൽ പതിക്കയില്ല, വസിഷ്ഠ, വിശ്വാമിത്ര, ഗൌതമമുനിമാരേക്കാൾ പരഹൃദയജ്ഞാനവും, പാണ്ഡിത്യപാരമ്യവും, സർവ്വജ്ഞതയുമുള്ള ആധുനികർഷികളേ വർണ്ണിച്ചു് കവിതകളെഴുതാൻ കിളിമാനൂർ കേശവൻ, സഹോദരൻ അയ്യപ്പൻ, എം. ഡി. ഹരിശർമ്മാ, വിദ്വാൻ ആർ. വി. നായർ തുടങ്ങിയ കവി കോകിലങ്ങളെ നിയോഗിച്ചാലേ കൊള്ളാവൂ. മേൽനോട്ടത്തിനു് പ്രൊ: മുണ്ടശ്ശേരിയേയും പ്രൂഫ് തിരുത്താൻ മാത്യു കുഴിവേലിയേയും നിയോഗിക്കണം. മന്ത്രിസ്തോത്രങ്ങളാകയാൽ മനോരമ, ദീപിക, പൌരധ്വനി തുടങ്ങിയ പ്രതിദിനപത്രങ്ങൾ അനുമോദിച്ചു് പത്രാഭിപ്രായം പുറപ്പെടുവിച്ചുകൊള്ളും. കവികൾ ഈനത്താന്മാരാകയാൽ കേരളകൌമുദി കവിതയെ സംബന്ധിച്ചു് മാത്രം താങ്ങിക്കൊള്ളും. നാടാർ മന്ത്രിമാരുടെ ആളുകൾ സന്തോഷത്തിന്റെ കല്ലോലമാലയിൽപെട്ടുല്ലസിച്ചുകൊള്ളും. സപ്തർഷിമാർ—നമ്മുടെ മന്ത്രിമാർ അഭംഗ ഭംഗിയോടെ ലാലസിക്കട്ടെ! ടി. ബി. കൾ മന്ത്രിമാരുടെ വിഹാരരംഗങ്ങളായി വിലസട്ടെ!

—*—


സന്ദർശിക്കുവിൻ!

# ആസാദ് ഹോട്ടൽ

എവിടെ?

പഴവങ്ങാടി :: തിരുവനന്തപുരം.


# സങ്കല്പത്തിൽ

(ഒരു നിമിഷകവനം)

—*—

— വൃന്ദാവനം ഗോപാലകൃഷ്ണൻ —

തൂമണി ത്താരകൾ കണ്ണു ചിമ്മും
പൂനിലാവത്തു ഞാനേകയായി
"ആടുവോം പാടുവോം" പാട്ടുപാടി
ആനന്ദ വായ്പിലൊട്ടാടിയാടി
നന്മണി മച്ചിന്റെ വാതിലിൽ ഞാൻ
മന്മനോ നാഥനെ ക്കാത്തിരിക്കും
മുല്ല മുകുളങ്ങൾ പുഞ്ചിരിച്ചെൻ
സല്ലാപ വേളയ്ക്കായാടി നിൽക്കും
മച്ചക മുററത്തെക്കൊച്ചു വാടി
പിച്ചകപ്പൂമണം വീശി നിൽക്കും
വെൺകുളിർ ചന്ദ്രികച്ചാറു പൂശും
വെൺമണൽ ത്തിട്ടയിൽ ഞാനിരിക്കും
അപ്പൊഴൊട്ടൊന്നടുത്തങ്ങു നിന്നോ
തല്ലെഴും ഗാന മുയിർത്തു പൊങ്ങും
അക്കൊച്ചു ഗാനമെൻ കാതിണയിൽ
ചിക്കെന്നമൃതം തളിച്ചിടുമ്പോൾ
ആരുമേ കാണാതെ ഞാനെണീററാ
പേരച്ചുവട്ടി ലൊളിച്ചിരിക്കും
"എങ്ങവളെങ്ങവൾ," ചൂളവുമായ്
മംഗളരൂപൻ പകച്ചു നോക്കും
പൊട്ടി വിരിയും പ്രണയ വായ്പിൽ
പൊട്ടിച്ചിരിച്ചുപോം പെൺകൊടി ഞാൻ
"കള്ളീ നീ യിങ്ങോ" എന്നോതിയെന്നെ
പുള്ളി കടന്നു പുണർന്നിടുമ്പോൾ
"പററിപ്പു കൊള്ളാമോ" കൊഞ്ചിയക്കൈ-
ച്ചുററി ലമർന്നൊട്ടി നിന്നിടും ഞാൻ
മാറിൽത്തല ചായ്ച്ചു നിൽക്കുമെന്നെ
വാരിയെടുത്തുമ്മ നൽകിടുമ്പോൾ
കോരിത്തരിക്കു മെന്നുള്ളിലപ്പോ-
ളായിര മായിരം പൊൽക്കിനാക്കൾ
എങ്കിലു മക്കരം തട്ടി ഞാനാ-
പൊൻകളി ക്കുട്ടിൽ നിന്നോടി മാറും
ഓടി വന്നിഷ്ടൻ പിടിച്ചു നിർത്തി
താടിയിൽ ത്തട്ടി കുലുക്കിടുമ്പോൾ
"നാണമില്ലല്ലേ" എന്നോതിടും ഞാ-
നോമന സ്വപ്നമായ്ത്തീർന്നു പോകും
പിന്നെ——യയ്യയ്യേ യതോർക്കുവാനും
നാണം, ഞാൻ വാടി ക്കുഴഞ്ഞു വീണോ?

—*—


ഉത്തരവാദിത്വമുള്ള സകലയിനം റഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ. K. ഗോപിനാഥന്റെ ജൂവലറി സന്ദർശിക്കുവിൻ!

# സ: ശ്രീകണ്ഠൻനായർ പാർലമെൻറ് മന്ദിരത്തിൻെറ മുൻപിൽ നിരാഹാരസത്യഗ്രഹം ആരംഭിക്കുന്നു!

## കുമാരി മസ്ക്രീൻ അനുഭാവസത്യഗ്രഹമാരംഭിച്ചേയ്ക്കും.

(കുന്തം ലേഖകൻ)

ഡൽഹിയിൽ ഇപ്പോൾ എല്ലാവരുടേയും സംസാരവിഷയമായിരിക്കുന്നതു്, തിരു: കൊച്ചിക്കാരൻബകവയറൻ എന്ന അപരനാമത്തിലറിയപ്പെടുന്ന ശ്രീകണ്ഠൻ പാർലമെൻറിൻെറ മുൻപിൽ അനുഷ്ഠിച്ചേക്കാനിടയുള്ള സത്യാഗ്രഹത്തെപ്പററിയാണു്. സിററിയിലും, ഗ്രാമത്തിലും, എന്നുവേണ്ടാ നാലുപേർ കൂടുന്നിടത്തെല്ലാം ആവേശജനകമായ മുഖകമലങ്ങളാണു് ഈ വാർത്തയെ തുടർന്നുകാണുന്നതു്. പൊതുജനങ്ങളുടെ ആവേശാജനകമായ ഉൽകണ്ഠയെ തുടർന്നു് നിങ്ങളുടെ പ്രതിനിധി സഖാവുമായി ഒരു അഭിമുഖ സംഭാഷണം ചെയ്യണമെന്നുദ്ദേശിച്ചു് തിരു: കൊച്ചി എം. പി. മാർ താമസിക്കുന്ന കോട്ടേജിലേക്കു ചെന്നു. നേരത്തെ (Boy) ബോയിയെ വിളിച്ചു് കാണാൻ ഉള്ള സൗകര്യം രഹസ്യമായി ആരാഞ്ഞു. അദ്ദേഹം പ്രത്യേകജോലി ഒന്നും ഇല്ലാതെ ഇരിക്കുകയാണെന്നു് പയ്യൻ പറയുകയാൽ വീസിററിംഗ് കാർഡു് കൊടുത്തയച്ചു. ഭൃത്യൻ ഉടൻ തന്നെ തിരിച്ചുവന്നു്, "ഇപ്പോൾ കാണാൻ സമയമില്ലെന്നും, സന്ദർശകൻ ചോദിക്കുന്ന സമയത്തു് വിസിററു ചെയ്യാൻ അനുവാദം കൊടുത്താൽ അതു തൻെറ വിലയ്ക്കു് പോരായ്മയാണെന്നും നാളെകാലത്തു് വരാൻപറക"യെന്നുപറഞ്ഞയച്ചെന്നു പറഞ്ഞു. അതിൻ പ്രകാരം പിറേറന്നു് രാവിലെ നിങ്ങളുടെ പ്രതിനിധി സഖാവിനെകണ്ടു് അഭിമുഖ സംഭാഷണം നടത്തുകയും ചെയ്തു. ഇനിയും നിങ്ങളുടെ രാഷ്ട്രീയലേഖകനെന്ന നിലയ്ക്കാണു് എഴുതുന്നതു്.

ശ്രീകണ്ഠൻ:—നിങ്ങൾക്കെന്തറിയണം.

പ്രതിനിധി:—അങ്ങു് സത്യാഗ്രഹം തുടങ്ങുന്നു എന്നു കേട്ടു. അതു ശരിയാണോ?

ശ്രീകണ്ഠ:—ശരിയാണു്.

പ്രതിനി:—എന്തോ ഉദ്ദേശത്തിൻ പേരിലാണു് അങ്ങു് സത്യാഗ്രഹം തുടങ്ങുന്നതു്.

ശ്രീകണ്ഠ:—ഉദ്ദേശങ്ങൾ മുഴുവൻ വെളിയിൽ പറയാറായിട്ടില്ല.

പ്രതിനി:—എങ്കിലും ചില കാര്യങ്ങളെങ്കിലും വിശദീകരിക്കരുതോ?

ശ്രീകണ്ഠ:—ഏ. കെ. ഗോപാലനെപററി കേട്ടിട്ടുണ്ടു്. ആ, റഷ്യൻ കരിങ്കാലി.

പ്രതിനി:—ഉണ്ടു്. ഉണ്ടു്. അദ്ദേഹമെന്തു ചെയ്തു.

ശ്രീകണ്ഠ:—തിരു കൊച്ചിയിൽ സ: പട്ടത്തിനെ കബളിപ്പിച്ചു് ററി. വി. തോമസ് ട്രാൻസ്പോർട്ടു് യൂനിയൻ, റാഞ്ചിക്കൊണ്ടുപോയതു് നിങ്ങൾക്കറിയാമോ?

പ്രതിനി:—എന്നൊക്കെ ജനങ്ങൾ പറയുന്നു. എന്തുമാത്രം പരമാർത്ഥം ഉണ്ടെന്നെനിക്കറിയാൻ പാടില്ല. ഏ. കെ. ജി. യും, ട്രാൻസ്പോർട്ടു് യൂണിയനുമായിട്ടെന്തുബന്ധം.

ശ്രീകണ്ഠൻ:—അതുപോലെ, തിരു: കൊച്ചിയിലെ കയർ വ്യവസായ മാന്ദ്യത്തെപ്പററിയും, തൊഴിലില്ലായ്മയെപ്പററിയും ഞാൻ പാർലമെൻറിൽ പരാതിപ്പെട്ടതിൻെറ ഫലമായി അതിനെപ്പററി കേന്ദ്രം അന്വേഷിക്കാൻ ആളിനെ അയച്ചിട്ടുണ്ടു്.

പ്രതിനി:—അതു വളരെ നല്ലതു തന്നെ.

ശ്രീകണ്ഠ:—അതു് ഇപ്പോൾ ഏ. കെ. ഗോപാലൻെറ ശ്രമഫലമാണെന്നു് അയാൾ പറയുകയും, ജനങ്ങൾ അതു വിശ്വസിക്കുകയും ചെയ്യുന്നു. അങ്ങനെ ഉള്ള തെററിദ്ധാരണ മാററാനാണു് എൻെറ സത്യാഗ്രഹത്തിൻെറ പ്രഥമോദ്ദേശം.

*Visit:-*

★ RANGOON TAILORS ★

Cantonment :: Trivandrum.

ഉത്തരവാദിത്വമുള്ള സകലയിനം സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥൻെറ ജ്യൂവലറി സന്ദർശിക്കുവിൻ!

പ്രതിനി:—എ. കെ. ജി. ചെയ്യിക്കുകയോ, അങ്ങു ചെയ്യിക്കുകയോ ചെയ്താലും ഫലം എല്ലാം ഒന്നു തന്നെ അല്ലേ. പിന്നെന്താ.

ശ്രീകണ്ഠ:—അതു പോരാ. ആർ. എസ്സ്. പി. യുടെ ഒരു നേട്ടമായിട്ടുവേണം ജനങ്ങൾ അതു ധരിക്കേണ്ടതു്. ഇതും കമ്മ്യൂ: കാരുടെ വഞ്ചനാപരമായ ഒരു നയതന്ത്രമാണു്. ഇതു ഞാൻ സഹിക്കുകയില്ല.

പ്രതിനി:—വേറെ വല്ല കാരണവുമുണ്ടോ അങ്ങയുടെ സത്യാഗ്രഹത്തിനു്.

ശ്രീകണ്ഠ:—ഒരു പഞ്ചാബി, മെമ്പർ പാർലമെൻറിൽ തിരു: കൊച്ചിക്കാരെ "അരിതീനി"കളെന്നു് പരസ്യമായി അധിക്ഷേപിച്ചു. അതിനു് അയാൾ പരസ്യമായി മാപ്പു ചോദിക്കണം. അതുമല്ല, വായിലിട്ടാൽ നയന്നു് പോകുന്നതും, പാത്രത്തിലിട്ടാൽ പറന്നു പോകുന്നതും, താഴെ ഇട്ടാൽ നടന്നു പോകുന്നതും, കോരേ അരിയേക്കാൾ ചെറുതുമാണെന്നു് ഇവിടുത്തെ അദ്ധ്വാനിക്കുന്ന വർഗ്ഗം ഒരു പോലെ പറഞ്ഞിട്ടുള്ള "ധൂളിയരി" കുമാരി മസ്ക്രീൻ പാർലമെൻറിൽ പ്രദർശിപ്പിച്ചു് അതിൻെറ വൈകല്യങ്ങളെ കുറിച്ചു പറഞ്ഞിട്ടും ധനകാര്യമന്ത്രി ദേശമുഖ് അതിനെ പ്രതിഷേധിച്ചു് അതു നല്ലതാണെന്നു് ഉച്ചൈസ്തരം ഉൽഘോഷിക്കുന്നു. അദ്ധ്വാനിക്കുന്നവർഗ്ഗത്തെ പ്രതിനിധീകരിക്കുന്ന ഞങ്ങൾക്കു് ഈക്കാര്യത്തിലും പ്രതിഷേധിക്കാതിരിക്കുവാൻ നിർവാഹമില്ല. ഈ സംഗതിയും ഗവ: മൗനം അവലംബിക്കുന്ന നയത്തിൽ പ്രതിഷേധിക്കുകയാണു് എൻെറ സത്യാഗ്രഹത്തിൻെറ മൂന്നാമത്തെ ഉദ്ദേശം.

പ്രതിനി:—ഇത്രയേ ഉള്ളോ സത്യാഗ്രഹത്തിൻെറ ഉദ്ദേശം.

ശ്രീകണ്ഠൻ:—അല്ല ഇനിയും ഉണ്ടു്. മലയാളികളുടെ പ്രതിനിധിയായ ഞങ്ങൾ കൂടി പ്രതിനിധീകരിക്കുന്ന പാർലമെൻറിൽ ബഹു: മന്ത്രി ഹിന്ദിയിലാണു് പ്രസംഗം ചെയ്യതു്. അതു് മലയാളികളായ ഞങ്ങളോടുള്ള വെല്ലുവിളിയാണു്. ആ മന്ത്രിയെക്കൊണ്ടു് മലയാളത്തിൽ പ്രസംഗിപ്പിക്കുന്നതുവരെ ഞാൻ സത്യാഗ്രഹം ചെയ്യും. മററുള്ള കാര്യങ്ങൾ നിങ്ങളെ അറിയിക്കാറായിട്ടില്ല. കുമാരി മസ്ക്രീനും എനിക്കു വേണ്ടി അനുഭാവ സത്യാഗ്രഹം ചെയ്യാമെന്നു് സമ്മതിച്ചിട്ടുണ്ടു്.

പ്രതിനി:—അങ്ങു് സത്യാഗ്രഹം നടത്തുമെന്നു് കാണിച്ചു് നോട്ടീസയച്ചിട്ടുണ്ടോ?

ശ്രീകണ്ഠ:—അതു നിങ്ങൾക്കറിഞ്ഞിട്ടു് എന്തുകാര്യം. അതു ഞാനെൻെറ ഇഷ്ടം പോലെ ചെയ്യും.

പ്രതിനി:—അങ്ങനെ നിയമമുണ്ടല്ലോ? അതുകൊണ്ടു പറഞ്ഞു പോയതാണു്.

ശ്രീകണ്ഠ:—(കോപത്തോടെ) അതു ഞാൻ നിശ്ചയിച്ചോളാമെന്നല്ലേ പറഞ്ഞതു്. നിങ്ങൾക്കനുവദിച്ചിട്ടുള്ള സമയംകഴിഞ്ഞു. നിങ്ങൾക്കു് പോകാം.

പ്രതിനിധി.—ഒരു കാര്യംകൂടി ചോദിച്ചു കൊള്ളട്ടെ.

ശ്രീകണ്ഠ:—എളുപ്പം ചോദിച്ചോളൂ.

പ്രതിനി:—അങ്ങു് ഇപ്പറഞ്ഞ കാര്യങ്ങൾ ഒന്നും തന്നെ അനുവദിച്ചു കിട്ടിയില്ലെങ്കിലോ.

ശ്രീകണ്ഠ:—പത്തുദിവസം കഴിഞ്ഞു് അങ്ങു നിർത്തിക്കളയും.

നിങ്ങളുടെ പ്രതിനിധി മൂകനായി എങ്ങോട്ടെന്നില്ലാതെ ഇറങ്ങി തിരിച്ചു.


# ധന്വന്തരിവൈദ്യശാല

## H. O. തൊടുപുഴ

ബ്രാഞ്ചുകൾ:—വാഴക്കുളം പാലാ, എറണാകുളം, കോട്ടയം, വൈക്കം, പൂഞ്ഞാർ, തിരുവനന്തപുരം, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, കോതമംഗലം, മൂവാററുപുഴ, നാഗർകോവിൽ, കാഞ്ഞാർ, ചങ്ങനാശ്ശേരി, ആലപ്പുഴ, കൊല്ലം, ആലുവാ, പറവൂർ, പൊൻകുന്നം, തിരുവല്ലാ, തൃശ്ശൂർ, കോഴിക്കോട്ടു്, ചേർത്തല, മുണ്ടക്കയം, ഈരാററുപേട്ട, കൂത്താട്ടുകുളം, പിറവം, മാവേലിക്കര, കായംകുളം, കൊട്ടാരക്കര, ആററങ്ങൽ, നെയ്യാററിൻകര, മദ്രാസ്, കൊച്ചി, ഇടപ്പള്ളി, പന്തളം, തക്കല, പുനലൂർ. കിളിമാനൂർ, നെടുമങ്ങാട്ടു്.

ച്യവനപ്രാശം ലേഹ്യം റാത്തൽ 1-നു് 3 രൂപാ

ക്ഷീണശരീരങ്ങൾക്കു് ബലം, ആരോഗ്യം ഇവകളെ വർദ്ധിപ്പിക്കുവാൻ വളരെ വിശേഷം. കാസം, ശ്വാസം, ജ്വരം, ഏദ്രോഗം, മൂത്രരോഗം, ശുക്ലദോഷം, ഒച്ചഅടപ്പു്, രക്തവാതം, ഇവകളെ നശിപ്പിക്കയും ശരീരകാന്തി, ബുദ്ധിശക്തി, ഓമ്മശക്തി ഇവകളെ ഉണ്ടാക്കുകയും ചെയ്യും. ഒരു രൂപാ തൂക്കം മുതൽ രണ്ടു രൂപാ തൂക്കംവരെ ഉപയോഗിക്കാം.

ഉത്തരവാദിത്വമുള്ള നംകലയിനും റഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥൻെറ ജ്യൂവലറി സന്ദർശിക്കുവിൻ!

വിനോദനാടകം

# കുടുംബകലഹം

(തുടർച്ച)

(വൃകോദരൻ)

സുകു—വീണ്ടും വഴക്കിനു തുടങ്ങുകയാണോ? ഞാൻ തളൎന്നു. ഇനി ദൈവം സത്യമായി ഞാൻ പോകും— അക്കൻ വൈദ്യരെ പടുകിഴവനാക്കി സംസാരിക്കുന്നതു പിശകാണു്. അത്രയ്ക്കൊന്നും വൈദ്യൎക്കു പ്രായമില്ല—അതല്ലെങ്കിൽ തന്നെ ഈ പ്രായം പ്രായം എന്നു പറയുന്നതേ—അതു ശരീരത്തെ അനുസരിച്ചല്ല മനസ്സിനെ ആശ്രയിച്ചാണിരിക്കുന്നതു്. ചേട്ടത്തി മനസ്സിലാക്കിയിട്ടുണ്ടോ—മനസ്സിനു നല്ല തൻറേടമുണ്ടെങ്കിൽ വയസ്സേത്ര ആയാലെന്തു്. എശ്ശുമോ? ഹേയ്!!

കൊച്ചു—ഹങ്ങനെ പറ! സുകുമാരാ.

വൈദേ—(അറിയാതെ ചിരിച്ചുപോകുന്നു) ചിരിക്കാതെന്തു ചെയ്യും.

സുകുമാ—ഇനി ഏതായാലും സംഭാഷണം വേറെ ആകട്ടെ. വൈദ്യരുടെ മകളല്ലേ വരുന്നതു്. മക്കളുടെ മുമ്പിൽ മാതാപിതാക്കന്മാർ ഗൗരവം സൂക്ഷിക്കണം.

(വിജയമ്മ പ്രവേശിക്കുന്നു.)

കൊച്ചു—നീ എവിടായിരുന്നു പെണ്ണേ ഇത്രനേരവും; കാലത്തു പോയതാണല്ലോ.

വിജയമ്മ—സ്കൂളിൽ

വൈദേ—എന്തിനെടീ കള്ളം പറയുന്നതു? ഇന്നു ശനിയാഴ്ചയല്ലേ, ഇന്നേതു സ്കൂളാണു് നിനക്കു്.

വിജയ—പരീക്ഷ അടുത്തതുകൊണ്ടു് ഈയിടെ എല്ലാ ശനിയാഴ്ചയും പഠിത്തമുണ്ടഛാ.

വൈദേ—എല്ലാ ശനിയാഴ്ചയും പഠിപ്പിച്ചു തരാം. വച്ചു വിളമ്പാൻ ഇവിടെ ഒരുത്തി കിടപ്പുണ്ടല്ലോ. നാളെ മുതൽ തന്തയും മോളും അടുക്കളയിൽ കയറിക്കൊള്ളണം. വാസുവിനെ ഞാൻ പിരിച്ചുവിടും.. —പോടീ അകത്തു്-നിന്നു് ചിണുങ്ങാതെ.

കൊച്ചു—കണ്ടോ. ആ-

വൈദേ—കണ്ടോ ഈ!! ഒരു ഈയുമില്ല.—എനിക്കറിയാം അവളെ നേരെ നിറുത്താൻ—(അകത്തേക്കു നോക്കിയിട്ടു്) അത്താഴത്തിനു് അരിവയ്ക്കണം. അകത്തു കയറി പൊട്ടും തൊട്ടു നിന്നാൽ പോരാ—

കൊച്ചു— മോളേ, ആ തിപ്പലി ഇന്നലെ വാങ്ങിയതു—ഇങ്ങെടുത്തു കൊണ്ടുവാ, കുഞ്ഞേ.

വൈദേ—പോടീ—പോയി വെള്ളം കോരാനാണു് പറഞ്ഞതു്-അത്താഴത്തിനു അരി വയ്ക്കണം.

കൊച്ചു—ഇതെന്തു് പട്ടാളമുറയാണു്. അവളോടു് ഈ മൂന്നരക്കൊല്ലത്തിനുള്ളിൽ ഒരു ദിവസമെങ്കിലും നീ സുഖമായി ഒരു വൎത്തമാനം പറഞ്ഞിട്ടുണ്ടോ—തള്ളയില്ലാത്ത പെൺകൊച്ചല്ലേ.

വൈദേ—അതുകൊണ്ടു്

കൊച്ചു—അതുകൊണ്ടു് ഒന്നും വേണമെന്നു പറയുന്നില്ല. അവൾ കാലത്തു സ്കൂളിൽ പോയിട്ടു ഈ സന്ധ്യയ്ക്കല്ലേ തിരിയെ വന്നതു്. വിശപ്പിനു് എന്തെങ്കിലും അവൾക്കു വച്ചേക്കാൻ നിനക്കു തോന്നിയോ.

വൈദേ—അതുകൊണ്ടു—ഓഹോ മകൾ വന്ന ഉടൻ പിടിച്ചിരുത്തി ഊട്ടാത്തതു പ്രിയപ്പെട്ട പിതാവിനു രസിച്ചില്ലായിരിക്കും!! വേണ്ടാ വേണ്ടാ—നീ ഒന്നും ചെയ്യേണ്ടാ പെണ്ണേ. ഇങ്ങു പോരെ വന്നു എറാത്തിരി. അഛനു മോളെ പിരിഞ്ഞിരുന്നാൽ മോഹാലസ്യം വരും. ഞാൻ ഇതാ ഇങ്ങു കൂട്ടിക്കൊണ്ടുപോരാം. (അകത്തു ചെന്നു വിജയമ്മയെ പിടിച്ചുകൊണ്ടു വരുന്നതിനിടയിൽ അവളുടെ കൈവശംഇരുന്ന ഒരു തുറന്ന കത്തു കാണുന്നു.)

വൈദേ:—എന്തെടീ ഒളിക്കുന്നതു് അതു്. കാണട്ടെ-കാണട്ടെ അതു തന്നെ—ഹങ്ങനെ വരട്ടെ. മിണ്ടാപ്പൂച്ചേ—നീ കലമുടയ്ക്കാൻ തുടങ്ങിയല്ലേ. ഒന്നാംതരമായി. "കറുത്തിരുണ്ടവൻ കണ്ണുരണ്ടുള്ളവൻ കടിച്ചാൽ രണ്ടുമുറി" (പരിഹാസ രൂപത്തിൽ അങ്ങനെ പാടുന്നു.)

സുകുമാ:—എന്താണക്കാ—അക്കൻ ആ സാധുവിനെ ഇട്ടു തുള്ളിക്കുന്നതു്. കഷ്ടം! പിടി വിടണം.

വൈദേ;—പിടി വിടുന്നതെങ്ങനെ സുകുമാരാ. പിടി ശരീരത്തിലല്ല, ഹൃദയങ്ങൾ തമ്മിലാണു്. പ്രിയപ്പെട്ട അഛനു കൂടി ഒന്നു കേൾപ്പിച്ചു കൊടുക്കട്ടെ. ഇതാ കണ്ടോ—കണ്ണിലുണ്ണിയായ മകൾ കൊണ്ടുവന്നിരിക്കുന്ന കാമലേഖനം!! ആരാണെടീ നിൻറെ പ്രാണനാഥൻ! വായിക്കട്ടെ-

"പ്രേമ സൎവ്വസ്വമേ. ഭവതിയുടെ പ്രണയ പേശലമായ അധര പുടങ്ങളിൽ—"

സുകുമാര:—ഛേ ഛേ—അക്കാ ഇതെന്തുമൎയ്യാദയാണു്. ഒരു പെൺകുട്ടിക്കു് ഒരുത്തൻ എഴുതിയ പ്രേമലേഖനം അവളുടെ അഛൻറയും അവളുടെയും സാന്നിദ്ധ്യത്തിൽ വച്ചു പരസ്യമായി വായിക്കുന്നതു വെറും അന്യായമാണക്കാ. മനുഷ്യരെ ജീവനോടെ ദഹിപ്പിക്കരുതു്.—

ഉത്തരവാദിത്വമുള്ള സകലയിനം സ്വൎണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥൻറ ജൂവലറി സന്ദൎശിക്കുവിൻ!

കൊച്ചു:—എന്റെ തലയ്ക്കു ഭ്രാന്തു പിടിക്കുന്നു. എനിക്കുശരീരം കുഴയുന്നു. ഇതെന്തു് അപമാനമാണു് ഞാൻ ഈ കേൾക്കുന്നതു്. എടീമാനംകെട്ടമൂധേവീ, നീ കാമലേഖനങ്ങൾ വാങ്ങാനാണോടീ പള്ളിക്കൂടത്തിൽ പോകുന്നതു്.—വൈദേഹി, എന്റെ പ്രിയപ്പെട്ട വൈദേഹി—ഈ പീറപ്പെണ്ണിനെ നല്ല കണക്കിനു ശിക്ഷിക്കുക. ഞാൻ ഇനി ഒരു നാളും നിന്നെ തടുക്കുകയില്ല. കേട്ടോ സുകുമാരാ—വൈദേഹിയുണ്ടല്ലോ—എന്നോടു വാക്കേററു പറയുമെങ്കിലും അവളെത്ര അന്തസ്സുള്ളവളാണു്—നാലക്ഷരം പഠിച്ചവൾ—അവളതു വേറെതന്നെ—

വൈദേ:—ഞങ്ങൾ തമ്മിൽ പലപ്പോഴും പിണങ്ങും കേട്ടോടാ സുകുമാരാ—എന്നാലും ഇവിടെ കണ്ണുചുമന്നാ വിറച്ചു കൊണ്ടാണു് ഞാൻ ഇതിനകത്തു നിൽക്കുന്നതു്. ഒരു പുരുഷന്റെ മുഖത്തു നേരേ നോക്കാൻ എനിക്കിന്നുവരെ ധൈര്യം തോന്നിയിട്ടില്ല.—ഇവൾക്കു പതിനഞ്ചു വയസ്സു തികഞ്ഞില്ല കേട്ടോ. തലയിരിക്കുന്നിടത്തു കഴുത്തു വരുമ്പോ പിന്നെ പാടേതു്?—കള്ള അവലക്ഷണം!

കൊച്ചു:—ചൂടണം—അവലക്ഷണത്തെ—ചുട്ടു ചാമ്പലാക്കണം. മഞ്ചാടിമൂട്ടിൽ ഭവനത്തിന്റെ മാനം കെടുത്തിയ മരനായ്—എന്തെടീ തടിപോലെ നിൽക്കുന്നതു്—എവിടെ നിന്നും വാങ്ങിയെടീ ഈ കോമാളിത്തരം—

സുകുമാ:—അമ്മാവാ മറെറാരു വഴിക്കു ഉണ്ടാക്കാൻ പോകയാണല്ലോ വൈദ്യരേ.

കൊച്ചു:—സുകുമാരൻ—നിന്റെ പാട്ടനോക്കു.—ഇതു് എന്റെയും വൈദേഹിയുടേയും വീട്ടുകാര്യം.

(തുടരും)

—

ഗ്രന്ഥവിമർശം

## യുദ്ധരംഗത്തിലെ പ്രണയം

(ജീവൻ പബ്ളിഷേഴ്സ്, ആലപ്പുഴ)

വളരെയേറെ പ്രതീക്ഷകളോടുകൂടിയാണു്. "യുദ്ധരംഗത്തിലെപ്രണയം"തുറന്നു നോക്കിയതു്. പക്ഷേ ആ പ്രതീക്ഷകളേ തൃപ്തിപ്പെടുത്താൻ തക്ക കരുക്കളൊന്നും കാണാത്തതിൽ ഖേദിയ്ക്കുന്നു. കഥയുടെ ചുരുക്കം ഇതാണു്. 1941-ൽ ചെറിയമ്മയുടെ പിടിയിൽ നിന്നും കുതറി രക്ഷപ്പെട്ടു് സൈന്യത്തിൽചേർന്ന 15 വയസ്സുള്ള ഒരു പയ്യനാണു ലിജിൻ. കാലക്രമേണ അയാൾ നാലാംസ്ക്വാഡിന്റെ അസിസ്റ്റൻറായി. അയാളുടെ നേതൃത്വത്തിൽ വീണ്ടെടുക്കപ്പെട്ട ഒരു ഗ്രാമത്തിലെ ഒരു ചെറുപ്പക്കാരിയുമായി അയാൾ പ്രേമത്തിലായി. നിയമം അയാളെ താക്കീതുചെയ്തു. പക്ഷേ അയാൾ പ്രേമം പിൻവലിച്ചില്ല. എഴ് മെയ് എന്നാണു പെണ്ണിന്റെ പേരു്. അവളെ സഹോദരീ ഭർത്താവ് വളരെ ഉപദ്രവിച്ചിരുന്നു. അയാളെകൊന്നു് ലിജിൻ പ്രേമത്തിന്റെ പന്ഥാവ് സുരക്ഷിതമാക്കി. ഇങ്ങനെനാണു കഥ പോകുന്നതു്.

കെ. കെ. വാരിയരുടെ തർജ്ജിമ വളരെ മോശമായിട്ടുണ്ടു്. ഉജ്ജ്വലമായ ഈ ചൈനീസ് കഥയുടെ ജീവൻ കളഞ്ഞ കുററത്തിനു് ജീവൻ പബ്ളിഷേഴ്സ് കുററക്കാരാണു്. ഇപ്പോൾ റഷ്യൻ കഥകളും ചൈനീസ് കഥകളും തർജ്ജമ ചെയ്യുക എന്നതു് ഒരു ഫാഷനായിത്തീർന്നിട്ടുണ്ടു്. അങ്ങനെ അശക്തരായ പല എഴുത്തുകാരും മൂലകഥാകൃത്തുക്കളെ തേജോവധം ചെയ്യുകയാണു്. ഈ നില അവസാനിപ്പിയ്ക്കണം. ജീവൻ പബ്ളിഷേഴ്സിന്റെ ഇനിയുള്ള പ്രസിദ്ധീകരണങ്ങളെങ്കിലും വിജയത്തിൽ കലാശിയ്ക്കട്ടെ എന്നാശംസിയ്ക്കുന്നു. (മാവേലിക്കര)


## ചന്ദ്രികാ സ്റ്റോർ

കച്ചേരിക്കു സമീപം :: ആററിങ്ങൽ.

ചില്ലറ വ്യാപാരികളുടെ സുവർണ്ണാവസരം. സ്റ്റേഷനറി, പുകയില, ബീഡി, സിഗററുകൾ, ഒന്നാംതരം മദ്രാസ് പൊടി, വാസന ദ്രവ്യങ്ങൾ, പലയിനം സോപ്പുകൾ ഇവ മിതമായ വിലക്കു ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുക.

N. B. കൂടാതെ ഞങ്ങളുടെ ചന്ദ്രികാ കൺഫക്ക്ഷനറി ഒരിക്കൽ ഉപയോഗിച്ചുനോക്കുവിൻ. പ്രൊ. കെ. രാഘവൻ.

ഉത്തരവാദിത്വമുള്ള സകലയിനം റഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥന്റെ ജ്യൂവലറി സന്ദർശിക്കുവിൻ!

ഒന്നാംതരം ഫോട്ടോകൾക്ക്

## ശാന്താ സ്ററുഡിയോ സന്ദർശിക്കുക

ബസ്സ്സ്റ്റാൻഡ്—ആററിങ്ങൽ.

## S. P. ഹോട്ടൽ ആൻറ് ററീഷാപ്പ്

കച്ചേരിജംഗ്ഷൻ ◆ നെടുമങ്ങാട്.

നെടുമങ്ങാട്ടു വരുന്നവർ കച്ചേരിയുടെ മെയിൻഗേററിനു തെക്കുവശമുള്ള ബോർഡ് സൂക്ഷിക്കുക—സുഖകരമായ ഭക്ഷണം. രുചിയും, ശുചിയുമുള്ള പാനീയപദാർത്ഥങ്ങൾ എപ്പോഴും തയ്യാർ. ഒരിക്കൽ പരീക്ഷിക്കുക.

മാനേജർ.

## The Ramakrishna Electric Works

CHINNAKKADA :: QUILON

Specialists in Winding & Repairs of A. C and D. C. Generators Motor converters, Transformers and Dynamos Etc, Etc.

## വിഷവൈദ്യശാല

പുതിയവിള .... .... കായംകുളം

പേപ്പട്ടി, പാമ്പ്, എലി, എട്ടുകാലി ഇവകളുടെ വിഷത്തിനും കൈവിഷത്തിനും അത്ഭുതകരമായ ചികിത്സ. പേപ്പട്ടിവിഷത്തിനു പത്ഥ്യമേ വേണ്ട?

വൈദ്യൻ മാംകുളം കെ. ഗോവിന്ദൻ നംപൂതിരി,
വിഷവൈദ്യ വിശാരദ്, A. C. R. C.

## :: ഇതു വായിക്കരുതേ ::

സ്വർണ്ണം, വെള്ളി, ഇവകൊണ്ടു നിർമ്മിക്കുന്ന സകല ഇനം ആഭരണങ്ങൾ ആർഡറുകൾ അനുസരിച്ചും കൃത്യനിഷ്ഠയോടു കൂടി ഇവിടെ നിന്നും നിങ്ങൾക്കു കിട്ടുന്നതാണ്.

S. പരവൂർ. പ്രൊ:- എൽ. രാമസ്വാമിആശാരി.

ഉത്തരവാദിത്വമുള്ള സകലയിനം സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥന്റെ ജ്യൂവലറി സന്ദർശിക്കുവിൻ!

കലാവേദി.

# "മേരി" അല്ലെങ്കിൽ "ഓമന"! അതുമല്ലെങ്കിൽ "സ്നേഹലത"!!

## "മോഹലത" "ദാഹലത" എന്നീ പേരുകൾ ആലോചനയിൽ!!!

മേരിയായിരുന്ന ഓമന സ്നേഹലതയായ കഥയാണു് ഞാൻ നിങ്ങളോടു് പറയാൻ പോകുന്നതു്. അവൾ ക്രനമ്മാവു് കോൺവൻറു് ഇംഗ്ലീഷു് ഹൈസ്കൂളിൽ ചരിത്രം സൃഷ്ടിച്ച കാലത്തു് അവളെ എല്ലാവരും 'മേരി' എന്നാണു് വിളിച്ചിരുന്നതു്. ആ വാക്കിനു് ഹിന്ദിയിൽ 'എൻേറതു്' എന്നോ 'എൻറവൾ' എന്നോ ഒക്കെയാണർത്ഥമെന്നു് വാൽ ബഹദൂർശാസ്ത്രിയുടെ ശിഷ്യരായ നിങ്ങളോടു പ്രത്യേകം പറയേണ്ടല്ലോ. പിന്നീടു് ഹൈസ്കൂളിൽ നിന്നും പുറത്തു ചാടി വെള്ളിത്തിരയിലേക്കോടിയ ആ പെമ്പിളപെണ്ണിനെ നാം കാണുന്നതു് പ്രൊഡ്യൂസറന്മാരുടേയും നടന്മാരുടേയുമെല്ലാം 'ഓമന' യായിട്ടാണു്. ആ പേരു വീണതെങ്ങനെയെന്നുള്ള വിവരം ചരിത്ര വിദ്യാർത്ഥികളുടെ അറിവിലേക്കായി താഴെ കൊടുക്കുന്നു.

തഴപ്പും മുഴുപ്പുമുള്ള മേരിയുടെ 'പേർ' ചോദിയ്ക്കാൻ പ്രൊഡ്യൂസറന്മാർ കൂട്ടാക്കിയില്ല. അവർ ഇൻറർവ്യൂ സമയത്തു് ആവേശപൂർവ്വം അവളെ 'ഓമനേ' 'ഓമനേ' എന്നു് ഇടതടവില്ലാതെ വിളിച്ചുകൊണ്ടിരുന്നു. നടന്മാരും അഭിനയ സമയത്തും അനുഭവ സമയത്തും എല്ലാം ആ മധുരമുള്ള "ഓമനേ" വിളി തന്നെ ആവർത്തിച്ചുകൊണ്ടിരുന്നു. അങ്ങനെ അതു കേട്ടു കേട്ടു തഴമ്പിച്ചു് അവൾ പഴയ "പേർ" തീരെയങ്ങു വിസ്മരിച്ചു. പകരം "ഓമന" യെന്നാണു തൻെറ പേരെന്നു വിചാരിച്ചു. പണ്ടു്, ബ്രാഹ്മണൻെറ ആടിനെ എല്ലാപേരും 'പട്ടീ പട്ടീ' എന്നു വിളിച്ചു് പട്ടിയാക്കിയ കഥ വായനക്കാർ കേട്ടിരിക്കുമല്ലോ. അതുപോലെയാണു് സങ്കതി പററിയതു്. ആടായിരുന്ന മേരി കള്ളക്കാമുകന്മാരുടെ നിരന്തര വിളികളാൽ പട്ടിയായ ഓമനയായി ത്തീൎന്നു. അതിനെ എടുത്തു കൊണ്ടു നടന്നിരുന്ന ബ്രാഹ്മണനായ നരസിംഗു് ശിപായിയപ്പച്ചൻ കള്ളക്കാമുകരുടെയിടയിൽ അവളെ വിട്ടിട്ടു് വീട്ടിലേക്കു നടന്നുപോവുകയും ചെയ്തു. ഇതാണു ചരിത്രകഥ.

ഇപ്പോഴും 'മേരി' എന്നു വിളിച്ചാൽ അവൾ വിളികേൾക്കുകില്ല. 'ഓമനേ' എന്നു് ആരുവിളിച്ചാലും ഉടനേ വിളികേട്ടുകൊണ്ടു് ഓടിയടുത്തുചെല്ലും. ചിലർ 'മേരി ഓമനേ' എന്നും വിളിക്കാറുണ്ടത്രേ. (എൻെറ ഓമനേ എന്നർത്ഥം കാൺക)

ചില പന്നപ്പടങ്ങളിൽ ഓമനയെ കയററിയിറക്കിയപ്പോൾ ഒരു ഭയങ്കരപ്രശ്നം പൊട്ടിപ്പുറപ്പെട്ടു. ആ പ്രശ്നത്തിൽ നിന്നാണു് 'സ്നേഹലത' എന്ന പേരുണ്ടായതെന്നു് ചരിത്രകാരന്മാർ പറയുന്നു. സ്ററുഡിയോകളിലും മററു നടികളുടെ ഇടയിൽകിടന്നു പിരളുന്ന പ്രൊഡ്യൂസറന്മാർ 'ഓമനേ' എന്നാണു് പലരേയും വിളിയ്ക്കാറുള്ളതു്. 'മേരിയോമന' യേ വേണ്ടസമയത്തു് പ്രൊഡ്യൂസർ 'ഓമനേ' എന്നു നീട്ടിവിളിയ്ക്കും. "എന്തോ" എന്നു വിളികേട്ടുകൊണ്ടു് എല്ലാനടികളും അയാളുടെ മുറിയിലേക്കിരമ്പിക്കയറി മടിയിലും കാലിലും കഴുത്തിലും നെഞ്ചിലുമെല്ലാം അരനൊടിയ്ക്കകം സ്ഥാനംപിടിയ്ക്കും. കാരണം ഓരോരുത്തരും വിചാരിയ്ക്കും അവരേയാണു വിളിച്ചതെന്നു്. തനിച്ചിരിയ്ക്കുമ്പോൾ അങ്ങനെയാണു പ്രൊഡ്യൂസർ വിളിയ്ക്കാറ


## ഭഗവതിവിലാസം ഹോട്ടൽ ആൻറു് ററീഷാപ്പു്

ബസ്സ്സ്റ്റാൻഡു് :: കായംകുളം

ടൗണിൽ വരുന്നവർ രുചിയായി കാപ്പികുടിക്കുവാനും, സുഖമായി ഊണുകഴിക്കുവാനും ഞങ്ങളുടെ സ്ഥാപനത്തിൽ വരുക.

ഉടമസ്ഥൻ പി. കുട്ടൻപിള്ള.

ഉത്തരവാദിത്വമുള്ള സകലയിനം റെഡിമെയിഡു് സ്വർണ്ണാഭരണങ്ങൾക്കും S. പറവൂർ A. ഗോപിനാഥൻെറ ജ്യൂവലറി സന്ദർശിക്കുവിൻ!

ള്ളതും. എന്തിന് നമ്മുടെ 'മേരിയോമന' യേ കിട്ടാനുള്ളവഴി ഇങ്ങനെയടഞ്ഞു. എല്ലാവരുംകൂടി ദേഹത്തു പിടച്ചുകേറിയാൽ ഉടനെ ക്ഷയരോഗാശുപത്രിയിലേക്കു ഷൂട്ടിംഗുമാററേണ്ടതായും വരും. പ്രൊഡ്യൂസർ വിഷമിച്ചു. അയാൾ നമ്മുടെ ഓമനയെമാത്രം വിളിച്ച് ഈ പ്രശ്നത്തിനുള്ള പരിഹാരത്തെപ്പററി ചർച്ച ചെയ്തു. 'സ്നേഹലത' എന്ന പുതിയ പേരിട്ടാൽ ഈ കുഴപ്പം പരിഹരിക്കാമെന്നും പ്രൈവററുമുറിയിൽ വരുമ്പോൾ മാത്രം 'ഓമന' എന്ന പഴയപേര് സ്വീകരിക്കാമെന്നുമുള്ള ഒരു തീരുമാനത്തിൽ അവർ എത്തിച്ചേർന്നു. സ്നേഹമാകുന്ന ലത അല്ലെങ്കിൽ സ്നേഹത്തിൻെറ ലത എന്നാണു പേരിൻെറ അർത്ഥം! ലതപോലെ ആരെക്കണ്ടാലും വളയുമെന്നു ചുരുക്കം.

ഇനി സ്നേഹലതയുടെ ജന്മഗൃഹത്തെപ്പററി ഗവേഷണം ചെയ്യാം. ചേരാനല്ലൂരു വിക്കറിരീയററിൻെറ മുൻവശത്തുള്ള ദുർഗ്ഗന്ധപൂർണ്ണമായ ഇടവഴിയിൽകൂടി ഒരു ഫർലാങ്ങു നടക്കുമ്പോൾ ഇടത്തുവശത്തുള്ള വേലിക്കെട്ടിലുള്ളിലായി ഓടിട്ട ഒരൊററപ്പുര കാണാം. അവിടെയാണ് നമ്മുടെ 'താരം' അവതാരം ചെയ്തതു്. വിവാഹിതരും അവിവാഹിതരുമായ ആറു സഹോദരങ്ങൾ ഈ താരത്തിനുണ്ട്. ക്രൂനമ്മാവ് സെൻറ്മേരീസ് സ്കൂൾ കാമ്പൗണ്ടിനോടു ചോദിച്ചാൽ അവരുടെ വിദ്യാഭ്യാസം എങ്ങനെയായിരുന്നു എന്നറിയാം. ആ കാമ്പൗണ്ടിന് പഴയ മേരിപ്പെണ്ണിനെപ്പററി എത്രയായിരം ഞെട്ടിയ്ക്കുന്ന കഥകൾ പറയാനുണ്ടാവും.

നല്ലതങ്കയിലാണാദ്യമായി അവർ വിളയാടിയതു്. പിന്നെ ശശിധരൻ, ചേച്ചി തുടങ്ങിയ ചിത്രങ്ങളെയും അവർ ചീത്തയാക്കിയിട്ടുണ്ട്. ഡയറക്ടർ ജാനകീറാം ശശിധരനിലും ചേച്ചിയിലും ഓമനയെ നല്ലപോലെ ഷൂട്ടിംഗ് പഠിപ്പിച്ചിട്ടുണ്ട്. എന്നിട്ടും ഇന്നും അവർ ഒരു 'മിസ്സ്' മാത്രമാണെന്നുള്ള കാര്യമല്ലേ അതിശയം. ഇപ്പോൾ 'ജനോവാ' 'സന്ദേഹി' എന്നീ ചിത്രങ്ങളിൽ അഭിനയിയ്ക്കുകയാണ്. "സ്നേഹലത" യെന്ന പേരുകേട്ട് പാവപ്പെട്ട ചിലർ അതൊരു ഹിന്ദിതാരമാണെന്നു തെററിദ്ധരിച്ചിട്ടുണ്ടാവും. നമ്മുടെ ഓമനയായ മേരിയാണെന്നറിയുമ്പോൾ അവർ തീർച്ചയായും നിരാശപ്പെടാതിരിയ്ക്കയില്ല. 'സ്നേഹലത' എന്നപേരും ചീത്തയായിക്കഴിയുമ്പോൾ അവൾ 'മോഹലത' 'ദാഹലത' എന്നിങ്ങനെയുള്ള പുതിയ പേരുകൾ സ്വീകരിയ്ക്കാതിരിയ്ക്കയില്ല.

ഇന്നു സിനിമായിൽ കാണുന്ന ഓമനയുടെ സൗന്ദര്യം മുഴുവൻ മേക്കപ്പാണ്. സത്തു മുഴുവൻ ഊററിയെടുക്കപ്പെട്ട ഒരു കരിമ്പിൻ കൊത്താണവൾ. അവൾ കൊത്തായ കഥയെപ്പററിയെഴുതാൻ ആയിരം പെൻസിലുള്ള അനന്തനുപോലും പ്രയാസം.

1124-നു മുമ്പ് ചേരാനല്ലൂർ ഇടവഴിയിൽകൂടി ആരെങ്കിലും മൂന്നു വെള്ളിരൂപാ ഇടത്തു കയ്യിൽ പൊക്കിപ്പിടിച്ചു കൊണ്ടു കടന്നു പോയാൽ ഉടൻ കാണികൾക്കു മനസ്സിലാവും അതിൻെറ അവകാശി ഓമനയായ മേരിയാണെന്ന്. ഒരു പോലീസ് ഇൻസ്പെക്ടരുടെ സ്ഥിരം കാമുകിയായി കുറെനാൾ ഓമനയ്ക്കു കഴിയേണ്ടി വന്നിട്ടുണ്ട്. സിനിമാ ലോകത്തേക്കു കാലുകുത്തിയപ്പോൾ പഴയ മൂന്നു രൂപാക്കാരുടേയും പോലീസ് ഇൻസ്പെക്ടരുടേയും പേരെഴുതിയ ലിസ്റ്റ് അവൾ അടുപ്പിലിട്ടു. ആ സാധുക്കൾ നിരാധാരരായി.

ഓമനതന്നെ പലപ്പോഴും പറയും സിനിമായ്ക്കു നല്ല പേരു കിട്ടണമെങ്കിൽ ഡയറക്ടർ മുതൽ ഡ്രൈവർവരെയുള്ളവരെ സ്നേഹിച്ചാലേപററുകയുള്ളെന്ന്. അതാണവരുടെ അനുഭവം! വയററു പിഴപ്പിനുവേണ്ടി പാവപ്പെട്ട ഓമന കാട്ടുന്ന ഗോഷ്ടികൾ ക്ഷമിക്കാൻ വികടകേസരി തയ്യാറാണ്. പക്ഷേ വായനക്കാർ... ങും. പോട്ടെ! നിങ്ങളും അങ്ങു ക്ഷമിച്ചുകൊടുത്തേക്കുക!!

—


# ആർട്ടിസ്ററ് കാത്തികേയൻ

## മലയാലപ്പുഴ

മൈലപ്ര (P. O.) പത്തനംതിട്ട,

മലയാള കഥാപ്രസംഗകലയുടെ പരിണതമായ പുരോഗതിക്ക് സമുചിതമായ സരസസംഭാവനകൾ നൽകുന്ന യുവകാഥികൻ! കഥകളോ—(1) വാഴക്കുല (2) ദുരവസ്ഥ (3) ചെങ്കൊടി (4) ആ മോതിരം മുതലായവ. പശ്ചാത്തലസംഗീതം:—തുമ്പമൺ രാഘവൻഭാഗവതർ-(ഹാർമ്മോണിയം) കുമാരി സതീബായി-(പിൻപാട്ടു്) മാസ്റ്റർ തങ്കപ്പൻ, നാരായണദാസ്, Etc.

ഉത്തരവാദിത്വമുള്ള സകലയിനം സ്വർണ്ണാഭരണങ്ങൾക്കും പറവൂർ A. ഗോപിനാഥൻെറ
ജ്യൂവലറി സന്ദർശിക്കുവിൻ!

# കണ്ണാടിനോട്ടം

രണ്ടാം ക്ലാസ്സ് മജിസ്ട്രേട്ടുകോർട്ടിലെ ഹരിജൻ കോപ്പിസ്റ്റിൻെറ തോന്ന്യാസങ്ങൾ അതിരു കടക്കുന്നു. ആരോടും നക്കാപ്പിച്ചക്ക് വഴക്കടിക്കുന്ന തരം ഒന്നു നിറുത്തണേ! അധികാരികളുടെ ശ്രദ്ധ ഒന്നു പതിഞ്ഞാൽ കൊള്ളാം.

*    *    *

ഓമല്ലൂർ വില്ലേജു പഞ്ചായത്ത് പ്രസിഡൻറിൻെറ നിരന്തരമായ പണാപഹരണവും, കമ്മററിക്കാരുടെ ഒന്നടങ്ക രാജിയും, അധികാരസ്ഥാനങ്ങളിലേക്കുള്ള പെററിഷനും, പരിശോധനക്കാരുടെ വരവും, പ്രസിഡണ്ട് കുഞ്ഞുമ്മൻെറ അണ്ടർഗ്രൗണ്ട് വർക്കും, കള്ളക്കണക്കു പെലുത്തലും, മിന്നിട്ടെഴുതലും ഭംഗിയായി. സാറേ! പരിശോധനക്കാരെ രണ്ടാമതു നടത്തിയതു ശരിയായില്ല. മുൻ നിശ്ചയത്തിനു വിപരീതമായി ക്ലാക്കിനെ പിരിച്ചു വിട്ടതു നിമിത്തം പ്രസിഡണ്ട് കുഞ്ഞുമ്മന് കള്ളക്കണക്കെഴുതാൻ സൗകര്യം കിട്ടിയെന്നാണ് അറിവ്.

ആഡിറേറഴ്സിൻെറ പുറകേ പോയതും, പൊതിക്കെട്ടുനീട്ടിയതും, ആട്ടു വാങ്ങി ഇളിഭ്യനായി മടങ്ങിയതും, വികടകേസരി അറിഞ്ഞു. മി. കുഞ്ഞുമ്മൻ ഭരണമേററതിനു ശേഷം ഈ നാട്ടിൽ ഒററ വഴിവിളക്കു പോലും കത്തിയിട്ടില്ലെന്നുള്ളത് കേവലം സത്യം മാത്രമാണ്. സ്വന്തം അളിയൻെറ പേരിൽ ടെൻറർ പിടിച്ച് പണം പിടുങ്ങിയത് പരസ്യമായിരിക്കയാണ്. പ്രസിഡണ്ട് ഒരു മിഡിൽ സ്കൂൾ മാസ്റ്റർ ആണെങ്കിലും പള്ളിക്കൂടത്തിൽ പോകുന്ന പതിവില്ലെന്നാണ് അറിവ്. ആഫീസിൽ നിന്നു റിക്കാർഡുകൾ എല്ലാം ആരുംകേറാമലയിലേക്ക് രഹസ്യമായി മാററിയിരിക്കയാണ്. പാവങ്ങളുടെ പള്ളയ്ക്കടിച്ചാലും കുത്തിക്കീറുന്നതു സൂക്ഷിച്ചു വേണം. പാവങ്ങളുടെ പണം പിടുങ്ങിയാൽ പാരവശ്യമുണ്ടെന്ന് അറിഞ്ഞോ സാറേ! ഇല്ല അറിയാനിരിക്കുന്നതേയുള്ളു. ഇത്തരം തോന്ന്യാസങ്ങൾ സ്ഥിരമായി കാട്ടാനുള്ള കാലം കഴിഞ്ഞു എന്ന് ഇപ്പോഴെങ്കിലും മനസ്സിലായിട്ടില്ലെങ്കിൽ ഇനിയെങ്കിലും മനസ്സിലാക്കണമെന്ന് അനുസ്മരിപ്പിച്ചു കൊള്ളുന്നു.

*    *    *

പത്തനംതിട്ട മുണ്ടു കോട്ടയ്ക്കൽ ജംഗ്ഷനിലെ വായനശാലാ പ്രവർത്തകൻ ഏബ്രഹാം സാറിന് അന്യരുടെ സ്ഥലം കാണുമ്പോൾ കണ്ണുകടിയാണ്. എന്തിനാണ് സാറേ! വല്ലവൻെറയും വരമ്പത്ത് തെങ്ങിൻതൈ വയ്ക്കുന്നത്. അതു സ്ഥലമുടമസ്ഥൻ പിഴുതുകളഞ്ഞപ്പോൾ, പാതിരാത്രിക്ക് പലരുടേയും സഹായത്താൽ പെരുമഴയത്ത് ചെററപ്പുര കെട്ടി വായനശാല എന്ന് രാവിലെ എഴുതിവെച്ചു. നീതി നടത്താൻ അധികാരികൾ ഉണ്ടെന്നറിഞ്ഞപ്പോൾ അവകാശമില്ലാത്തവരോട് രണ്ടു സെൻറ് എഴുതി വാങ്ങി, പൊതുജനപ്രസ്ഥാനത്തിൻെറ പേരും പറഞ്ഞ് പാവങ്ങളായ നാട്ടുകാരെ കുട്ടിത്തല്ലിക്കുന്ന തരം ഒന്നു നിറുത്തണേ! നിങ്ങൾ ഇല്ലെങ്കിലും വായനശാല നടക്കും. മനുഷ്യൻെറ സാംസ്കാരികനിലയ്ക്ക് കോട്ടം വരികയുമില്ല. പിന്നെ, സ്വാർത്ഥപൂരണത്തിനുള്ള സുവർണ്ണാവസരമായി ഇതിനെ കരുതുന്നത് മൗഢ്യമാണ്.


## ദന്താശുപത്രി

(കമ്പോളത്തിനു തെക്കുവശം)

**S. പരവൂർ.**

ബ്രാഞ്ച് കൊട്ടിയം.

പല്ലുസംബന്ധമായ എല്ലാരോഗങ്ങൾക്കും ഇവിടെ ചികിത്സിക്കുന്നതാണ്.

ഡാക്ടർ. എ. രഘുനാഥൻ

## വാസൻ & സൺസ്-ടെയിലറിംഗ് Co.

**പാളയം — തിരുവനന്തപുരം**

ഇവിടെ ആവാര, അമേരിക്കൻ തുടങ്ങിയ ബുഷ്ഷർട്ടുകളും കോട്ടിംഗ്, ട്രൗസേഴ്സുകളും നവീനരീതിയിലുള്ള സകലതരം തയ്യലുകളും കൃത്യസമയത്തു ചെയ്തുകൊടുക്കുന്നതാണ്.

ഉത്തരവാദിത്വമുള്ള പണിയിനും റെഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥൻെറ ജ്യൂവലറി സന്ദർശിക്കുവിൻ!




## വില്ലൻ ചുമ സംഹാരി

നീലങ്കാരി ചുമ, മുപ്പിറചുമ, തൊണ്ണൂറാംകര വില്ലൻചുമ എന്നീ പേരുകളാൽ അറിയപ്പെടുന്നതും അനേകായിരം കുഞ്ഞുങ്ങളെ നിത്യവും ക്ലേശപ്പെടുത്തി കൊണ്ടിരിക്കുന്നതുമായ വില്ലൻചുമയുടെ ഏതു അവസ്ഥയിലും ഉപയോഗിക്കാവുന്ന അനുഗ്രഹീതമായ ഒരു സിദ്ധൗഷധമാണ് വില്ലൻ ചുമ സംഹാരി.

ശ്രീ ചിത്രാ ആയുർവേദഫാർമസി
T. B. ജംഗ്ഷൻ കൊല്ലം.
P. K. N. വൈദ്യൻ

ഫോൺ നമ്പർ 2278

## റീഗൽ കഫേ

തിരുവനന്തപുരത്തു വരുമ്പോൾ പട്ടണത്തിൻെറ മഹനീയതയ്ക്കു മാററുകൂട്ടുന്ന റീഗൽ കേഫ് സന്ദർശിക്കുവിൻ.

Prop: P. വേലായുധൻ.

## കഥാപ്രസംഗം പഠിക്കാൻ

ആഗ്രഹമുണ്ടോ നിങ്ങൾക്ക്? കൊള്ളാവുന്ന ഒരാളിൽനിന്നു് നന്നായിട്ടുതന്നെ അഭ്യസിക്കണം എന്നുണ്ടോ? എങ്കിൽ, അഭ്യസിപ്പിക്കുവാൻ പററിയ ഒരാളുണ്ട്—

# വിദ്വാൻ കെ. കെ. വാദ്ധ്യാർ

## മയ്യനാട്, P. O.

കേരളത്തിൽ പേരെടുത്തു മുന്നേറിവരുന്ന ഒട്ടേറെ കാഥികന്മാരുടെ ഗുരുസ്ഥാനം വഹിക്കുന്നയാളാണു് മി: വാദ്ധ്യാർ. ആശയത്തിൽ പുരോഗമനവും ആവിഷ്കരണത്തിൽ കലാഭംഗിയും; ഇതാണു് വാദ്ധ്യാരുടെ മുദ്ര. വാദ്ധ്യാരുടെ ഈ വിഖ്യാതകലാവൈഭവത്തിൽ ഒരംശം നിങ്ങൾക്കും പകർന്നുകിട്ടണമോ—ഉടൻ മയ്യനാട്ടു കലാസദനത്തിലെത്തി പരിശീലനം തുടങ്ങുക.

വാദ്ധ്യാരും പാർട്ടിയും അടുത്തുതന്നെ സിലോണിലേക്കു് കലാപര്യടനത്തിനു പുറപ്പെടുന്നതാകയാൽ കാലവിളംബം കാര്യഹാനികരമായിരിക്കും.

ഉത്തരവാദിത്വമുള്ള സകലയിനം സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥൻെറ ജ്യൂവലറി സന്ദർശിക്കുവിൻ!

# സ്ത്രീകൾക്കു മാത്രം

S. S. L. C., Madras Matric എന്നീ തുല്യപരീക്ഷകൾ ജയിച്ച് പല കാരണങ്ങളാലും കാളേജിൽ പോയി വിദ്യാഭ്യാസം നിർവ്വഹിക്കാൻ സാധിക്കാതെ വിഷമിക്കുന്നവർക്ക് സ്വന്തസ്ഥലത്തു താമസിച്ചു അന്യാശ്രയമെന്യേ, സ്വന്തജോലികൾക്കു യാതൊരു തടസ്സവും കൂടാതെ Intermediate, B. A. M, A. എന്നീ ഉന്നത പരീക്ഷകൾ ജയിക്കാം. ഈ ബിരുദങ്ങൾ എല്ലാ ഗവമ്മേണ്ടുകളും സർവ്വകലാശാലകളും അംഗീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരത്തിനു 8ണ. സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

മാനേജർ, **കേംബ്രിഡ്ജ് കാളേജ്,**
(V. K.) തിരുവനന്തപുരം.

ഇക്കഴിഞ്ഞ പരീക്ഷയ്ക്കു ചേർന്ന് പ്രശസ്തമായ വിജയം വരിച്ച ഞങ്ങളുടെ വിദ്യാർത്ഥിനികൾ എന്തു പറയുന്നുവെന്നു നോക്കുക.

From:

Mrs. ROSE CHACKO,
Puthenpurackal, Maramon.

To: The Manager,
THE CAMBRIDGE COLLEGE, Trivandrum.

Dear Sir, Maramon, 3-6-1952.

With pleasure, I write to inform you that I received information from the Nagpur University, that I have passed the Intermediate Examination for which I got efficient tuition from your College. My heart goes out to thank you most sincerely for all the services that you have rendered me in securing this certificate.

May I take this opportunity to congratulate you for the most valuable service that you are doing in the field of education in this new epoch of Arsha Bharatha. Your College is a great help to many especially those of my type who had bid farewell to schools and entered matrimonial life. May God help and bless your institution to do more and more service.

Yours faithfully,
(Sd.) Rose Chacko.

---

Naduvathara Estate,
Kanakappalam, Travancore,
Dated 9 th June 1952.

Dear Sir,

First of all please excuse me for not writing to you earlier. I was so busy at home that I had no time to write to you.

I have much pleasure to inform you that I have passed the B. A. Degree Examination of the Nagpur University. Most of the private students who appeared with me, as far as I know, have failed. So it is really your coaching which helped me to pass. I thank you ever so much for helping me to secure the Degree which I longed to have.

Thanking you,

I am,
Yours truly,
(Sd.) Achamma Punoose

ഉത്തരവാദിത്വമുള്ള സകലയിനം റഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥന്റെ ജ്യൂവലറി സന്ദർശിക്കുവിൻ!

# ഗ്രാമത്തിന്റെ ഹൃദയത്തിലൂടെ—

ഞാൻ നേരെ നടന്നു പോവുകയാണ്. എനിക്കു ജന്മമരുളിയ നാടിന്റെ ഹൃദയഭാഗത്തേക്ക്—പത്തു വർഷങ്ങൾക്കുമുൻപ് ഓലമേഞ്ഞു നിവന്ന എന്റെ ഇടത്തരം വീട്ടിലേക്ക്. സ്കൂളിൽ നിന്നും തിരിച്ചെത്തുന്ന എന്നെ "മോനേ" എന്നു വിളിച്ചു കൊണ്ടു കെട്ടി പുണർന്നു ചുംബനങ്ങൾ ചാർത്തുന്ന അമ്മയുടെ അരികിലേക്ക്. കെട്ടുകഥകളും പുരാണങ്ങളും പറഞ്ഞു രസിപ്പിച്ച് മണ്ണു കപ്പിച്ചിരുന്ന ക്രനി ക്രടി ഇരിയ്ക്കുന്ന അമ്മൂമ്മയുടെ സവിധത്തിലേക്ക്. വായ്കുരവകളും വട്ടക്കളികളുമായി നൃത്തം ചവിട്ടുന്ന കന്യകമാരാൽ പുളകമണിഞ്ഞിരുന്ന ആ പഴയ കാല ചിത്രങ്ങളുടെ മധുരിമ അയവിറക്കിക്കൊണ്ടു ഞാൻ മുന്നോട്ടു തന്നെ പാഞ്ഞു പോവുകയാണ്.

ഏതാണ്ട് ഒരു നാഴികയോളം നടന്നു കാണും. ഗ്രാമം തികച്ചും മൂകമായിരിക്കുന്നു. സ്നേഹമയിയായ അമ്മൂമ്മയുടെ മരണശേഷം തികഞ്ഞ നിശബ്ദത ആചരിക്കുന്ന വീടുപോലെ ഒരു ശബ്ദം ഉയർന്നുകേട്ടു. മനുഷ്യഹൃദയത്തെ കുത്തിതുരക്കുന്ന ശബ്ദം. ശാന്തതയുടെ ഹൃദയത്തിൽ അഗ്നികുണ്ഡം വാരിവിതറിയ ഭയങ്കരത. അതു് എന്റെ കരളിനെ തുരന്നുകൊണ്ട് ഇരച്ചു പൊന്തി സാവധാനം ഒരു ശബ്ദം ഇഴഞ്ഞിഴഞ്ഞുനിശബ്ദതയിലാണ്ടു. കൗമാരത്തിൽ ഓടിയാടേണ്ട ഒരു കുഞ്ഞിന്റെ ശബ്ദം. വിശപ്പിന്റെ തീച്ചൂളയിൽ നിന്നും പൊന്തിവന്ന മനുഷ്യനാദം. വീണ്ടും അതു് ഉയർന്നുകേട്ടു. ഞാൻ സൂക്ഷിച്ചുനോക്കി. വഴിയരികിൽ നിലകൊള്ളുന്ന കുടിലിൽ നിന്നു്. അരികിൽ കുറെ ചകരിയുമായി സമരം നടത്തുന്ന ഒരു മദ്ധ്യവയസ്കയായ സ്ത്രീ ഇരിക്കുന്നു. അവളുടെ കൈകൾ ആ ചകരിയെ മർദ്ദിച്ചു മർദ്ദിച്ചു കയറാക്കുകയാണ്.

ഒരു കുഞ്ഞും അവളുടെ കഴുത്തിൽ കൈചുറ്റി പുറത്തു കെട്ടി ഞാന്നുകിടക്കുന്നു. ആ കുഞ്ഞിന്റെ വയറ് നട്ടെല്ലോളം ഒട്ടിയിരിക്കുന്നു. അമ്മയുടെ മുഖത്തെ കുഴികൾപോലെ. ആ കുഞ്ഞിൽനിന്നും ഉഗ്രമായ ശബ്ദം പൊന്തുന്നു. ഏതു ശാന്തിയേയും പൊലിച്ചു കളയുന്ന ശബ്ദം.

ഞാൻ അടുത്തു ചെന്നു.

ആ അമ്മയോടു ചോദിച്ചു കുഞ്ഞിന്റെ കരച്ചിലിന്റെ കാരണം. അവരുടെ പ്രാകൃതമായ മെലിച്ചിലിന്റെ കാരണം.

അമ്മ പറഞ്ഞു; ഏങ്ങലടിച്ചു കൊണ്ടു്. കണ്ണുകളിൽ നിന്നു് ചുടുബാഷ്പങ്ങൾ ഉതിർത്തുകൊണ്ടു്. കഴിഞ്ഞയുദ്ധത്തിൽ മരിച്ച ഭർത്താവിനെപ്പററി. അനാഥരായ ആ അമ്മയും കുഞ്ഞും തന്നത്താൻ വേലചെയ്തു ജീവിതം നയിച്ചതിനെപ്പററി. കൂലിതൊണ്ടുവാങ്ങി പിരിച്ചുണ്ടാക്കുന്ന കയർ വിററു് ഉപജീവനം നടത്തുന്നതിനെപ്പററി. ഈയിടെ കയറിനുണ്ടായ വിലയിടിവിനെപ്പററി. വെളുപ്പാൻകാലം മുതൽ പാതിരാത്രിവരെ കഠിനാദ്ധ്വാനം ചെയ്താലും ഉരിയരിപോലും അടുപ്പത്താക്കുവാൻ കഴിയാത്തതിനെപ്പററി. എപ്പോഴും എപ്പോഴും നിറയാത്ത വയറുമായി കരച്ചിൽ കൂട്ടുന്ന കുഞ്ഞിനെപ്പററി. ആ അമ്മ കരഞ്ഞു. അവരുടെ ഹൃദയത്തുടിപ്പുകൾ നെഞ്ചെല്ലുകൾക്കിടയിലൂടെ പൊന്തിക്കാണാമായിരുന്നു.

ഉത്തരേന്ത്യയിലെ പട്ടണങ്ങളുടെ പ്രൗഢിയിൽ നിന്നും ജന്മദേശത്തു തിരിച്ചെത്തിയ ഞാൻ അന്ധാളിച്ചിരുന്നുപോയി. എല്ലാത്തരം നികുതികളും കേന്ദ്രത്തിനുവേണ്ടിയടയ്ക്കുന്ന പാവപ്പെട്ടവൻ ദുരിതങ്ങളുടെ തീകുണ്ഡത്തിൽകിടന്നുനീറുകയാണ്. കേന്ദ്രമന്ത്രിമാർ ഭാഷാപ്രവിശ്യകളുടെ രൂപീകരണത്തിനും കാമൺവെൽത്തു സമ്മേളനങ്ങൾക്കുംവേണ്ടി വ്യോമസഞ്ചാരം ചെയ്യുമ്പോൾ—നാട്ടുകാരുടെ വിഭവങ്ങളെപ്പററി, തൊഴിലില്ലായ്മകളെപ്പററി,ഒടുങ്ങാത്തപട്ടിണിയെപ്പററി, ഒരു നേരിയ ശ്രദ്ധയെങ്കിലും കാണിക്കാതെ; മനുഷ്യഹൃദയങ്ങളെ അമ്പരപ്പിക്കുന്ന കഥകൾ.

എന്റെ പ്രിയപ്പെട്ട ഗ്രാമത്തിന്റെ ഭീകരമായ അനുഭവങ്ങൾ.

—*—


## T. C. S. ഇൻഡസ്ട്രി

### വ്യവസായമാസിക

വ്യാവസായികൾ വായിച്ചിരിക്കേണ്ട കേരളത്തിലെ ഏക മാസിക. പരസ്യത്തിനുപററിയ പ്രസിദ്ധീകരണം.

ഒററപ്രതി 3 ണ. വാഷികവരിസംഖ്യ 3 ക.

മാനേജർ.

ഉത്തരവാദിത്വമുള്ള സകലയിനം റഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥന്റെ ജ്യൂവലറി സന്ദർശിക്കുവിൻ!

# :: ചണ്ടയ്യാ വഴതലങ്ങ ::

(ഈ പംക്തിയിൽ പത്രാധിപർ നിങ്ങളോടു സംസാരിക്കുന്നതാണ്. ചോദ്യങ്ങൾ കഴിയുന്നതും ആഭാസങ്ങളും വ്യക്തിപരമായി അന്യരെ ദൂഷിക്കാത്തതുമായിരിക്കാൻ ശ്രദ്ധിക്കുക? പത്രാധിപർ.)

ചോദ്യം:—കലാനിലയംകൃഷ്ണൻനായരുടെ ചെവിക്കുററിയുടെ വണ്ടു് ആലപ്പുഴ ജട്ടിയിൽ വച്ചു് ശ്രീ. വൈയ്ക്കം വാസുദേവൻനായർ അടിച്ചിളക്കിയെന്നു പറയുന്നതു ശരിയാണോ?

മാധവൻനായർ (ആലപ്പുഴ)

ഉത്തരം:—കലാനിലയം കൃഷ്ണൻനായരുടെ വണ്ടു് ഇളകിയോയെന്നു് അറിഞ്ഞുകൂടാ. പക്ഷെ മി. വൈയ്ക്കം രണ്ടു തടവി വിട്ടതായി അറിയാം.

ചോ:—വികടകേസരിയിൽ ഇതിനു മുമ്പു് ചോദ്യോത്തരപംക്തി തുടങ്ങാത്തതെന്തു്?

കുഞ്ചുപിള്ള (കുഴിത്തുറ)

ഉ:—ഇതിനു മുൻപും ചോദ്യോത്തരപംക്തി വികടകേസരിയിൽ ഉണ്ടായിട്ടുണ്ടു്.

ചോ:—വികടകേസരി വായിക്കുവാൻ ഞാൻ വളരെ ഇഷ്ടപ്പെടുന്നതിൻെറ കാരണം എന്തു്?

രാജമ്മ (അടൂർ)

ഉ:—കാമ്പും, കഴമ്പുമുള്ള ലേഖനങ്ങൾ ഉള്ളതുകൊണ്ടു്.

ചോ:—തിക്കുറിശ്ശി സുകുമാരൻനായരെ കലാനിലയം കൃഷ്ണൻനായർ 'തനിനിറത്തിൽ' കൂടി ചീത്തപറഞ്ഞതെന്തിനു്? —രാഘവമേനോൻ (കൊച്ചി)

ഉ:—തിക്കുറിശ്ശി സുകുമാരൻനായരെ കലാനിലയം കൃഷ്ണൻനായരെ പോലുള്ള പാതാണികൾ ചീത്തപറഞ്ഞാൽ അദ്ദേഹം ചീത്തയായിയെന്നു് അർത്ഥമില്ല. വല്ല നക്കാപിച്ചക്കും വേണ്ടി തിക്കുറിശ്ശിയെ സമീപിച്ചു കാണും. പക്ഷെ ഒന്നും കൊടുത്തു കാണുകില്ല. കൊതിക്കെറുവാണു്.

ചോ:—കുമാരിതങ്കം "ഒരു രാത്രി കൊണ്ടു താരമായതെങ്ങിനെ?" ചെല്ലപ്പൻപിള്ള (മാവേലിക്കര)

ഉ:—വികടകേസരിയുടെ തുടർച്ചയായുള്ള ലക്കങ്ങൾ വായിക്കുക.

ചോ:—കഴിഞ്ഞ ലക്കം വികടകേസരിയിൽ അമ്പലപ്പുഴ മീനാക്ഷിയെ കുറിച്ചു് ചേർത്തിരുന്ന ലേഖനം തിക്കുറിശ്ശിയുടെ പ്രേരണയിലാണോ താങ്കൾ എഴുതിയതു്? —തോമസ്സ് (കോട്ടയം)

ഉ:—തിക്കുറിശ്ശിയോടു വെറുപ്പുള്ളവർ അങ്ങനെ പറയൂ. മീനാക്ഷിയെ കുറിച്ചൊരു ലേഖനമുണ്ടെന്നു തിക്കുറിശ്ശി അറിയുന്നതു മാസിക പുറപ്പെട്ടതിനുശേഷമാണു്.

ചോ:—പുരുഷവേശ്യയെന്നും, D. M. എന്നുമുള്ളവാക്കിൻെറ അർത്ഥമെന്തു്? —ഗംഗാധരൻ (പരവൂർ)

ഉ:—ഈ ചോദ്യം തനിനിറത്തിനു് അയക്കൂ. ഇവിടെ ചിലവില്ല.

ചോ:—കെ. & കെ. യുടെ അഛനും മകനും എന്നു പുറത്തു വരും? —തങ്കമ്മ (കോഴിക്കോടു്)

ഉ:—ജനുവരിയിൽ പുറത്തുവരുമെന്നു് അറിയുന്നു.

ചോ —വീരരാഘവൻനായരെപ്പററി തനി നിറം ചീത്തപറഞ്ഞതെന്തിനു്? —കാമബാലൻ (പേട്ട

ഉ:—വീരരാഘവൻനായർ മാനമായി ജീവിക്കുന്നതുകൊണ്ടു്.

ചോ:—വികടകേസരി ആരംഭിച്ചിട്ടു് എത്ര കൊല്ലമായി? —കൃഷ്ണമേനോൻ (എറണാകുളം)

ഉ:—വാല്യം എത്ര; ലക്കം എത്ര; നോക്കുക.

ചോ:—തനിനിറം ഗണപതിക്കു കുറിച്ചതു തന്നെ ഇവിടത്തെ പത്രങ്ങളുടെമേൽ ചെളിവാരിയെറിയുവാനാണോ? —രാമകൃഷ്ണൻ (പന്തളം)


**രക്ഷാകേന്ദ്രം ശശാങ്ക**

മൂത്രാശയരോഗങ്ങൾ പിടിപെട്ടു യാതൊന്നുകൊണ്ടും ആശ്വാസം, കാണാതെ പരവശപ്പെട്ടു് വലയുന്ന സഹോദരീ സഹോദരന്മാർക്കു് പൂർണ്ണാശ്വാസപ്രദമായ ഒരേ ഒരു രക്ഷാകേന്ദ്രമാണു് ശശാങ്ക! സ്ഖലനം, പഴുപ്പുപോക്കു്, പ്രമേഹം, മൂത്രചൂടു്, മൂത്രത്തിലുള്ള അടപ്പു് (കലക്കൽ) വയറെരിച്ചിൽ, അസ്ഥിസ്രാവം, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്കു്, രക്തംപോക്കു്, ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരുപോലെ ആശ്വാസകരം. 24 നേരത്തേക്കുള്ള പാക്കററൊന്നിനു, വില രൂ. 3. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

ചീഫ് വൈദ്യൻ, P. O. മാവേലിക്കര, തിരുവിതാംകൂർ,

എസ്. എസ്. പിള്ള. വിജയാഫാർമസി.



ഉത്തരവാദിത്വമുള്ള സകലയിനം സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥൻെറ ജൂവലറി സന്ദർശിക്കുവിൻ!

ഉ:—അതാണു തനിനിറത്തിൻെറ പരാജയം.

ചോ:—കരിയത്തു ഒരു ഡാക്ടറെന്നു് പറയപ്പെടുന്ന കേശവൻ മരുന്നിൻെറ പേരു പോലും നിശ്ചയമില്ലാതെ പബ്ളിക്കായി ശുശ്രൂഷിക്കുന്നതു വികടകേസരി ഗവ: ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടോ?

രാഘവൻ (ചെമ്പഴന്തി)

ഉ:—വികടകേസരി മുഴുവനും വായിച്ചു നോക്കുക.

ചോ:—മംഗളാ പിക്ച്ചേഴ്സിൻെറ "ശരിയോ തെററോ" എന്നു് ആരംഭിക്കും. ഈ ചിത്രം ഡയറക്റ്റ് ചെയ്യുന്നതു് ആരാണു്?

രാധാദേവി (തിരുവനന്തപുരം)

ഉ:—ശരിയോ തെററോയുടെ ഷൂട്ടിംഗ് ആഗസ്റ്റ് ആദ്യവാരത്തിൽ ഉദയാ സ്ററുഡിയോവിൽ തുടങ്ങുന്നതാണു്. ഈ ചിത്രം ഡയറക്റ്റ് ചെയ്യുന്നതു് ശ്രീ. തിക്കുറിശ്ശി സുകുമാരൻനായരാണു്.

ചോ:—കേരളത്തിലുള്ളമികച്ച കലാകാരന്മാരും കലാകാരികളും കലാനിലയത്തിൽക്കൂടി പേരു് എടുത്തവരാണെന്നു കലാനിലയം കൃഷ്ണൻനായർ പറയുന്നു. അവരുടെ പേരുകൾ പ്രസിദ്ധീകരിക്കാമോ?

വേലപ്പൻനായർ (നെടുമങ്ങാട്ടു്)

ഉ:—കലാനിലയത്തിൽക്കൂടി ചാരിത്രം നശിച്ചു വഴിയാധാരമായി കണ്ണീരും കൈയുമായി പുറത്തുപോയിട്ടുള്ള സ്ത്രീകൾ ധാരാളമുണ്ടെന്നറിയാം.

ചോ:—ആററിങ്ങൽ വേലായുധൻനായർ (R. B. V.) തിക്കുറിശ്ശിയുടെ പ്രോത്സാഹനംകൊണ്ടു വെള്ളിത്തിരയിൽ പ്രത്യക്ഷപ്പെട്ടുമെന്നു് തനിനിറത്തിൽ കണ്ട വാർത്ത ശരിയാണോ?

പങ്കജാക്ഷൻനായർ (ആററിങ്ങൽ)

ഉ:—വേലായുധൻനായർ വെള്ളിത്തിരയിൽ പ്രത്യക്ഷപ്പെട്ടുമായിരിക്കാം. പക്ഷെ തിക്കുറിശ്ശിയുടെ പ്രോത്സാഹനത്തിൽക്കൂടിയാണെന്നുള്ള വാർത്ത ശരിയല്ല.

ചോ:—എറണാകുളം കേരളാ യുനൈറെറഡ് കാർപ്പറേഷൻെറ 'കതിർ കാണാകിളി' ഏതു സ്ററുഡിയോവിലാണു നിർമ്മിക്കുന്നതു്. കതിർ കാണാകിളിയുടെ കഥയും സംഭാഷണവും ആരാണു്. ആരെല്ലാം അതിൽ അഭിനയിക്കുന്നു.

ഗോമതിഭായി (ഇൂരവൂർ)

ഉ:—കതിർ കാണാകിളി നിർമ്മിക്കുന്നതു മെരിലാൻഡ് സ്ററുഡിയോ. കഥ സംഭാഷണം പൊൻകുന്നം വർക്കി. മടവൂർ ഭാസ്കരൻനായരും കുമാരി തങ്കവും പ്രധാന ഭാഗങ്ങൾ അഭിനയിക്കുന്നു.

ചോ:—കെ. & കെ. യുടെ വിശപ്പിൻെറ വിളി ഒരു വിജയമായിരിക്കുമോ? —ഭാസ്കരൻ (കഴക്കൂട്ടം)

ഉ:—വിശപ്പിൻെറ വിളി ഒരു വിജയമായിരിക്കുമെന്നാണു് എൻെറ അഭിപ്രായം.

ചോ:—ഹൈക്കോടതി എറണാകുളത്തുതന്നെ സ്ഥാപിക്കണമെന്നു പനമ്പിള്ളി ശക്തിയായി വാദിക്കുന്നതെന്തിനു്? ബാലരാമൻ (അഞ്ചൽ)

ഉ:—പനമ്പിള്ളിയുടെ വാദം നല്ലതാണു്.

ചോ:—നമ്മുടെ M. L. A. മാക്കു് 15 രൂപാ അലവൻസ് കൂട്ടുതൽ വേണമെന്നു് ഒററക്കെട്ടായിനിന്നു വാദിക്കുന്നതെന്തിനു്? —കുഞ്ഞൻനാടാർ (തക്കല)

ഉ:—സ്വന്തം കാര്യം സിന്താബാദ്. ഈവക കാര്യങ്ങൾക്കു പ്രതിപക്ഷമില്ല. ഇതെല്ലാം ഒരുവക മുതലെടുപ്പല്ലേ സാറേ.

—o—

സ്ഖലനനിവാരണി

യുവലോകത്തിനു അനുഗ്രഹീതമായ ഒരു സിദ്ധൗഷധം

മൂത്രത്തിനു മുമ്പോ പിമ്പോ, നൂലുപോലെയോ, തുള്ളിതുള്ളിയായോ ഇന്ദ്രിയം പോകുക, മലവിസർജ്ജനത്തിൽ ശക്തിയായി മുക്കുകനിമിത്തം ശുക്ലം വാർന്നുപോകുക, സ്വപ്നംകണ്ടോ, കാണാതെയോ ഉറക്കത്തിൽ അറിഞ്ഞോ അറിയാതെയോ ഇന്ദ്രിയം സ്ഖലിക്കുക, അരിമാവു കലക്കിയ രൂപത്തിൽ മൂത്രത്തിൽ പടന്നു് ഇന്ദ്രിയം പോകുക, സ്ത്രീകളെ വിചാരിക്കുകയോ തൊടുകയോ ചെയ്താൽ പെട്ടെന്നു് ഇന്ദ്രിയം സ്രവിക്കുക ഇങ്ങനെ ഇന്ദ്രിയസംബന്ധമായുണ്ടാകുന്ന നിരവധി സ്ഖലനരോഗങ്ങളെ 2 ആഴ്ചകൊണ്ടു് പരിപൂർണ്ണമായി ശമിപ്പിക്കുന്നതിനു് ഞങ്ങളുടെ സ്ഖലന നിവാരണി തികച്ചും ഫലപ്രദമെന്നു് ഞങ്ങൾ ഉത്തരവാദിത്വത്തോടുകൂടി ഉറപ്പു പറയുന്നു.

രണ്ടു ആഴ്ചത്തേക്കു് ഉള്ള ഡപ്പി 1 ക്കു് 5 ക. 8 ണ. പാക്കിംഗ് & പോസ്റ്റേജ് 0-14-0

വി. പി. യായി ആവശ്യപ്പെടുക. മാനേജർ S. D. "ഫാർമസി" നാഗമഠം, H. O. ആലപ്പി

ബ്രാഞ്ചു്-9-94 L U Z മൈലാപ്പൂർ, മദ്രാസ്സ്

ഉത്തരവാദിത്വമുള്ള സകലയിനം റഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥൻെറ ജ്യുവലറി സന്ദർശിക്കുവിൻ!

# സഞ്ചാരവീഥി

## — (സഞ്ചാരി) —

**തിരുവനന്തപുരം:**—താലൂക്കിലെ പുതിയ ജി. പി. ക്കു് ഞങ്ങളുടെ ആശംസ. ജനറൽ ആശുപത്രിയിലെ ഒരു നേഴ്സും കുണ്ടാമണ്ടികളും അടുത്തതിൽ. റീഗൽ കേഫ് ഒന്നിനൊന്നു മെച്ചമായനിലയിൽ നടന്നുവരുന്നു. ഒന്നാംതരം തയ്യൽവേലകൾക്കു പാളയം റംഗൂൺ ടെയിലറിംഗ്ഷാപ്പ് അന്വേഷിക്കുക. കരമന ചെല്ലമ്മസാറിന്റെ ഇല്ലായ്മരഹസ്യം പരസ്യമാണു്. പഴവങ്ങാടി സെൻട്രൽകഫേ ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുവരുന്നു. ചാല കമ്പോളത്തിലെ ഒരു പൊൻവാണിഭകടയിലെ സ്വർണ്ണഉരുപ്പടികളിൽ പൂച്ചരഹസ്യമുണ്ടെന്നു് ഒരു സംസാരം നടക്കുന്നു. എൻ. വേലായുധൻപിള്ളയുടെ കുടകൾ മേടിച്ചാൽ രണ്ടുപയോഗമുണ്ടെന്നു പറയുന്നു. മഴക്കാലത്തു മഷി വിലയ്ക്കുവാങ്ങാതെ ഈ കുടകളിൽനിന്നും കിട്ടുംപോൽ. വെള്ളമുണ്ടും ഷർട്ടും ഉപയോഗിക്കുന്നവർ ഈ കുട വാങ്ങരുതെന്നു ചില അനുഭവസ്ഥർ പറയുന്നു. വിശദവിവരം അന്വേഷിക്കട്ടെ. ആസാദ്ഹോട്ടൽ മികച്ച ഒരു സ്ഥാപനമാണു്. കാർത്തികേയഭവൻ ബ്രാഹ്മിൻസ് കാഫിഹോട്ടലിൽ കാർപ്പൊറേഷന്റെ ശ്രദ്ധപതിയണേ! ഒരു തങ്കച്ചിയുടെ ആലപ്പുഴസക്കീട്ടും "മുറി" രഹസ്യങ്ങളും വിശദമായി അടുത്തതിൽ. സ്വാതിതിരുനാൾ അക്കാഡമിയിലെ രണ്ടു വിദ്യാർത്ഥിനികളുടെ രഹസ്യസല്ലാപങ്ങൾ അടുത്തതിൽ. കുന്നുകുഴി ഒരു ടി. ബി. ക്ലിനിക്കു നേഴ്സിനെ രാത്രികാലങ്ങളിൽ ചില ബന്ധുക്കൾ അന്വേഷണം നടത്തുന്ന രഹസ്യം മനസ്സിലായി. വഞ്ചിയൂരുള്ള ഒരു എക്സൈസ്സ് ഇൻസ്പെക്ടരുടെ രഹസ്യങ്ങൾ വരുന്നു.

**വലിയശാല:**—മാസിക വിലാസക്കാർക്കു ശരിയായി കിട്ടുന്നില്ലെന്നു പല വരിക്കാരും പരാതികൾ പറയുന്നു. പോസ്റ്റ്മാസ്റ്റർ ശ്രദ്ധിച്ചാൽ കൊള്ളാം. ശാന്തിഭവൻ പോററിഹോട്ടൽ ഭംഗിയായി നടന്നുവരുന്നു. എ.ആർ.ഡി. 290-ൽ ബ്ളാക്കു് ഇടപാടില്ലെന്നു മനസ്സിലായി. പ്രകാശം പ്രിൻറിംഗ് വർക്കിലെ ഒരു ഇമിറേഷൻ കമ്പോസിററരുടെ ഒട്ടുവിദ്യ അടുത്തതിൽ. ദേവസ്വം ബോർഡാഫീസിലെ ഒരു പ്യൂൺ അല്പംകൂടി മര്യാദപാലിച്ചാൽകൊള്ളാം.

**കവിടിയാർ:**—പാലസ് ജംഗ്ഷനിലെ ബസ്സ്സ്റ്റാഫിൽ ബസ്സ് കാത്തുനിൽക്കുന്ന വിദ്യാർത്ഥിനികളെ ബോറടിക്കുന്ന ഒരുതരം ക്ഷുദ്രജീവികളെ പോലീസ് ശ്രദ്ധിക്കണേ?

**കേശവദാസപുരം:**—രജി: കച്ചേരിക്കുസമീപം നടന്നുവരുന്ന പ്രേമനാടകം വഴിയേ. ഹോട്ടൽ മദനാ ഭംഗിയായി നടക്കുന്നു.

**പേരൂർക്കട:**—ഒരു ചന്ദ്രികയുടെ ബസ്സ്യാത്രയും കൺഷൂട്ടിംഗും വിശദമായി അടുത്തതിൽ.

**ശ്രീവരാഹം:**—ഇന്ദിരവിലാസം ഹോട്ടൽ & ററീഷാപ്പ് രുചിക്കും ശുചിക്കും ഒന്നാംതരം. മീനാക്ഷി പ്രോഗ്രസ്സിലെ അന്തർനാടകങ്ങൾ വിശദമായി അടുത്തതിൽ.

**പേട്ട:**—കൈലാസ് തേയില ചായകടകൾക്കും വീട്ടുപയോഗത്തിനും പററിയതാണെന്നു് അനുഭവസ്ഥർ പറയുന്നു.

**നെടുമങ്ങാട്ട്:**—രാപകൽ അദ്ധ്വാനിച്ച് എട്ട് പത്തു കുഞ്ഞുങ്ങളുള്ള ഒരു കുടുംബത്തിനെ പോററിവരുന്ന ഒരു ഹോട്ടൽ ഉടമസ്ഥനെ ചില പിന്തിരിപ്പന്മാരും അസൂയാകുക്ഷികളും ഒരു അദ്ധ്യക്കോററം ചേർന്നു നശിപ്പിക്കുവാൻ ശ്രമിക്കുന്നതു പരിതാപകരം തന്നെ. കടഉടമസ്ഥൻ സമ്മതിച്ചവാടക നാലുകാശുപോലും ബാക്കിവയ്ക്കാതെ നാളതുവരെ കൊടുത്തുവരവെ പ്രസ്തുതഹോട്ടൽ നടത്തുന്ന സാധുവിനെ

**ശ്രദ്ധിക്കുവിൻ!**

പ്രിൻറിംഗ്, ബയൻറിംഗ് മുതലായ ജോലികൾക്കും, എല്ലാത്തരം നോട്ടുബുക്കുകൾക്കും ഞങ്ങളെ സമീപിക്കുക.

മാനേജർ, *H. P. Nair.*

**കൈലാസ് ബയൻറിംഗ് വർക്ക്സ്**

**ജനറൽ ആശുപത്രിറോഡ് :: തിരുവനന്തപുരം.**

ഉത്തരവാദിത്വമുള്ള സകലയിനം സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥന്റെ ജ്യൂവലറി സന്ദർശിക്കുവിൻ!

അവിടെനിന്നും ഇളക്കിയാലെ ഞാൻ ജീവിച്ചിരിക്കൂ എന്നു കട്ടായം പിടിക്കുന്ന മറെറാരു ഡിമാലഗുണ്ടന്റെ പൂച്ചുരഹസ്യം വിശദമായി അടുത്തതിൽ. ഒരു വൈദ്യന്റെ അരിഷ്ടത്തിൽ ചില വ്യാജചരക്കുകൾ കലർത്തുന്നുണ്ടെന്നു സഞ്ചാരി ഇതിനുമുൻപ് തന്നെ ആവർത്തിച്ചിട്ടുള്ളതാണ്. പലരെയും ഈ അരിഷ്ടം യമലോകത്തേക്കു യാത്രഅയക്കുമെന്നാണ് അറിയുന്നതു്. ധരണിസ്റ്റോറിൽ നല്ലതരം തുണിത്തരങ്ങൾ വന്നുചേർന്നിരിക്കുന്നു. എസ്. കെ. വി. ഹോട്ടൽ ഭംഗിയായി നടന്നുവരുന്നു.

നാദിയോട്:— ചന്തകൺട്രാക്കറെ പണംപിരിക്കുവാൻ സമ്മതിക്കാതെ ചന്തയ്ക്കു് അകത്തുകടന്നു പിക്കററു നടത്തുന്ന ചിലരഷ്യാക്കാർ നാദിയോടിനു മറെറാരു സ്റ്റാലിൻഗ്രാഡാക്കി നാമകരണം ചെയ്യുവാൻ ശ്രമിച്ചുവരുന്നതായി അറിയുന്നു. ചന്തകൺട്രാക്ടർ മി. ചെല്ലപ്പൻ ഒരു ധനാഢ്യനോ, കരിംചന്തക്കാരനോ, മുതലാളിയോ അല്ലെന്നു നാട്ടുകാരായ ഏവക്കും അറിവുള്ളതാണ്. ഈ സാധുവിന്റെ വയററിലടിക്കാൻ കച്ചയുംകെട്ടി മപ്പുമടിച്ചു നടക്കുന്ന ചില പാതാണിപിള്ളരുടെ കമ്മ്യൂണിസം പറച്ചിൽ കേട്ടാൽ സഖാവ് സ്റ്റാലിൻപോലും തലകുലുക്കി സമ്മതിച്ചേ മതിയാകൂ. അതല്ലെങ്കിൽ മി: ചെല്ലപ്പൻ കെട്ടിവച്ചിട്ടുള്ള തുക മുഴുവനും ഈ സഖാക്കൾ മടക്കികൊടുത്തിട്ടു ചന്ത ഫ്രീയായി ആക്കും വ്യാപാരംചെയ്യാനുള്ള വ്യവസ്ഥിതിയുടെ മാതൃക കാണിച്ചുകൊടുത്താൽ അതു് ഉത്തമമായിരിക്കും. ഇതെല്ലാം ഒരു വക തെമ്മാടിത്തരം അല്ലെങ്കിൽ മറെറന്താണ്. ഇങ്ങനെയാണോ നാട്ടിൽ കമ്മ്യൂണിസം വളർത്തുന്നതു്. മി. കരുണാകരന്റെ ചികിത്സാപാടവം പ്രശംസനീയം.

കഴക്കൂട്ടം:—ഏതാണ്ടു് ആയിരത്തിചില്വാനം പറനിലത്തിനു കൃഷിക്കുഉപയോഗമുള്ള സർവ്വെ 1310-ാം നമ്പർ കുളം ഉപയോഗശൂന്യമായി കിടക്കുന്നു. കുളത്തിനെ വെട്ടിച്ചു് ഇട്ടാൽ വേനൽക്കാലത്തു കുളിക്കുന്നതിനും കൃഷിക്കും ഉപയോഗപ്പെടുത്തിക്കൂടെ? ദേവസ്വം ഭരണം തൃപ്തികരം.

കരിയം:—ഒരു പകച്ചവ്യാധിക്കാരൻ ഡാക്ടർ (മി. കേശവൻ) ലൈസൻസ് ഇല്ലാതെ പബ്ലിക്കായി ചികിത്സിച്ചുവരുന്നതായി നാട്ടിൽ ഒരു സംസാരം പരന്നിരിക്കുന്നു. ഏതായാലും മരുന്നിന്റെ പേരുപോലും നിശ്ചയമില്ലാത്ത ഈ ഡാക്ടരുടെ ചികിത്സയിൽ പലരും അകാലമരണമടയുവാൻ ന്യായമുള്ളതായി പുതിയ ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഇവിടത്തെ ചികിത്സ മാന്ത്രികം, ഗർഭികരണം, എക്സ്റെ പരിശോധന, വിഷചികിത്സ ഇവയെല്ലാം ഉണ്ടെന്നു പലരും പറയുന്നു. സഞ്ചാരിക്കു പറയുവാനുള്ളതു തിരു-കൊച്ചി മെഡിക്കൽ കൗൺസിൽകാർ ഇതിനെപ്പററി ഒന്നു നേരിട്ടു അന്വേഷിച്ചു് വേണ്ടതു ചെയ്യണമെന്നാണ്. കൂടുതൽ വിവരം അടുത്തലക്കത്തിൽ.

കല്ലറ:—മദ്യനിരോധന മേഖലയാണെന്നുള്ള ബോർഡ്മാത്രമേയുള്ളു. മദ്യം ആവശ്യംപോലെകിട്ടും.

പാങ്ങോട്:—ചെങ്കോട്ടനിന്നും കാർമാർഗ്ഗം അരി പ്രൊഹിബിഷൻ അതിർത്തിവഴി പറന്നു പോകുന്നതായി മിതൃമ്മലവച്ചു മനസ്സിലായി.

ഭരതന്നൂർ:—ഈട്ടി തേക്കു തുടങ്ങിയ തടികൾ കുറഞ്ഞവിലയ്ക്കു ഫാറസ്റ്റർമുഖേന കിട്ടുമെന്നു പറയുന്നതിനെ സഞ്ചാരി വിശ്വസിക്കുന്നില്ലെങ്കിലും വിശദമായി അന്വേഷിച്ചു് അടുത്തതിൽ എഴുതാം.

ആററിങ്ങൽ:—ജി. പി. സ്ഥലം വിട്ടുപോയതിൽ കച്ചേരികാമ്പൌണ്ടിൽ നാട്ടുകാരും A. R. D ക്കാരും ചേർന്നു ഒരു കഞ്ഞിസദ്യ നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നതായി ഒരു സംസാരം. പഴയ ആയി അമ്മ കണ്ണീരും കൈയ്യുമായി കഴിയുന്നു എന്നും ചില രാത്രികളിൽ ഉറക്കത്തിൽ ജി. പി. യെ സ്വപ്നം കാണാറുണ്ടെന്നും ഒരു സ്വപ്നബഹളം. അംബികവിലാസം റെസ്റ്റാറൻറും, ചന്ദ്രികാസ്റ്റോറും ഭംഗിയായി നടന്നു വരുന്നു. സ്റ്റുഡിയോപ്പുചെട്ടിയാർ രാത്രി 12 മണിക്കുശേഷം തലവഴി മൂട്ടാക്കുമിട്ടു നടക്കുന്നതു മേലും ശരീരത്തിനു കേടുസംഭവിക്കാനുള്ള വഴിയാണെന്നു സഞ്ചാരി താക്കീതു ചെയ്യുന്നു.

സന്ദർശിയ്ക്കുവിൻ:—

വേണുഗോപാലനിലയം ഹോട്ടൽ ആൻറ് ററീഷാപ്പ്

രുചികരമായ ഭക്ഷണപദാർത്ഥങ്ങൾ—ഓവൽ, കൊക്കൊ, കാഫി, ററീ ഇവയും, സുഖകരമായ ഭക്ഷണവും എപ്പോഴും തയാർ.

ഇഞ്ചിനീയർ ആഫീസ് ജംഗ്ഷൻ
തിരുവനന്തപുരം

ഉത്തരവാദിത്വമുള്ള സകലയിനം സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥന്റെ ജ്യൂവലറി സന്ദർശിക്കുവിൻ!

നിലംപേരൂർ:—സുപ്രസിദ്ധ കൊട്ടാരം കഥകളിനടൻ ശ്രീ. കുറിച്ചി കുഞ്ഞൻപണിക്കരുടെ പുത്രനും തികഞ്ഞ കലാകാരനുമായ മി. കൃഷ്ണൻകുട്ടിനായർ മഹാകവി വള്ളത്തോളിന്റെ രക്ഷാധികാരത്തിൽ നടന്നുവരുന്ന കേരള കലാമണ്ഡലത്തിൽ പ്രശസ്തമായ രീതിയിൽ ആറുവർഷം കഥകളി അഭ്യസിച്ച് കലാമണ്ഡലം വക ബിരുദവും സർട്ടിഫിക്കററും സമ്പാദിച്ചുകൊണ്ട് സ്വദേശത്തേക്കു മടങ്ങി എത്തിയിരിക്കുന്നു. ശ്രീ. കുഞ്ഞൻപണിക്കരുടെ കലാവാസന ഈ യുവകലാകാരനിലും തെളിഞ്ഞു കാണുമെന്നു നമുക്കു പ്രത്യാശിക്കാം. മി. കൃഷ്ണൻകുട്ടിക്ക് വികടകേസരിയുടെ ഭാവുകങ്ങൾ.

നിലമേൽ:—ശ്രീ: എം. രാഘവൻവൈദ്യന്റെ ചികിത്സാ പാടവം പ്രശംസനീയം.

കടയ്ക്കൽ:—സത്യസന്ധനായ മെഡിക്കലാഫീസർ ശ്രീ: സ്കറിയ സ്നേഹമുള്ള ഒരു ഡാക്ടരാണ്. കുടിശിഖക്കാർ വികടകേസരിയെ കൂടി ഗൗനിക്കണേ! സരസ്വതിവിലാസം നായർ ഹോട്ടൽ ഉത്തരോത്തരം അഭിവൃദ്ധിയിൽ.

വാമനപുരം:—ഡാക്ടർ ശ്രീ: പി. വാസുദേവന്റെ ചികിത്സയിൽ നാട്ടുകാർ ഒന്നടങ്കം പ്രശംസിക്കുന്നു. രോഗികൾക്കു കിടക്കുവാൻ സ്ഥലം തികയുന്നില്ല. ഗവ: വേണ്ടതു ചെയ്യുമല്ലോ?

മാത്താണ്ഡം:—മി. കുഞ്ചുപിള്ളയുടെ റേഷൻവിതരണം സത്യസന്ധതയിൽ തന്നെ. മിഷ്യൻ ആശുപത്രി ഡാക്ടർ മി. ജോസ്സസ് പരോപകാര തല്പരനായ ഒരു ഡാക്ടരാണ്.

പോത്തൻകോട്ട്:—മി. എം. നാരായണൻപണിക്കരുടെ യമുനാ സ്റ്റോറിൽ നല്ലതരം തുണിത്തരങ്ങൾ വന്നു നിറഞ്ഞിരിക്കുന്നു. ഒരു മെഡിക്കൽ സ്റ്റോർ രഹസ്യം വഴിയേ. സ്ഥലത്തും പരിസരങ്ങളിലും ചീട്ടുകളി ഭംഗിയായി നടക്കുന്നു. മി. തങ്കപ്പന്റെ റ്റീ ഷാപ്പ് മെച്ചമായ രീതിയിൽ പുരോഗമിക്കുന്നു. വിശ്വവിലാസ് ഫാർമസിയുടെ ബാലാരിഷ്ടത തീന്നതായി അറിയുന്നു.

കുന്ന്യാകുളങ്ങര:—പരോപകാര തല്പരനായ ജനാബ് അലിയാർകുഞ്ഞു യോഗ്യനായ ഒരു യുവാവാണ്.

കഠിനംകുളം:—ഒരു റേഷൻ സ്റ്റോറിലെ എംപിള്ളനയം അടുത്തതിൽ.

മുരുക്കുംപുഴ:—സകലജനം സ്റ്റേഷനറികൾക്കും ധർ & Co സമീപിക്കുക.

കണിയാപുരം:—A. P. മെഡിക്കൽഹാൾ ഒന്നിനൊന്നു മെച്ചമായ നിലയിൽ നടന്നുവരുന്നു. തിരു-കൊച്ചിയിലെ ഹൈസ്കൂൾ റിസൽട്ടിൽ ഒന്നാംസ്ഥാനം കണിയാപുരം മുസ്ലീം E. H. സ്കൂളിനാണെന്ന് അറിയുന്നു. സർവ്വ ഗുണസമ്പന്നനായ ജനാബ് ഇസ്മായിൽപിള്ളലബ്ബ പരോപകാരതല്പരനായ ഒരു യുവാവാണ്.

ഓയൂർ:—വികടകേസരിയുടെ സ്ഥലത്തെ ഏജൻറായി മി. പി. ഗംഗാധരൻനായ (മലയാളരാജ്യം) രെ നിയമിച്ചിരിക്കുന്നു.

S. പരവൂർ:—കമ്പോളത്തിലെ ഒരു തയ്യൽ വേല പുറകെ വരുന്നു. ഒന്നാം തരം സ്വർണ്ണഉരുപ്പടികൾക്കു മി. രാമസ്വാമി ആശാരിയുടെ കമ്പോളം അന്വേഷിക്കുക. പി. പരമേശ്വരൻപിള്ള A. R. D. എന്ന വിലാസത്തിൽ അയക്കുന്ന മാസിക മിഴുങ്ങുന്ന പോസ്റ്റ്മാനെ അന്വേഷിക്കുന്നു. പോസ്റ്റൽ കുഴപ്പം പെരുകുന്നു. ആനന്ദവിലാസം നായർ ഹോട്ടൽ പൂർവ്വാധികം ഭംഗിയായി നടന്നുവരുന്നു. കമ്പോളത്തിലെ ഒരു കിറാമുട്ടിചരക്കിന്റെ നില ആപൽക്കരമാണ്. മി. എ. ഗോപിനാഥന്റെ ഉടമസ്ഥതയിൽ നടന്നുവരുന്ന ജ്യുവലറിയും ചിട്ടികളും സത്യസന്ധതക്കു മകുടോദാഹരണമാണ്.

Visit:-
CENTRAL CAFE
NEAR CENTRAL THEATRE
Pazhavangadi :: Trivandrum.
സന്ദർശിക്കുവിൻ—
സെൻട്രൽ കഫേ
സെൻട്രൽ തിയേററിനു സമീപം
പഴവങ്ങാടി — — തിരുവനന്തപുരം.
Prop. T. P. T. NAIR.

ഉത്തരവാദിത്വമുള്ള സകലവിധം റെഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥന്റെ ജ്യുവലറി സന്ദർശിക്കുവിൻ!

പാളയം:—എ. ആർ. ഡി. 290-ൽ പററവരവു് ചെയ്യുന്നവർ രൂപാ കൊടുത്താലും കണക്കിൽ വരവുവയ്ക്കാതെ രൂപാ പിന്നെയും ചോദിക്കുന്നതു് നല്ലതല്ലേ. മാനംമര്യാദയായി ജീവിക്കുന്നവരെ ഉപദ്രവിക്കരുതെന്നു് സഞ്ചാരി താക്കീതു ചെയ്യുന്നു.

ഇരവിപുരം:—ശ്രീകുമാരവിലാസം അലോവുവർക്കു് മെച്ചമായ രീതിയിൽ നടന്നുവരുന്നു. ചന്ത കൺട്രാക്റ്റർ 67 കഴിഞ്ഞിട്ടും മറേറപണി നിറുത്താത്തതു കഷ്ടംതന്നെ.

കണ്ണനല്ലൂർ:—മദിയാ ചിട്ടിഫണ്ടിന്റെ കളിപ്പിതം വിശദമായി അടുത്തതിൽ.

മൈലക്കാട്ടു്:—വിവിധോദ്ദേശസായന്തന സമ്മേളനാംഗങ്ങൾക്കു സഞ്ചാരിയുടെ വിജയാശംസകൾ.

കൊട്ടിയം:—ചില റേഷൻകച്ചവടക്കാരുടെ പാണ്ടിയരി കൈമാറുന്നരഹസ്യം വഴിയേ.

നെല്ലില:—ഒരു ഡാക്ടർ രായ്ക്കുരാമാനം സാധനങ്ങളും ഉപേക്ഷിച്ചിട്ടു് സ്ഥലംവിട്ട സംഗതി വിശദമായി വരുന്നു.

കുണ്ടറ:—ഗുഡ്ലക്കുബേക്കറി ഭംഗിയായി നടന്നുവരുന്നു. ഹിന്ദുസ്ഥാൻ ഫാർമസി വിപുലമായ രീതിയിൽ നടന്നുവരുന്നു.

കൊല്ലം:—സ്നേഹസമ്പന്നനും ദയാലുവുമായ ശ്രീ. എം. വി. കൃഷ്ണൻവൈദ്യരുടെ സേവനം നാട്ടുകാർക്കു് ആവശ്യമാണു്. ചിന്നക്കടമുക്കിലെ ശ്രീകൃഷ്ണവിലാസം ഹോട്ടൽ മുൻസിപ്പാലിററി ശ്രദ്ധിക്കണം. ടി. ബി. യിലെ ബട്ട്ളർ മി. മാത്യു സഹൃദയനായ ഒരു യുവാവാണു്. ചിന്നക്കടയിൽ അന്നപൂർണ്ണാലയം ഭംഗിയായി നടന്നുവരുന്നതിൽ സഞ്ചാരി സന്തോഷിക്കുന്നു. ശരവണയുടെ ശരവണപൂച്ചരഹസ്യം അടുത്തതിൽ. മെയിൻറോഡിൽ മി. പത്മനാഭനാചാരിയുടെ സ്വർണ്ണാഭരണശാല മേൽക്കുമേൽ അഭിവൃദ്ധി പ്രാപിച്ചുവരുന്നു. ഒരു പുകയില കച്ചവടക്കാരന്റെ ഉള്ളുകള്ളികൾ അടുത്തതിൽ. ഹിമാലയൻ ക്രീം ഡ്രിംഗ്ഫാക്ടറി ഉത്തരോത്തരം അഭിവൃദ്ധിയിൽ. പടിഞ്ഞാറെ കൊല്ലത്തുകാരി ഒരു യക്ഷി ബോട്ടുജെട്ടിയിൽ കാണുന്നരഹസ്യം മനസ്സിലായി. വലിയകടയിൽ മി. ജി. ഗോപിനാഥപിള്ളയുടെ സ്റ്റേഷനറി കടയിൽ സകലയിനം സ്റ്റേഷനറികളും മിതമായവിലക്കു വിററുവരുന്നു. മുളങ്കാടകത്തു ഒരു മുതലാളി രഹസ്യം പരസ്യമാണു്. എസ്സ്. എൻ. കാളേജിനു സമീപം സ്ഥാപിച്ചിരിക്കുന്ന പ്രിമിയർ ഹോട്ടൽ & ഹോസ്റ്റൽ യാത്രക്കാർക്കും സ്ഥിരതാമസക്കാർക്കും ഒന്നാംതരം. ഇംഗ്ലീഷു് ഔഷധങ്ങൾക്കു കല്ലുപാലത്തിനു സമീപം എസ്സ്. രാമലിംഗംപിള്ള & സൺസിൽ അന്വേഷിക്കുക. ശുചിയും രുചിയുമുള്ള പാനീയ പദാത്ഥങ്ങൾക്കു മോഡേൺകഫേ സന്ദർശിക്കുവിൻ.

കരുനാഗപ്പള്ളി:—രണ്ടുമണിക്കൂർ കാത്തു നിന്നാലും പോസ്റ്റാഫീസിൽനിന്നും കവറും കാർഡും കിട്ടാൻ വിഷമമാണെന്നു പരാതികൾ പറയുന്നു.

ഓച്ചിറ:—പ്രിമിയർ ടാക്കീസ് ഏററവും മെച്ചമായ നിലയിൽ നടന്നു വരുന്നു. മി. ഏ. കെ. കുറുപ്പു് സഹൃദയനാണു്. ജനാബ് പി. എം. ഉമ്മർലബ്ബയുടെ സ്വർണ്ണക്കട ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടു വരുന്നു.

കായംകുളം:—ക്യാപ്റ്റൻ ലക്ഷ്മിയെ അറസ്റ്റു ചെയ്തെങ്കിലും തക്ക സമയത്തു ജാമ്യത്തിൽ ഇറക്കിയതു ഭാഗ്യം തന്നെ. ലക്ഷ്മിയുടെ പ്രവത്തനം പൂവ്വാധികം ഭംഗിയായി നടന്നുവരുന്നു. ഭഗവതിവിലാസംഹോട്ടൽ & ററീഷാപ്പു് ഊണിനൊരു അനുഗ്രഹമാണു്. ഹോൾസെയിൽ കോശിയെ കുറിച്ചു പലരും പലതും അന്വേഷണത്തിൽ. ശ്രീരാമകൃഷ്ണാലഞ്ച്ഹോം ഊണിനൊരു നേട്ടമാണു്. പോസ്റ്റാഫീസിലെ ലലനാമണിക്കു കലാവാസനയുണ്ടെന്നു പറയുന്ന രഹസ്യം വിശദമായി അടുത്തതിൽ.

തലശ്ശേരി:—വികടകേസരിയുടെ സ്ഥലത്തെ ഏജൻറായി മി. ഏ. എം. കരുണാകരനെ നിയമിച്ചിരിക്കുന്നു.

വൈക്കം:—വികടകേസരി ഒററപ്രതി ആവശ്യമുള്ള

പത്രലോകത്തിൽ ഒരു ചൈതന്യം—സിനിമാലോകത്തിൽ ഒരു കോളിളക്കം.
സിനിമാതാരങ്ങളുടെ രഹസ്യജീവിതത്തിനു് ഒരു അവസാനം അറിയണമെങ്കിൽ
★ വായിക്കുവിൻ—"കലൈനേശൻ" ★
പത്രാധിപർ A. D. Sabapathy
മലയാളം ആഴ്ചപ്പതിപ്പു്—ഒററപ്രതി 0-2-0 സിലോൺ 0-3-0
കൂടുതൽ വിവരങ്ങൾക്കു എഴുതുക:—
മാനേജർ, കലൈനേശൻ, മലയാളംആഴ്ചപ്പതിപ്പു്, രായപ്പേട്ട, മദ്രാസ് 14

ഉത്തരവാദിത്വമുള്ള സകലയിനം സ്വർണ്ണാഭരണങ്ങൾക്കും S. പറവൂർ A. ഗോപിനാഥന്റെ ജ്വ വ ല റി സ ന്ദ ർ ശി ക്കു വി ൻ!

വർ ന്യൂസ് ഏജൻറ് മി. പി. എസ്. ജോണിനെ സമീപിക്കുക.

മദ്രാസ്:—സ്ഥലത്തെ വികടകേസരിയുടെ പ്രതിനിധിയായി ഏ. എസ്. എൻ. നായരെ (പി. ഡബ്ളിയു. ഡി. കാൻറിനെ) നിയമിച്ചിരിക്കുന്നു. എലിസബത്ത്രാജ്ഞിയുടെ കിരീടധാരണ ചടങ്ങിൽ പങ്കുകൊള്ളുന്നതിനു തിരുവിതാംകൂർ സഹോദരികളായ ലളിതാ, പത്മിനി, രാഗിണി മാർ ലണ്ടനിലേക്കു പുറപ്പെട്ടുമെന്നു അറിയിച്ചിരിക്കുന്നു.

കോട്ടയം:—കോടിമതയുള്ള ഒരു തണ്ടാർ ദളാക്ഷിയുടെ കരിംകുരങ്ങ് രസായനസേവ മനസ്സിലായി.

പുനലൂർ:—ചൊല്ലം ടാക്കീസ് ഭംഗിയായി നടന്നുവരുന്നു. നെല്ലിപ്പള്ളിയിലെ ഒരു യക്ഷി കഥ അടുത്തതിൽ. സന്ദർശിക്കുവിൻ! മോഡേൺ ഹോട്ടൽ; എവിടെ? പുനലൂർ ജംഗ്ഷൻ. ഒരു സ്വർണ്ണകടക്കാരൻെറ പിച്ചള വ്യാപാരം അടുത്തതിൽ.

അഞ്ചൽ —സ്ഥലത്തെ ഏററവും നല്ല തിയേററർ ഏതു്? ജയമോഹൻ. ഹോട്ടൽദർനാ ഭംഗിയായി നടക്കുന്നു. ഇലംതുക്കാരിമിഡ്വൈഫിൻെറ ഏത്ര സഞ്ചാരം രസമുള്ളതാണ്.

ഹരിപ്പാട്:—ഡി. ആശുപത്രിയിലെ ഡാക്ടർ സ്വാമിയുടെ ചികിത്സ രസമുള്ളതാണ്. കമലാക്ഷി 25 വയസ്സ് എന്താ സുഖക്കേടു ലജ്ജിക്കാതെ പറയൂ എനിക്കു വേറെ ജോലിയുണ്ടു്. ങ്ദ്ാ.

തട്ടാരമ്പലം:—വിജയാഫാർമസിയുടെ പ്രവർത്തനം വിജയകരമായി നടന്നു വരുന്നു.

മാവേലിക്കര:—ഡി. ആശുപത്രിയിലെ ഡാക്ടർ ശ്രീ. സുകുമാരപിള്ളയുടെ സേവനം രോഗികൾക്കൊരു അനുഗ്രഹമാണ്.

കീരിക്കാട്—ഒരു കുബേര കുമാരൻെറ പത്തിയൂർ സഞ്ചാരം മററതിനല്ലെന്നു മനസ്സിലായി.

കലവൂർ—വികടകേസരിയുടെ ഏജൻറായി മി. ടി. കെ. വേലായുധനെ നിയമിച്ചിരിക്കുന്നു.

കൊച്ചി—നടയിൽ അമ്പലത്തിനു സമീപം ഏ. ആർ. ഡി. 610 ലെ കുഴപ്പങ്ങൾ വഴിയേ. ജയലക്ഷ്മി ടാക്കീസ് മാനേജരുടെ അസമയ സഞ്ചാരം വിസ്തരിച്ചുടുത്തതിൽ.

എറണാകുളം-പച്ചാളം റോഡിൽ നിന്നും സൗത്തിൽ റോന്തു ചുററുന്ന ഒരു പുഷ്പലതയുടെ പുഷ്പരഹസ്യം മനസ്സിലായി.

ചേർത്തല-സോമാവാച്ച് കമ്പനിയിലെ ദേശീയവഴക്ക് മതസമ്മേളനമായി കുഴയുന്നതു കത്തികുത്തിൽ അവസാനിക്കുമോ?

ആലപ്പുഴ-മുല്ലയ്ക്കൽ വാർഡിലെ ചില ഒയത്താപ്പിളിക്കേഷൻ വേലത്തരങ്ങൾ വരുന്നു. പച്ചക്കറി സാധനങ്ങൾക്കു കല്ലൻ റോഡിൽ മി. ഗോവിന്ദൻ നായരെ സമീപിക്കുവിൻ. ഫാക്ടറിവാർഡിലെ ഒരു ഫാക്ടറി യക്ഷിയുടെ ഉപദ്രവം വർദ്ധിച്ചു വരുന്നതായി ചൂങ്കം ലബ്ബ പറഞ്ഞു മനസ്സിലായി. ജട്ടിയിൽ ശ്രീകൃഷ്ണഭവൻ ഭംഗിയായി നടന്നുവരുന്നു. ഒരു അഡ്വക്കേററിൻെറ ഡിമാലഗുണ്ടൻ രഹസ്യം അടുത്തതിൽ. ചക്കാത്തു വായനക്കാർ പെരുകുന്നു. കാശും കൊടുക്കണേ! ഒരു സിനിമാനടിക്കു പററിയ അമിളി വിസ്തരിച്ച് അടുത്തതിൽ. പത്മാകേഫ് അഭിവൃദ്ധിയിൽ തന്നെ. ഭീമാ & ബ്രദേഴ്സിൽ പരിപൂർണ്ണ ഉത്തരവാദിത്വമുള്ള സ്വർണ്ണ ഉരുപ്പടികൾ കുന്നുകുന്നായി വന്നു മറിയുന്നു.

ആയൂർ:—പുതിയ ഫാക്ടറി മാനേജരുടെ "വാച്ചർ ഹൗസി" ലെ ശാപ്പാട്ടും വാമഭാഗവശീകരണവും വശക്കേടായി പരിണമിക്കുമെന്നു കൊച്ചുമ്മൻ പറയുന്നു. കമ്പക്കോട്ടു കുഞ്ഞൂഞ്ഞിൻെറ "മത്സ്യഗന്ധി" പ്രണയകഥ ഒരു ചന്തസംസാരവിഷയമാണുപോൽ! പക്ഷേ ആ പോക്കുവരവിൽ അമളിപററാതെ പാവം സൂക്ഷിച്ചില്ലെങ്കിൽ!

കേരളപുരം:—സ്ഥലത്തെ എം. പി. ജി. ബ്രാഞ്ചിലെ അധികാരികളിൽ ചിലക്ക് മുലയും തലയുമുള്ള പെൺപിള്ളരെ കണ്ടിട്ടു ചെറിയ ഒരു ഹാലിളക്കം. അതിൽ പലരുമുണ്ടു്. എങ്കിലും വാസുപിള്ളയ്ക്കാണെന്നാണ് കൂടുതൽ രോഗമെന്ന് അന്വേഷണത്തിലറിയുന്നതു്. നാറേ... ... ദാ. സൂക്ഷിച്ചോ.

മാമൂട്—പോങ്ങുവിളയിൽ പരമുപിള്ള എന്നൊരാളും ഏതോ ഒരു "കുഞ്ഞുട്ടി" യും തമ്മിൽ അർദ്ധരാത്രിയിൽ പിറുപിറുപ്പ്. ചെറുപ്പക്കാർ അതിന് തടസ്സമുണ്ടാക്കുന്നെന്ന്. പരമുപിള്ള രഹസ്യമെല്ലാം

## കണ്ടുകിട്ടുന്നവർ വിവരമറിയിക്കുക

രസികനിൽ നിന്ന് നീക്കം ചെയ്യുകിലും മര്യാദയ്ക്ക് നടന്നുകൊള്ളാമെന്ന് രേഖാമൂലം ഉറപ്പ് നൽകുകയും കേണുവീണപേക്ഷിക്കയും ചെയ്തതുമൂലം ഈ ജൂൺ 1-ാനു- മുതൽ വികടനിൽ സ്വീകരിച്ച രസികാനുജൻ രാമകൃഷ്ണപിള്ള, അനാശാസ്യമായ പലതും പ്രവർത്തിച്ചശേഷം ഒരു രസീതു് ബുക്കുമായി കടന്നിരിക്കുന്നു. ടിയാനെ കാണുന്നവർ വിവരം അടുത്ത പോലീസ്സ്റ്റേഷനിൽ അറിയിക്കയും വിവരത്തിന് ഞങ്ങൾക്ക് ഒരു കാർഡ് ഇടുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

എന്ന്, മാനേജിംഗ് എഡിററർ,
വികടൻ, തിരുവനന്തപുരം

ഉത്തരവാദിത്വമുള്ള സകലയിനം റഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ
A. ഗോപിനാഥൻെറ ജ്യൂവലറി സന്ദർശിക്കുവിൻ!

വെളിക്കായി കേട്ടോ. പുലക്കുടിലുകളിൽ പണ്ടത്തേപ്പോലെ കളിക്കല്ലേ? പറഞ്ഞേക്കാം.

കന്യാകുമാരി—ഇവിടെ ഒരു ഡംഭാചാരി സ്വയം നേതാവായി വേദാന്ത ഡിണ്ഡിമങ്ങൾ മുഴക്കുന്നു. സ്വന്തംഭാര്യയെന്ന് പറഞ്ഞു് ചില വിദ്വാന്മാർ പല ചരക്കുകളേയുംകൊണ്ടിവിടെ ക്യാമ്പ് ചെയ്യുന്നു. ഇംഗ്ലീഷ്സ്കൂൾ ഹെഡ്മാസ്റ്റർ വലിയ ഇഞ്ചിയാണ്.

ശുചീന്ദ്രം—മന്ത്രിയായി ചിതംബരനാഥനെ എടുത്തതിനേക്കാൾ ടെയിലർ നടരാജനേയോ ആശ്രാമം കൺട്രാക്ടർ നാരായണപിള്ളയേയോ എടുത്തിരുന്നാൽ എത്രയോ നന്നായിരിക്കുമായിരുന്നു എന്ന് പലരും അഭിപ്രായപ്പെടുന്നു. ആയുർവേദ ഗ്രാൻറ്വൈദ്യൻ ഒരു പ്ലാങ്കിയാണ്. വെങ്കിടിയുടെ പൂളവ് ഭൂതപ്പാണ്ടിഗ്രാമത്തിലെ അണ്ഡുപൂളവിനൊപ്പം വരുകയില്ല.

നാഗർകോവിൽ—മന്ത്രി മി. ചിതംബരനാടാർ പല നാടാരോടുകൂടി പലപ്പോഴും സ്റ്റേററ് കാറിൽ കറങ്ങുന്നതു കാണാം. മാർഷൽ നേശമണിക്കായുള്ള സ്റ്റാറവ്യൂപണപ്പിരിവ് അവസാനിച്ചിരിക്കുന്നു. പ്രിൻസിപ്പാൾ മുൻസിപ്പും സാനിട്ടറി സക്കിളാഫീസരും ഒരു സംഗതിയിൽമാത്രം സമന്മാരാണ്. എസ്. എൽ. ബി. സ്കൂൾ ഹെഡ്മാസ്റ്റർ മി. നടരാജപിള്ളക്കു് മലയാളം തിക്തകം. അവ പതും ചെന്ന് പിറ പിറത്ത ഒരു റിട്ട. ഉദ്യോഗസ്ഥനെ കേരളാ ഹിന്ദുമിഷൻ പ്രസിഡൻറായി ഇനിയും വെച്ചുകൊണ്ടിരിക്കുന്നതെന്തിനു്?

തക്കല—വേളിമല കയ്യേറ്റം മേട്ടുക്കട എസ്. പി. യും മറേറജോലി മുറയ്ക്ക് നടത്തിവരുന്നു. റവന്യൂസൂപ്രവൈസർ മന്ത്രിയുടെ എനത്താനെന്ന ഭള്ളിൽ മുറയ്ക്ക് സമ്പാദിച്ചു് തുടങ്ങിയിരിക്കയാണ്. മാടത്തട്ടുവിള പാതിരിയുടെ മാനേജുമെൻറിലുള്ള ഇംഗ്ലീഷ് ഹൈസ്കൂളിൽ മലയാളഭാഷാ ബഹിഷ്ക്കരണത്തിലുള്ള വേലത്തരങ്ങൾ മുറയ്ക്ക് നടക്കുന്നു. എക്സ്. എം. എൽ. സി. മി. ആർ. എസ്. പിള്ള മദ്രാസിൽ സിനിമായ്ക്കു് പോകാനായി തയ്യാറെടുക്കുന്നു. ഐ. ഡി. വിദ്വാൻ മുതലാളിയുടെ കൂട്ടുകാരനായ അററ്റാക്ക്ഷൻ മുതലാളി സമദയാ ചിതംപിള്ളയെ അന്വേഷിച്ചുനടക്കുന്നു.

തിരുവട്ടാർ—ശിവ, ശിവ തിരുവട്ടാറ വൈകുണ്ഠതുല്യം എന്നു് പറഞ്ഞുവന്ന കാലങ്ങളൊക്കെ പമ്പകടന്നു പോയി. ഇവിടത്തെ ജർണലിസ്റ്റന്മാരായ ആർ. പി. തമ്പിയും, സി. എസ്. കുമാരനും തമ്മിൽ ലടയാണെങ്കിലും കുമാറിനു തമ്പിയുടെ അടുത്തെങ്ങാനും ചെല്ലാനുള്ള യോഗ്യതയില്ല. പുതിയ സബ്റജിസ്ട്രാർ നേശമണിസത്തിൻെറ ഒരു പകപ്പാണ്. പുതുമന്ത്രി മി. നാടാരെ കാട്ടാത്തുറയിലെ കുടംപാർട്ടിക്കാർ യേശുക്രിസ്തുവിനെയെന്നപോലെ ആരാധിച്ചാമോദിക്കുന്നു.

കുളച്ചൽ—ആശുപത്രിയിലെ ലേഡി ഡാക്ടരുടെ ഭർത്താവു് ലേഡിയുടെ നിഴലെന്നോണം പിൻതുടരുന്നതിൽ ആശുപത്രിയിൽ ചെല്ലാൻതന്നെപലക്കും ലജ്ജയുണ്ടു്. മുൻസിപ്പാലിററിയിലെ മുസ്ളീം കൌൺസിലർമാരും മുൻസിപ്പൽ കമ്മീഷണരും കീരിയും പാമ്പും പോലാണ്.

തിരുവിതാംകോട്ടു്—മലയാളി വൈരിയായ ഇവിടത്തെ ഒരു അന്തരംകാളി ഡാക്ടരെപ്പററി ഇവിടത്തെ ഇൻഷ്വറൻസ് ജനാബിനു് ഒട്ടും രസമില്ല. കോവിൽവട്ടത്തു് ചില കൊമ്പേറി മൂക്കന്മാരുണ്ടു്.

മണവാളക്കുറിച്ചി—ഹാപ്പ്ക്കിംഗ് വില്യംസ് മണൽ ക്കമ്പനി വക്ക് വാളി പാടിയതു് ബാബു ഇഞ്ചിനീയർ നിമിത്തമാണെന്നു് ചില കൃത്രിമികൾ മണ്ടക്കാട്ടു് പറയുന്നതിലൊരർത്ഥവുമില്ല. വലിയ ലയിപ്പിലിരുന്നിരുന്ന ചെട്ടിയാരും ശേഖരും ഇത്തരത്തിലാകുമെന്നു് പപ്പുപണിക്കർ പോലും വിചാരിച്ചിരുന്നില്ല.

ഇരണിയൽ—അംബരചുംബിയായ മനോഹര സൌധമുള്ള ധനാഢ്യനായ മി. പരുത്തിപ്പുര ഈയിട മദ്രാസിൽ പോകാറില്ല. കമ്പൌണ്ടർ പൊന്നുമുത്തുവിനു് സാനിട്ടറിയിലാണ് "രമ്പലയിപ്പു." നേശമണികാൺഗ്രസ്സിൻെറ സങ്കേതവും, "മലയാളിയേ വെളിയേ പോ, നാലരമൊഴം" വിളി ബാംബുപൊട്ടിപ്പും ഒക്കെ തിങ്കളാഴ്ച ചന്തയിലാണ്. പ്രൈവററ് സിക്രട്ടറി ഘനം അനന്തൻപിള്ള തൻെറ വീരശൂരധീരഘോരാട്ടഹാസസക്കസ്സു വിദ്യകളും ഗ്വാ! ഗ്വാ!! വിളികളും ഒക്കെ പ്രദർശിപ്പിച്ചതു് മി. രാമനാഥപിള്ളയുടെ പൈജാമയിലിവിടെ വെച്ചു് നടന്ന മി. ചിദംബരനാഥൻ കൂടി സന്നിഹിതനായിരുന്ന ഒരു കാപ്പി സപ്ലൈ യോഗത്തിൽ വെച്ചായിരുന്നു.

കുഴിത്തുറ—ഇംഗ്ലീഷ് സ്കൂളിലെ ആൽഫ്രഡ്ഢദ്ധ്യാപകൻ നേശമണിസമാക്കിയതു് പെരും മാഹാണമായ മുൻസിപ്പൽ ചെയർമാനായ മി. വില്യമാണ്. പഞ്ചായത്തു് പ്രസിഡൻറിൻെറ പേരിലുള്ള പരാതിയന്വേഷണം നടത്തിയ ഡിസ്ട്രിക്ട് കളക്ടരുടെ റിപ്പോർട്ടിൻെറ ഫലം എന്തായി എന്നു കുടംപാർട്ടിക്കാരായ നേശമണി ചിദംബരനാഥന്മാരെ ഭയന്നു് ഒന്നും ചെയ്യാത്തതാണോ എന്നും പലരും പറയാൻ തുടങ്ങിയിരിക്കുന്നു.

———

ഉത്തരവാദിത്വമുള്ള സകലയിനം സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥൻെറ
ജൂവലറി സന്ദർശിക്കുവിൻ!

# കൊള്ളാമെടാ കുഞ്ഞങ്കരോ !

തിരുവനന്തപുരം റേഡിയോ നിലയത്തിലെ പ്രക്ഷേപണ പരിപാടി സകല ശ്രോതാക്കൾക്കും കയ്പും കഷായവുമാണെന്നുള്ളതു നാട്ടിൽ പരസ്യമായ രഹസ്യമാണ്. പല ദിനപ്പത്രങ്ങളും മാസികക്കാരും അതു തുറന്നു പറഞ്ഞിട്ടുണ്ട്. സകല മലയാളികളും അതു സമ്മതിക്കുകയും ചെയ്യും. എന്നിട്ട് ആ നിലയക്കാർ അതു് ഒന്നാംതരം കലാപ്രകടനമാണെന്നു ബാലരംഗത്തിലെ പിഞ്ചുപൈതങ്ങളിൽനിന്നും അക്ഷരജ്ഞാനം തികയാത്ത ചില മുത്തമ്മമാരിൽ നിന്നും ഒക്കെ അഭിപ്രായം എഴുതി വാങ്ങി രണ്ടാഴ്ചക്കൊരിക്കൽ വായിച്ചു കേൾപ്പിക്കുന്ന പതിവുണ്ട്. മൂത്തു നരച്ചു കുറെ പച്ച പാതാണികൾ അവിടെ സ്ഥിരം പുള്ളികളാണ്. പ്രോഗ്രാം സ്വീകരിക്കുന്നതിനു ചില പ്രത്യേകതകളുണ്ട്. പല ദിവസവും ഗ്രാമീണപരിപാടിയിൽ സംഭാഷണരംഗം വായിക്കുന്ന താരങ്ങൾക്കും, താമരക്കുട്ടന്മാരിൽ ചിലക്കും, നേരേ കൂട്ടക്ഷരങ്ങൾ വായിക്കാൻ കഴിയാത്തതു് ശ്രോതാക്കൾക്കു നേരിട്ട് അറിയാം. ബോധത്തിനു "ഭോതം" എന്നും നിർബ്ബന്ധത്തിനു "നിർഭന്തം" എന്നും ഉച്ചരിക്കുന്ന പല താരങ്ങളെയും കൂടക്കൂടെ കേൾക്കുന്നുണ്ട്. പാട്ടുകച്ചേരിയും, ചിത്രീകരണവും, കഥാപ്രസംഗവും, പാഠകവും നടത്തുന്നതിൽ വരുന്ന പ്രമാദങ്ങൾ വേണമെങ്കിൽ ഉദാഹരണ സഹിതം ചൂണ്ടിക്കാണിക്കാം. ഇടക്കാലത്തു, ഗ്രാമീണപരിപാടിയിൽ ശങ്കരൻകുട്ടി എന്ന പേരിൽ പ്രത്യക്ഷപ്പെടുന്ന "താരം" ഒരു കഥാപ്രസംഗം നടത്തി. പുരാണകഥയായിരുന്നു. ഇരവാന്റെയും ഘടോൽകചന്റെയും കഥ പറഞ്ഞു. അതിൽ ഇരവാൻ അർജ്ജുനന്റെ മകനെന്നുള്ളതിനു മഹാപരാക്രമിയായ ഭീമസേനന്റെ മകനാണെന്ന് ആവർത്തിച്ചു പറയുന്നതു കേട്ടു. ഇതുപോലെ തന്നെ മറ്റൊരുദിവസം ഒരു മുക്കുവസ്ത്രീയുടെ ഭർത്താവു് മീൻ പിടിക്കാൻ കടലിൽ പോകുന്ന രംഗം കേട്ടു. കടലിന്റെ ക്ഷോഭവും കാററിന്റെ ഗതിയും കണ്ടു ഭാര്യ ഭർത്താവിനെ തടയുന്ന രംഗം അഭിനയിക്കുകയായിരുന്നു. ഭർത്താവു് പോകാൻ തീർച്ചയാക്കിയിട്ട് ഇങ്ങനെപറയുന്നു:—"എന്റെ തങ്കം! ഞാൻ അഞ്ചുദിവസം കഴിഞ്ഞു തിരിച്ചു വരും—തങ്കം ഇങ്ങടുത്തുവാ; അഞ്ചു ദിവസം കഴിഞ്ഞല്ലേ ഇനി കാണാനൊക്കു" എന്നിങ്ങനെ പറഞ്ഞതിനെ തുടന്ന് അല്പനേരം ചില വൃത്തികെട്ട ശൃംഗാരസൂചനകൾ കേൾപ്പിച്ചു. അതു മററു തന്നെ. റേഡിയോയുടെ മുമ്പിൽ ഇരിക്കുന്ന മാനം മര്യാദയുള്ള കുടുംബാംഗങ്ങൾ മഞ്ഞളിച്ചുപോകുന്ന നഗ്നമായ സംഭോഗസൂചന അല്ലേ അതു്. ഇതൊക്കെ കേട്ടു കേട്ടു തഴമ്പിച്ചിട്ടാണ് വികടകേസരി കഴിഞ്ഞലക്കത്തിൽ ഈ നിലയത്തെക്കുറിച്ചു് ഒരു അഭിപ്രായം എഴുതിയതു്. അതു കേട്ടു തിരുവനന്തപുരത്തു നിന്നും പുതുതായി പുറത്തുചാടിയിരിക്കുന്ന ഒരു തനിനിറക്കാരൻ പത്രാധിപക്കു അരിശംകേറി വികടകേസരിയെ പല്ലിളിച്ചു കാണിക്കുന്നു. ഈ കുരങ്ങച്ചനെ ഞങ്ങൾക്കു പായിച്ചുകളയാൻ അറിയാം. നിലയത്തിൽ നിന്നും വല്ല നക്കാപിച്ചായും കിട്ടുന്നുണ്ടെങ്കിൽ വാങ്ങി നക്കിക്കൊണ്ടു മിണ്ടാതിരിക്കണം. കുരങ്ങിന്റെ സ്മാരകമായി ഇറക്കിയിരിക്കുന്ന ഈ "തനിനിറ" മാസിക സിനിമാമാസികയാണുപോലും. സൗന്ദര്യമുള്ള പുരുഷന്മാരെല്ലാം വീട്ടിൽ ചെല്ലണമെന്നു പത്രാധിപർ തന്നെ അതിൽ ഒരു പരസ്യം ചേർത്തിരിക്കുന്നതും ഞങ്ങൾ വായിച്ചു. തൊലി മിനുക്കമുള്ള പല പയ്യന്മാരുടെയും ഫോട്ടോകളും അടിച്ചിറക്കിയിരിക്കുന്നു. മററുള്ളവർ മുഖേന നല്ല സന്താനങ്ങളെ ഉല്പാദിപ്പിച്ചു് അവയുടെ പിതാവാണെന്നു ഞെളിയാൻ ഒരാൾക്കു് ആഗ്രഹം തോന്നുന്നതു കലാവാസന മൂലമാണെങ്കിൽ ആ കലാനിലയക്കാരന്റെ നിലയത്തിൽ നല്ല ജനസ്വാധീനത്തിനു സകല ന്യായവും ഉണ്ട്. വീട്ടിൽ എപ്പോഴും നല്ല ആളുകൾ വന്നും പോയും നില്ക്കുന്നതു് അഭിമാനിക്കത്തക്ക കാര്യമാണല്ലോ. ഇതൊക്കെ കണ്ടാൽ വികടകേസരിക്കു പറയാനുള്ളതു് "കൊള്ളാമെടാ കുഞ്ഞങ്കരോ" എന്നു മാത്രമാണ്.

തനിനിറത്തിനു മംഗളമാശംസിക്കുന്നു.

—*—

## കൈപ്പററി

കേംബ്രിഡ്ജ് കാളേജ്മാസിക മാററത്തിനും അഭിപ്രായത്തിനുമായി അയച്ചുതന്നതു് നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു. അഭിപ്രായം അടുത്ത ലക്കത്തിൽ.

പത്രാധിപർ.

VISIT
BHIMA & BROTHER
JEWELLERS
ALLEPPEY

ഉത്തരവാദിത്വമുള്ള സകലയിനം റഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പറവൂർ
A. ഗോപിനാഥന്റെ ജ്യൂവലറി സന്ദർശിക്കുവിൻ!

# തിരു-കൊച്ചിയിലെ പത്രങ്ങളുടെ
# മരണപട്ടിക

തിരു-കൊച്ചി സംയോജനത്തോടുകൂടി ഇവിടെ ഈയാംപാററകളെപ്പോലെ മാരണങ്ങളായ ചില പത്രമാസികൾക്കു ഗർഭം ധരിക്കേണ്ടിവന്നിരുന്ന ഒരു സമയമുണ്ടായിരുന്നു. ചിലതെല്ലാം ഉല്പാദന സമയത്തുതന്നെ അലസി പോയിട്ടുണ്ട്. ചിലതു് അവയവങ്ങൾ തോററുന്നതിനു മുൻപു് ചാപിള്ളയായിട്ടുണ്ട്. കുറേ എണ്ണത്തിനെ പരിപൂർണ്ണ ആരോഗ്യവാന്മാരായിതന്നെ പ്രസവിച്ചു. പക്ഷെ ഇതുങ്ങളുടെ ജനനം എല്ലാം ഏഴരാണ്ടശനിയിലും, രാഹുവിൻെറ അപഹാരത്തിലും, കേതുവിൻെറ ഉച്ചത്തിലും, ആദിത്യ ചന്ദ്രന്മാർ ചൊവ്വായോടു യോജിച്ചുനിന്നതുകൊണ്ടു്, ഇവററകൾക്കൊന്നിനും ബാലാരിഷ്ടതകൾ കഴിയാൻ സാധിച്ചില്ല. ചൊറി, ചിരങ്ങു്, കരപ്പൻ എന്നീ സാംക്രമിക രോഗങ്ങൾ പിടിപെട്ടു് ബാല്യത്തിൽ തന്നെ മരണം അടയേണ്ടി വന്നിട്ടുണ്ട്.

വ്യക്തിപരമായി ആരെയെങ്കിലും ചീത്തപറയണമെന്നു വിചാരിക്കുന്നവർ അവരുടെ പത്രമാകുന്ന ഗർഭപാത്രത്തിനകത്തു് ഒരു പത്ര ശിശുവിനെ ഒരു രാത്രികൊണ്ടു സംയോഗം നടത്തി പിറേറദിവസം രാവിലെയുള്ള ശുഭമുഹൂർത്തത്തിൽ പ്രസവം നടത്തും. ഇതുങ്ങൾക്കു് പ്രസവവേദന എന്തെന്നോ, ഏതുവിധത്തിലാണു് ഈ ശിശുവിനെ വളർത്തുന്നതെന്നോ അറിയാൻ വയ്യ. അങ്ങേയററം ഒന്നര കൊല്ലത്തിനകം ആ ശിശു അകാലമരണമടയുകയും ചെയ്യും. ഇത്രയും പറഞ്ഞു പോയതിൽ "വികടകേസരി"യുടെ ചിത്രഗുപ്തനോടാരും കോപിക്കരുതെന്നു് അപേക്ഷ.

| പേരു് | വയസ്സ് | ജനനസ്ഥലം |
|---|---|---|
| ജയകേസരി | ഒരുമാസം | തിരുവനന്തപുരം |
| തമാശ്-വീക്കിലി | ,, | ,, |
| ഫാർവേഡ് | ഒന്നരമാസം | ,, |
| മിന്നൽകൊടി | ഒരുകൊല്ലം | തിരുവനന്തപുരം |
| വിശ്വാമിത്രം | രണ്ടുകൊല്ലം | ,, |
| മുന്നണി | മൂന്നുമാസം | ,, |
| സ്വാതന്ത്ര്യകാഹളം | ഒരുകൊല്ലം | ,, |
| അരുണോദയം | അരിഷ്ടിച്ചു് 6 മാസം | ,, |
| ഭാരതകേസരി | പതിനൊന്നുമാസം | ,, |
| ആൻറികറപ്ഷൻ | 4മാസം | ,, |
| യുവശക്തി | 2കൊല്ലം അരിഷ്ടിച്ചു്. | കുഴിത്തുറ |
| ഗ്രാമസ്വരാജ് | 3 കൊല്ലം | ചങ്ങനാശ്ശേരി |
| തിരമാല | 4മാസം | ചെങ്ങന്നൂർ |
| സ്വാതന്ത്ര്യകേരളം | 1 കൊല്ലം | വക്കം |
| തോട്ടംതൊഴിലാളി | വീക്കിലി 3 വാരം | ആയൂർ |
| മസ്ദൂർ (തൊഴിലാളി) | രണ്ടുവാരം | തിരുവനന്തപുരം |
| ബോറൻ | ഒരുമാസം | കായംകുളം |
| രാജ്യാഭിമാനി | മൂന്നാഴ്ച മാസികകൾ | ഓച്ചിറ |
| കാഴ്ചദശി | 1മാസം | കരുവാററാ |
| യുവസരസൻ | 5 മാസം | ആററങ്ങൽ |
| ആർഷഭൂമി | 6 ,, | ,, |
| പ്രകാശം പ്രതിപക്ഷം | 3മാ൩ം | തിരുവനന്തപുരം |
| ജനകീയം | മൂന്നുമാസം | കൊല്ലം |
| വാണക്കുററി | ,, | കോട്ടയം |
| ചിരി | ,, | ,, |
| ബഹദൂർ | 6മാസം | ,, |
| മോഹിനി | 3 ,, | ചങ്ങനാശ്ശേരി |
| നന്ദിനി | 3 ,, | മുണ്ടക്കയം |
| സഹപാഠി | 1 കൊല്ലം | ആലപ്പുഴ |
| സംഘടന | 2മാസം | ,, |
| മനുഷ്യൻ | 2 ,, | കായംകുളം |
| നാവികൻ | 4 ,, | ,, |


## സ്പെഷ്യൽ അജമാംസ രസായനം

നഷ്ടപ്പെട്ട ധാതുക്കളെ വീണ്ടെടുത്തു യുവത്വം നിലനിർത്തുന്നതിനു അത്യുത്തമം. റാത്തൽ ഒന്നുക്കു് വില രൂപാ 6 മാത്രം. വി. പി. യായി ആവശ്യപ്പെടുന്നവർ മൂന്നിലൊന്നു വില അഡ്വാൻസായി അയക്കേണ്ടതാണ്.

പി. എസ്. വൈദ്യശാല, മുല്ലയ്ക്കൽ, ആലപ്പുഴ.

ഉത്തരവാദിത്വമുള്ള സകലയിനം സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥൻെറ ജ്വൂവലറി സന്ദർശിക്കുവിൻ!

| | | |
|---|---|---|
| ദീപ്രാക്ക് | 1 മാസം | കായംകുളം |
| മാരുതി | 2 ,, | ഹരിപ്പാട്ട് |
| പുതുമ | 1 മാസം | ചങ്ങനാശ്ശേരി |
| ജനരാജ് | 1 ,, | മുതുകുളം |
| വാസന്തി | 2 ,, | കോട്ടയം |
| ഉഷസ്സ് | 3 ,, | നെടുമങ്ങാട്ട് |
| ചെങ്കൊടി | 1 കൊല്ലം | തിരുവനന്തപുരം |
| പുഞ്ചിരി | 1 ,, | തിരുവല്ലാ |
| മന്മഥൻ | 2 മാസം | ചങ്ങനാശ്ശേരി |
| അമ്മാവൻ | 11 മാസം | മൂവാററുപുഴ |
| ഏകലോകം | 2 കൊല്ലം | കൊട്ടാരക്കര |
| ഗ്രാമീണൻ | ഒരു കൊല്ലം 3 മാസം | പുനലൂർ |
| ജയപതാക | 3 മാസം | നേമം |
| തത്വവാദി | 7 ദിവസം | തിരുവനന്തപുരം |
| സമൂഹം | 5 മാസം | ,, |
| വസ്തുമുന്നേററം | 2 ,, | ,, |
| സാഹിതി | 2 ,, | ,, |
| ഷാഡോ | 5 ,, | എറണാകുളം |
| ടോക്കി | 1 കൊല്ലം | കോട്ടയം |
| ടോക്കിസിനിമാ | 11 മാസം | കൊച്ചി |
| മിന്നൽ | 3 ,, | എറണാകുളം |
| കേരളസിനിമാ | 3 ,, | ,, |
| ഫിലിംകേരളാ | 3 ,, | ,, |
| ആഹ്വാനകാഹളം | 6 ,, | തിരുവനന്തപുരം |
| വിമർശകൻ | 3 മാസം | കോട്ടയം |
| ചിത്രോദയം | 4 ,, | ,, |
| പ്രബോധിനി | 2 ,, | ,, |
| തൂലിക | 4 ,, | മയ്യനാട്ട് |
| കാഥികൻ | 4 ,, | എറണാകുളം |

(തുടരും)

—✱—

# വിവാഹമംഗളാശംസ.

ശ്രീ: മള്ളൂർ ഗോവിന്ദപ്പിള്ളയുടെ ദൌഹിത്രിയും ഗവമ്മെൻറ് പ്ലീഡർ ശ്രീ: മള്ളൂർ രാമചന്ദ്രൻനായർ അവർകളുടെ പുത്രിയുമായ ശ്രീമതി കുമാരിഗംഗയും കോന്നി മണ്ണഞ്ചേരിവീട്ടിൽ ശ്രീമാൻ എം. രാഘവൻ നായർ അവർകളുടെ പുത്രൻ ആൾഇൻഡ്യാ റേഡിയോ പ്രോഗ്രാം അസിസ്റ്റൻറ് ശ്രീ. ആർ. നരേന്ദ്രനാഥ് ബി. എസ്. സി. ബി. എൽ—ം തമ്മിലുള്ള വിവാഹം വധൂഗൃഹമായ തിരുവനന്തപുരം വെള്ളയമ്പലം പാർവ്വതിവിലാസത്തിൽവച്ചു 1127 മിഥുനം 30-ാം തീയതി രാവിലെ 10 മണിക്കുമേൽ 11 മണിക്കകമുള്ള ശുഭമുഹൂത്തത്തിൽ അനവധി പ്രശസ്താതിഥികളുടെ മഹനീയ സാന്നിദ്ധ്യത്തിൽ സമംഗളം നടന്നിരിക്കുന്നു. നവദമ്പതികൾക്കു് അനവധി വിലപിടിപ്പുള്ള പാരിതോഷികങ്ങളും ലഭിക്കുകയുണ്ടായി. വധൂവരന്മാക്കു വികടകേസരിയുടെ ആശംസകൾ.

പ്രസിദ്ധ അഭിഭാഷകനായ ശ്രീ. വി. നാഗപ്പൻനായരുടെ അനന്തിരവളും, പ്രൊഫസ്സർ എസ്. എസ്. ഭാരതിയുടെ പുത്രിയുമായ ശ്രീമതി എസ്. മീനാക്ഷിയും, കണ്ണൻമൂല വെട്ടുവിളവീട്ടിൽ ശ്രീമാൻ എൻ. ബാലകൃഷ്ണപിള്ള അവർകളുടെ പുത്രൻ ശ്രീ. ബി. നാരായണൻനായരും തമ്മിലുള്ള വിവാഹം 1127 മിഥുനം 27-ാംനു വ്യാഴാഴ്ച രാവിലെ ആറരമണിക്കുമേൽ ഏഴുമണിക്കകമുള്ള ശുഭമുഹൂത്തത്തിൽ വധൂഗൃഹമായ പട്ടം ശാരദാവിലാസത്തിൽവെച്ചു് കെങ്കേമമായി നടന്നിരിക്കുന്നു. നവദമ്പതികൾക്കു ഞങ്ങൾ മംഗളം ആശംസിക്കുന്നു.

—o—


## പരിപൂൎണ്ണ ഉത്തരവാദിത്വം

ദിവസങ്ങൾ നീങ്ങുംതോറും പരിഷ്കാരങ്ങളും വദ്ധിക്കുന്നു. ഞങ്ങളുടെ സ്ഥാപനത്തിൻെറ പോക്കും അങ്ങനെ തന്നെ. സ്വർണ്ണം, വെള്ളി ഇവകൊണ്ടു നിമ്മിക്കുന്ന സകലയിനം സ്വർണ്ണാഭരണങ്ങളും ആർഡറുകൾ അനുസരിച്ചു് കൃത്യനിഷ്ഠയോടുകൂടി ഇവിടെ നിന്നും കിട്ടുന്നതാണു്.

P. S. റെഡിമെയിഡു് ഉരുപ്പടികളും വില്പനയ്ക്കു തയാർ.

പ്രൊ: ജനാബ് P.M. ഉമ്മർലബ്ബ

ഫോൺ നമ്പർ 263

കൊല്ലത്തു വന്നു ചേന്നു

## പുതിയതരം കുടകൾ

വളരെക്കാലം ഉപയോഗിക്കാമെന്നുള്ളതും വില കുറവുള്ളതും ഭംഗിയേറിയതുമായ പലതരം കുടകൾ വന്നു ചേന്നിരിക്കുന്നു. ഉടൻ അന്വേഷിക്കുക.

വി. കുട്ടൻപിള്ള, കുടവ്യാപാരം,
വടയാററുകോട്ട—കൊല്ലം.

ഉത്തരവാദിത്വമുള്ള സകലയിനം റഡിമെയിഡ് സ്വർണ്ണാഭരണങ്ങൾക്കും S. പരവൂർ A. ഗോപിനാഥൻെറ ജ്യൂവലറി സന്ദർശിക്കുവിൻ!

## ജൂൺ 20-ാംതീയതി മുതൽ

കേരളത്തിലെ പ്രധാനകേന്ദ്രങ്ങളിൽ

പ്രദർശനമാരംഭിച്ചിരിക്കുന്നു

അശോകാ പിക്ചേഴ്സ്

# എൻ തങ്കൈ

(തമിഴ്)

മാധുരിദേവി, എം. ജി. രാമചന്ദ്രൻ, പി. എസ്.
ഗോവിന്ദൻ, നരസിംഹഭാരതി, എസ്. ആർ.
ജാനകി, സുശീല, മുതലായവർ നടിച്ചതു്.

# Radhakrishna Films Ltd,
# Release.

Reg. No: M. 5922 VIKATAKESARY Dated 2[illegible]-9-1949


# A.S.S. മാർക്

# നാടൻ

# നശ്യം

പാലസ്‌റോഡ് — ആലപ്പുഴ

പ്രൊ:— A. S. S. നാടാർ.


Edited Printed and Published by Ulloor R. Krishnan Nair at the Bharathy Printing Works, Kythamukku, Tvm.